# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ .ഡബ്ല്യു.വൈ.ഡി -ഇ3-133/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 17/03/2023
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്

2.അസി. ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) വയനാട്

3.ഓഫീസ് പകർപ്പ്

നമ്പർ: കെ.എസ്.എ .ഡബ്ല്യൂ.വൈ.ഡി -ഇ3-133/2023 തീയ്യതി: 17/03/2023

## വയനാട് ജില്ലയിലെ കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2023 മുതൽ 30-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| വസന്ത.പി.എസ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 01-01-2023 | 13-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 31-01-2023 | 13-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ലീലാകൃഷ്ണൻ നന്ദനത്ത് മഠം, ഓഡിറ്റ് ഓഫീസർ (31.01.2023 മുതൽ 04.02.2023 വരെ മാത്രം)
ശ്രീമതി ബിന്ദു കെ. കെ., അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. സമീർ എം., അസി. ഓഡിറ്റ് ഓഫീസർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| നസീമ ടീച്ചർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| സിറിയക് ടി കുര്യാക്കോസ് | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സിറിയക് ടി കുര്യാക്കോസ് | സെക്രട്ടറി | 01-04-2021 | 31-03-2022 |
| ബാബുരാജൻ എം.എൻ | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ഷെറിൻ ജോസഫ് | സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ വൈത്തിരി | 01-04-2021 | 31-03-2022 |
| ഡോ.വിൻസെന്റ് ജോർജ്ജ് | സി.എച്ച്.സി, തരിയോട് | 01-04-2021 | 31-03-2022 |
| ഡോ.ഷാഹിദ്.ടി.പി | സി.എച്ച്.സി, മേപ്പാടി | 01-04-2021 | 31-03-2022 |
| കാർത്തിക അന്ന തോമസ് | ശിശു വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ജോൺ വർഗ്ഗീസ് | ക്ഷീര വികസന ഓഫീസർ | 01-04-2021 | 14-11-2021 |
| | | 01-02-2022 | 31-03-2022 |
| നിഷാദ്.വി.കെ | ക്ഷീര വികസന ഓഫീസർ | 15-11-2021 | 31-01-2022 |
| നയനാരാജ് | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ബാബുരാജ് .ബി.ആർ | അസി.എക്സി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| അയ്യപ്പൻ.എൻ | വ്യവസായ വികസന ഓഫീസർ | 01-04-2021 | 08-09-2021 |
| ഷീബ മുല്ലപ്പള്ളി | വ്യവസായ വികസന ഓഫീസർ | 09-09-2021 | 31-03-2022 |
| മമ്മൂട്ടി.കെ | കൃഷി അസി.ഡയറക്ടർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ് | 1-1 |
| 2 | ബഡ്ജറ്റ് തയ്യാറാക്കിയതിൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. | 1-1-1 |
| 3 | ബജറ്റ് അയച്ചുകൊടുത്തിട്ടില്ല. | 1-1-2 |
| 4 | ബജറ്റ് വാസ്തവികമല്ല. | 1-1-3 |
| 5 | വാർഷികധനകാര്യപത്രിക | 1-2 |
| 6 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 7 | ഫണ്ട് വിനിയോഗം | 1-4 |
| 8 | പദ്ധതി അവലോകനം | 1-5 |
| 9 | ക്യാഷ് പരിശോധന | 1-6 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-7 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 12 | വാർഷിക കണക്കുകളിലെ അപാകങ്ങൾ | 1-9 |
| 13 | ആസ്തി രജിസ്റ്റർ, റോഡ് കണക്റ്റിവിറ്റി മാപ്പ് എന്നിവ കാലികമാക്കിയിട്ടില്ല. | 1-10 |
| 14 | നിർവഹണോദ്യോഗസ്ഥർ ക്യാഷ്ബുക്ക് സൂക്ഷിക്കുന്നതിൽ അപാകതകൾ | 1-11 |
| 15 | ഭിന്നശേഷിയുള്ളവർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ - ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിലെ അപാകങ്ങൾ | 1-12 |
| 16 | അങ്കണവാടി കെട്ടിടങ്ങൾ സ്മാർട്ട് ആക്കൽ | 1-13 |
| 17 | സി.ഡി.പി.ഒ ഓഫീസുകളിലേക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ - മെഷീൻ ലഭിക്കാത്തത് | 1-14 |
| 18 | ഓഫീസ് ലാൻവയറിംഗ് ഇ.പി.ബി.എക്സ് സംവിധാനം ഒരുക്കൽ- ചെലവഴിക്കാത്ത തുക തിരികെ ലഭിച്ചില്ല. | 1-15 |
| 19 | പൊതുമരാമത്ത് മേഖലയിലെ പദ്ധതിരൂപീകരണവും നടത്തിപ്പും -അപാകതകൾ | 1-16 |
| 20 | കുടിവെള്ളപദ്ധതികൾ ഏറ്റെടുക്കുന്നതിൽ അപാകത. | 1-17 |
| 21 | കാപ്പുംകുന്ന് എസ്.സി കോളനി കുടിവെള്ളപദ്ധതി-ഇലക്ട്രിഫിക്കേഷന് വകയിരുത്തിയ തുക ചെലവഴിച്ചില്ല-പദ്ധതി പ്രവർത്തനക്ഷമമായില്ല. | 1-18 |
| 22 | ചീരാൻപൊയിൽ കോളനി കുടിവെള്ളപദ്ധതി-കാപ്പിക്കളം-വിശദവിവരങ്ങൾ ഇല്ല. | 1-19 |
| 23 | ഉടമസ്ഥത ഉറപ്പാക്കാത്ത പദ്ധതികൾക്ക് തുക ചെലവഴിച്ചു. | 1-20 |
| 24 | ഏലവയൽ മുസ്ലീം പള്ളിക്ക് സമീപം കുടിവെള്ളപദ്ധതി-ഇലക്ട്രിഫിക്കേഷന് വകയിരുത്തിയ തുക ചെലവഴിച്ചില്ല-പദ്ധതി പ്രവർത്തനക്ഷമമായില്ല. | 1-21 |

| | | |
|---|---|---|
| 25 | ഹോസ്പിറ്റൽകുന്ന് കുടിവെള്ളപദ്ധതി-ഇലക്ട്രിഫിക്കേഷന് തുക വകയിരുത്താത്തതിനാൽ 396238 രൂപ പാഴായി. | 1-22 |
| 26 | വെങ്ങിലേരിമുക്ക് എസ്.ടി കോളനി കുടിവെള്ളപദ്ധതി പദ്ധതി ആസൂത്രണത്തിലും നടപ്പാക്കലിലും പിഴവുകൾ- 917527 രൂപയുടെ പാഴ് ചെലവ്. | 1-23 |
| 27 | കോട്ടത്തറ ഗ്രാമപഞ്ചായത്ത് ഓഡിറ്റോറിയം പണിയാൻ തുക നൽകി-നാളിതുവരെ പൂർത്തീകരിച്ചില്ല. | 1-24 |
| 28 | നിബന്ധനകൾ പാലിക്കാതെ പകൽവീടുകളുടെ നിർമ്മാണം ഏറ്റെടുക്കുന്നതിനാൽ നിഷ്ക്രിയാസ്തികൾ വർദ്ധിക്കുന്നു. | 1-25 |
| 29 | അരമംഗലം അങ്കണവാടിക്ക് മുകളിൽ പകൽവീട്-ഫണ്ട് ദുരുപയോഗം | 1-25-1 |
| 30 | ചേര്യംകൊല്ലി എസ് റ്റി കോളനി കുടിവെള്ള പദ്ധതി പൂർത്തീകരണം-ചെയ്യാത്ത പ്രവൃത്തിക്ക് തുക അനുവദിച്ചു- പദ്ധതി പണം പാഴായി | 1-26 |
| 31 | ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് റോഡ് കോൺക്രീറ്റ് - ബ്ലോക്ക് പഞ്ചായത്ത് ആസ്തിയിൽ പെടാത്ത സ്വകാര്യ റോഡിൽ കോൺക്രീറ്റ് പ്രവൃത്തി നടത്തി | 1-27 |
| 32 | 12 ലക്ഷം രൂപ വകയിരുത്തിയിട്ടും ഷീ ലോഡ്ജ് പ്രവർത്തനക്ഷമമാക്കിയില്ല. | 1-28 |
| 33 | തണൽ വൃദ്ധസദനം-33 .64ലക്ഷം രൂപ ചെലവഴിച്ചിട്ടും പദ്ധതി യാഥാർത്ഥ്യമായില്ല. | 1-29 |
| 34 | റോഡ് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ അപാകതകൾ | 1-30 |
| 35 | പ്രോജക്ടുകളുടെ ഫയലുകൾ ക്രമീകരിച്ച് സൂക്ഷിച്ചിട്ടില്ല | 1-31 |
| 36 | കൂലിച്ചെലവ് സബ്സിഡി- ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് നൽകിയ തുക അക്കൗണ്ടിൽ ക്രഡിറ്റ് ആയില്ല. | 1-32 |
| 37 | നടപടിക്രമങ്ങൾ പാലിക്കാതെ പൊതുമരാമത്ത് പ്രവൃത്തി നടപ്പാക്കി. | 1-33 |
| 38 | സൈറ്റിൽ ലഭ്യമായ മണ്ണിന്റെ അളവ് കുറക്കാത്തതിനാലും കൺസോളിഡേഷൻ കുറക്കാത്തതിനാലും അധികച്ചെലവ് | 1-34 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ഹോസ്പിറ്റൽകുന്ന് കുടിവെള്ളപദ്ധതി-ഇലക്ട്രിഫിക്കേഷന് തുക വകയിരുത്താത്തതിനാൽ 396238 രൂപ പാഴായി. | 3-1 |
| 2 | വെങ്ങിലേരിമുക്ക് എസ്.ടി കോളനി കുടിവെള്ളപദ്ധതി പദ്ധതി ആസൂത്രണത്തിലും നടപ്പാക്കലിലും പിഴവുകൾ- 917527 രൂപയുടെ പാഴ് ചെലവ്. | 3-2 |
| 3 | ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് റോഡ് കോൺക്രീറ്റ് - ബ്ലോക്ക് പഞ്ചായത്ത് ആസ്തിയിൽപെടാത്ത സ്വകാര്യ റോഡിൽ കോൺക്രീറ്റ് പ്രവൃത്തി നടത്തി | 3-3 |

| | | |
|---|---|---|
| 4 | സൈറ്റിൽ ലഭ്യമായ മണ്ണിന്റെ അളവ് കുറക്കാത്തതിനാലും കൺസോളിഡേഷൻ കുറക്കാത്തതിനാലും അധികച്ചെലവ് | 3-4 |
| 5 | ചേര്യംകൊല്ലി എസ് റ്റി കോളനി കുടിവെള്ള പദ്ധതി പൂർത്തീകരണം- ചെയ്യാത്ത പ്രവൃത്തിക്ക് തുക അനുവദിച്ചു- പദ്ധതി പണം പാഴായി | 3-5 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-4 |
| 5 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-5 |
| 6 | ഓഡിറ്റ് പ്രത്യവലോകനം | 4-6 |
| 7 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-7 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | Abstract Of Annual Financial Statment | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബഡ്ജറ്റ്

കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വർഷത്തെ ബഡ്ജറ്റ് 19.02.21 ലെ 2/01-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. റിവൈസ്ഡ് ബഡ്ജറ്റ് 26.02.22 ലെ 1/2 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

ബഡ്ജറ്റ് പ്രകാരമുള്ള വരവ് ചെലവുകൾ ഇപ്രകാരമാണ്.

| ഇനം | തുക |
|---|---|
| മുൻബാക്കി | 0 |
| വരവ് | 11,40,88,000 |
| ആകെ | 11,40,88,000 |
| ചെലവ് | 10,81,52,771 |
| നീക്കിബാക്കി | 59,35,229 |

### 1-1-1 ബഡ്ജറ്റ് തയ്യാറാക്കിയതിൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ ബജറ്റ് തയ്യാറാക്കിയതിൽ നടപടികൾ പാലിച്ചതായി കാണുന്നില്ല. ബജറ്റ് പ്രക്രിയ സ്ഥാപനത്തിന്റെ ചുണകളിലൊന്നായതിനാൽ 1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം വകുപ്പ് 214 ഉം അനുബന്ധചട്ടങ്ങളും അനുസരിച്ച് ക്രമാനുഗതമായ നടപടികൾ പൂർത്തീകരിച്ച് വേണം ബജറ്റ് തയ്യാറാക്കാൻ. ബഡ്ജറ്റ് തയ്യാറാക്കുന്നതിന് മുൻപ് വാർഷിക പദ്ധതി തയ്യാറാക്കിയതായോ , പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം മേഖലാതല ഫണ്ട് വിഭജനവിവരങ്ങൾ തയ്യാറാക്കിയതായോ കാണുന്നില്ല. വകുപ്പ് 214(1) പ്രകാരം വാർഷികപദ്ധതി ബജറ്റിൽ ഉൾപ്പെടുത്തേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള സ്ഥാപനമേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചതായി കാണുന്നില്ല. നിർവഹണോദ്യോഗസ്ഥരോടും വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളോടും ബഡ്ജറ്റ് തയ്യാറാക്കുന്നതിനുവേണ്ടിയുള്ള വിവരങ്ങൾ ആവശ്യപ്പെട്ടതിന്റെ വിവരങ്ങളും ലഭിച്ചിട്ടില്ല. ഘടകസ്ഥാപനമേധാവികളുടെ യോഗം വിളിച്ചതായി കാണുന്നില്ല.സെക്രട്ടറി ,വിവിധ ഓഫീസ് തലവൻമാർ യോഗം ചേർന്ന് ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കി അതാത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സ്റ്റാൻഡിങ്ങ് കമ്മിറ്റികൾക്ക് നൽകുകയും ഇവ അതാത് സ്റ്റാൻഡിങ്ങ് കമ്മിറ്റികൾ പരിശോധിച്ച് , ജനുവരി 15 ന് മുമ്പ് ബഡ്ജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിങ്ങ്കമ്മിറ്റിക്ക് നൽകണമെങ്കിലും അപ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ഉദ്യോഗസ്ഥർ നിർദ്ദേശങ്ങൾ സമർപ്പിച്ചതായോ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ഇവ പരിശോധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് ബഡ്ജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിക്കുകയോ ചെയ്തതായി രേഖകളിൽ കാണുന്നില്ല.വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ബഡ്ജറ്റ് പ്രോപ്പോസലുകൾ ചർച്ച ചെയ്തതായോ ക്രോഡീകരണം നടത്തിയതായോ കാണുന്നില്ല .ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി അന്തിമപ്രൊപ്പോസൽ തയ്യാറാക്കിയതിന്റെ രേഖകളും ഓഡിറ്റിന് ലഭിച്ചിട്ടില്ല.

### 1-1-2 ബജറ്റ് അയച്ചുകൊടുത്തിട്ടില്ല.

ബ്ലോക്ക് പഞ്ചായത്ത് അംഗീകരിച്ച ബജറ്റ് സംസ്ഥാനഓഡിറ്റ് വകുപ്പിലെ ഡെപ്യൂട്ടിഡയറക്ടർ ഉൾപ്പെടെയുള്ള അധികാരികൾക്ക് സമർപ്പിക്കുകയും നോട്ടീസ്ബോർഡുകളിലും വെബ്സൈറ്റിലും 15 ദിവസത്തിനുള്ളിൽ പ്രസിദ്ധപ്പെടുത്തുകയും വേണ്ടതായിരുന്നുവെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

### 1-1-3 ബജറ്റ് വാസ്തവികമല്ല.

കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് 3-ാം ഉപവകുപ്പ് പ്രകാരം വരവുകളുടെ മതിപ്പ് വാസ്തവികമായിരിക്കേണ്ടതാണ്. മുൻവർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു വ്യതിയാനത്തോടൊപ്പവും വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ തൻവർഷത്തെ

ബഡ്ജറ്റ് യഥാർത്ഥ വരവുചെലവുകളുമായി വളരെ അന്തരമുള്ളതാണ്.

വാർഷിക കണക്കുകൾ പ്രകാരമുള്ള കണക്കുകൾ

| | |
|---|---|
| മുന്നിരിപ്പ് | ₹3,59,43,091 |
| വരവ് | ₹16,08,69,690 |
| ആകെ | ₹19,68,12,781 |
| ചെലവ് | ₹15,52,87,963 |
| നീക്കിയിരിപ്പ് | ₹4,15,24,818 |

ബജറ്റ് പ്രകാരമുള്ള കണക്കുകൾ

| ഇനം | തുക |
|---|---|
| മുൻബാക്കി | 0 |
| വരവ് | 11,40,88,000 |
| ആകെ | 11,40,88,000 |
| ചെലവ് | 10,81,52,771 |
| നീക്കിബാക്കി | 59,35,229 |

പ്രതീക്ഷിത വരവുചെലവുകളുമായി യാതൊരു പൊരുത്തവുമില്ലാതെയാണ് യഥാർത്ഥ വരവുചെലവുകൾ. വാർഷിക കണക്കുകൾ പ്രകാരമുള്ള യഥാർത്ഥ വരവുചെലവുകളെക്കാൾ തൻവർഷത്തെ ബഡ്ജറ്റിൽ പലയിനം വരവുകളിലും ഗണ്യമായ വ്യത്യാസം ഉണ്ട്. എന്നാൽ ആയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. വാസ്തവികമല്ലാത്ത ബഡ്ജറ്റ് തയ്യാറാക്കുന്നത് മൂലം ബഡ്ജറ്റ് തയ്യാറാക്കുന്നതിന്റെ ഉദ്ദേശ്യ ലക്ഷ്യമായ സാമ്പത്തിക മാനേജ്മെന്റ് സാധ്യമാകാതെ വരുന്നു. യഥാർത്ഥ വരവിനേക്കാൾ പെരുപ്പിച്ചുകാണിക്കുന്ന ബഡ്ജറ്റ് തയ്യാറാക്കുന്നത് മൂലം തുകവകയിരുത്തി പദ്ധതികൾ എല്ലാം നടപ്പിലാക്കുന്ന സാഹചര്യം ഉണ്ടാകുകയാണെങ്കിൽ, നടപ്പിലാക്കിയ എല്ലാ പദ്ധതികളുടെയും ചെലവ് തുക നൽകാൻ കഴിയാത്ത അവസ്ഥ ഉണ്ടാകും. അങ്ങനെ വന്നാൽ അത് ബ്ലോക്ക്പഞ്ചായത്തിനെ കോടതി വ്യവഹാരങ്ങളിലേക്ക് നയിക്കുകയും ആയതുമൂലം ബ്ലോക്ക് പഞ്ചായത്തിന് ബാധ്യത ഉണ്ടാകുകയും ചെയ്യും.ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.22 | 12.05.22 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹3,59,43,091 |

| | |
|---|---|
| വരവ് | ₹16,08,69,690 |
| ആകെ | ₹19,68,12,781 |
| ചെലവ് | ₹15,52,87,963 |
| നീക്കിയിരിപ്പ് | ₹4,15,24,818 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ലാപ്സ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 3,79,44,069 | 3,79,44,069 | 334,95,653 | 44,48,416 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 1,30,92,000 | 1,30,92,000 | 121,14,697 | 9,77,303 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 2,93,17,600 | 2,93,17,600 | 259,81,953 | 33,35,647 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 1,30,04,428 | 1,30,04,428 | 92,85,717 | 37,18,711 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Basic Grant) (ACR പ്രകാരം) | 16,72,463 | 70,47,000 | 87,19,463 | 83,47,461 | 3,72,002 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) (ACR പ്രകാരം) | 53,63,290 | 1,05,70,000 | 1,59,33,290 | 80,22,135 | 79,11,155 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 0 | 56,36,000 | 56,36,000 | 6,48,511 | 49,87,489 |

സെൻട്രൽ ഫിനാൻസ് കമ്മീഷൻ (Tied & Basic), General Purpose Grant എന്നിവയുടെ വരവുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 159 | 18,28,91,111 | 126 | 11,44,86,127 | 2 | 31 | 78.75 |

| നിർവഹണോദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ | 6 | 6 | 62,32,000 | 61,95,669 | 99.4% |
| മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി തരിയോട് | 6 | 6 | 29,10,000 | 24,38,906 | 84% |
| മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി മേപ്പാടി | 5 | 5 | 28,14,285 | 26,96,287 | 96% |
| അസി.ഡയറക്ടർ കൃഷി | 2 | 2 | 89,60,920 | 22,40,230 | 25% |
| സീനിയർ വെറ്റിനറി സർജൻ | 1 | 0 | 24,00,000 | 0 | 0% |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 3 | 3 | 2,24,06,318 | 75,02,138 | 34% |

| | | | | | |
|---|---|---|---|---|---|
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 3 | 2 | 41,05,000 | 9,00,000 | 22% |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എൽ.എസ്.ജി.ഡി | 62 | 53 | 4,15,27,885 | 2,66,68,771 | 64.21% |
| അസിസ്റ്റന്റ് എഞ്ചിനീയർ എൽ.എസ്.ജി.ഡി | 43 | 27 | 2,20,32,038 | 1,16,11,295 | 52.7% |
| പട്ടികജാതി വികസനഓഫീസർ | 4 | 4 | 62,58,600 | 61,08,600 | 97.6% |
| സി.സി.പി.ഒ. | 5 | 5 | 4534000 | 4420394 | 97.4% |
| സെക്രട്ടറി | 19 | 15 | 58710065 | 43703837 | 74.4% |

അംഗീകാരം ലഭിച്ച മുഴുവൻ പദ്ധതികളും നടപ്പാക്കിയിട്ടില്ല. സീനിയർ വെറ്ററിനറി സർജൻ ആകെ ആസൂത്രണം ചെയ്ത ഒരു പ്രോജക്ട് നടപ്പാക്കിയിട്ടില്ല. പദ്ധതിനടത്തിപ്പ് മോണിട്ടറിംഗ് നടത്തി ലഭ്യമായ തുക പൂർണ്ണമായും ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.02.23 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ലെന്ന് ബോദ്ധ്യപ്പെട്ടു.

## 1-7 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക്പഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ബ്ലോക്ക്പഞ്ചായത്തിന്റെ അഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു. പഞ്ചായത്തിൽ കൃത്യമായ ജോലിവിഭജനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉത്തരവാദിത്തങ്ങൾ 02.09.22 ലെ എ.1542/2019 നമ്പർ ഉത്തരവ് പ്രകാരം വിഭജിച്ച് നൽകിയിട്ടുണ്ട്. പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്നുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. മറ്റ് രജിസ്റ്ററുകളിൽ ഡെപ്പോസിറ്റ് രജിസ്റ്റർ കുറ്റമറ്റ രീതിയിൽ സൂക്ഷിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ ആസ്തികളിൽ പ്രവൃത്തികൾ നടപ്പാക്കുമ്പോൾ ഗ്രാമപഞ്ചായത്തിൽ നിന്നുള്ള അനുമതിപത്രങ്ങൾ സൂക്ഷിക്കുന്നില്ല.നിഷ്ക്രിയാസ്തികൾ പ്രവർത്തനക്ഷമമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല. പദ്ധതിനടത്തിപ്പ് മോണിട്ടർ ചെയ്യുന്നതിൽ ശ്രദ്ധ ചെലുത്തിയിട്ടില്ല. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ ബ്ലോക്ക്പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും ഇനിയും റിപ്പോർട്ടുകൾ തീർപ്പാക്കാൻ അവശേഷിക്കുന്നു.

ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ ബ്ലോക്ക്പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വിവിധഘടകസ്ഥാപനങ്ങൾ വാങ്ങുന്ന സാധനങ്ങൾ ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തുന്നില്ല.ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച് , അഭ്യന്തരനിയന്ത്രണസംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.12.18 | 2015-16,2016-17,2017-18,2018-19 | 19.08.19 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.04.19 | 2016-17,2017-18 | 25.05.20 |

## 1-9 വാർഷിക കണക്കുകളിലെ അപാകങ്ങൾ

1.ആസ്തി രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാലും ആസ്തികളുടെ കാൽകുലേഷൻ ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാലും ബാലൻസ് ഷീറ്റിലെ ബി-11 പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്ന ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത പരിശോധിക്കാൻ

സാധിച്ചില്ല.

2.മുൻവർഷത്തെ അപാകങ്ങൾ പരിഹരിച്ച് അറിയിച്ചിട്ടില്ല.

3. ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

4.പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ചിട്ടുള്ള ബി-4 ഷെഡ്യൂളിൽ ബാദ്ധ്യതയായി ഉൾപ്പെടുത്തിയിട്ടുള്ള പല ഗ്രാന്റുകൾക്കും പ്രത്യേക ട്രഷറി/ബാങ്ക് അക്കൗണ്ട് സൂക്ഷിച്ചിട്ടില്ല. പ്രസ്തുത ഫണ്ടുകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർഎഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മറ്റ് ഫണ്ടുകളോടൊപ്പം ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുള്ള പ്രസ്തുത ബാധ്യതൾക്ക് തുല്യമായ തുക ബാങ്ക്/ട്രഷറി അക്കൗണ്ടുകളിൽ ഉണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

5. Sale Of Tender Form - രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.വാർഷിക കണക്കുകൾ പ്രകാരം 22490രൂപ വരവ് കാണിച്ചിട്ടുണ്ട്. ആയത് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

6. ഷെഡ്യൂൾ ബി4., ഷെഡ്യൂൾ ബി17 എന്നിവ പൊരുത്തപ്പെടുന്നില്ല.

7.ബി4ഷെഡ്യൂളിൽ ഉൾപ്പെട്ട ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റുകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

8. തനത് ഫണ്ട് അക്കൗണ്ടിൽ തനത് ഫണ്ടിന് പുറമെ മറ്റ് ഏജൻസികളിൽ നിന്നും ലഭിക്കുന്ന തുകകളും നിക്ഷേപിക്കുന്നതായി കാണുന്നു. ഇത് സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമാണ്. മറ്റ് ഫണ്ടുകൾ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിക്കുന്നത് മൂലം തനത് ഫണ്ട് ബാലൻസ് സംബന്ധിച്ച് തെറ്റായ വിവരങ്ങളാണ് വാർഷിക കണക്കിൽ നിന്നും ലഭിക്കുന്നത്.

9. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ സൃഷ്ടിക്കുന്ന ആസ്തികൾ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തികളിൽ ഉൾപ്പെടുത്തുന്നില്ല.

10.ഇ-ടെണ്ടർ മുഖേനയുള്ള ടെണ്ടർ ഫോറം വിലയും ഇ.എം.ഡിയും ബ്ലോക്ക് പഞ്ചായത്ത് അക്കൌണ്ടിൽ വരവ് വന്നിട്ടില്ല.

11. ബി.15 ഷെഡ്യൂൾ പ്രകാരം ലഭിക്കാനുള്ള തുകകൾ സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.

12.സി.എഫ്.സി ഗ്രാന്റ് വാർഷിക കണക്കുകളിലെ തുകയും എ.സി.ആർ പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 26തീയതി 10.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-10 ആസ്തി രജിസ്റ്റർ, റോഡ് കണക്റ്റിവിറ്റി മാപ്പ് എന്നിവ കാലികമാക്കിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിരജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.ഓഡിറ്റിന് ഹാജരാക്കിയ ആസ്തിരജിസ്റ്റർ 31.03.19 തീയതി പ്രാബല്യത്തിലുള്ളതാണ്. ആയതിന് ശേഷം ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച /ആർജ്ജിച്ച ആസ്തികളുടെ വിവരം ആസ്തിരജിസ്റ്ററിൽ ചേർത്തിട്ടില്ല.ആസ്തിരജിസ്റ്റർ പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ അല്ല നിർമ്മാണപ്രവൃത്തികൾ നടത്തിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തുകളുടെ ഭൂമിയിൽ ഗ്രാമപഞ്ചായത്തുകളുടെ അറിവോ, സമ്മതമോ പ്രകാരമാണോ നിർമ്മാണപ്രവൃത്തികൾ നടത്തിയത് എന്നും വ്യക്തമല്ല. അതു സംബന്ധിച്ച രേഖകളും സൂക്ഷിച്ചിട്ടില്ല.ഗ്രാമപഞ്ചായത്ത് പരിധിയിൽ നിർമ്മിച്ച പകൽവീടുകൾ, അങ്കണവാടികൾ, സാംസ്കാരികനിലയങ്ങൾ, കുടിവെള്ളപദ്ധതികൾ എന്നിവ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയിട്ടുമില്ല. വിവിധ നിർവഹണോദ്യോഗസ്ഥർ ആർജ്ജിച്ച ആസ്തികളുടെ വിവരവും ആസ്തിരജിസ്റ്ററിൽ ചേർത്തിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിന്റെ വിവരം മാത്രമാണ് 2022 ലെ ആസ്തിയായി രജിസ്റ്ററിൽ ചേർത്തുകാണുന്നത്. ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ രേഖകളും ബ്ലോക്ക് പഞ്ചായത്തിൽ ഇല്ല.ഭൂനികുതി അടക്കുകയോ പോക്കുവരവ് നടത്തി രേഖകൾ സൂക്ഷിക്കുകയോ ചെയ്യുന്നില്ല. ആസ്തിസംരക്ഷണത്തിനുള്ള പദ്ധതികളും നടപ്പാക്കിയിട്ടില്ല. മെയ്ന്റനൻസ് പ്ലാൻ തയ്യാറാക്കാതെയാണ് മെയ്ന്റനൻസ് ഫണ്ട് വകയിരുത്തി പ്രോജക്റ്റുകൾ ആവിഷ്കരിച്ചിട്ടുള്ളത്. ഓഡിറ്റ് എൻക്വയറി നം.3/21-22/03.02.23 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല. ആസ്തിസംരക്ഷണത്തിന് നടപടികൾ സ്വീകരിക്കുമെന്ന് ഭരണസമിതിഅംഗങ്ങൾ അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-11 നിർവഹണോദ്യോഗസ്ഥർ ക്യാഷ്ബുക്ക് സൂക്ഷിക്കുന്നതിൽ അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ നിർവഹണോദ്യോഗസ്ഥർ ക്യാഷ്ബുക്ക് എഴുതി സൂക്ഷിക്കുന്നതിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല. ബ്ലോക്ക് പഞ്ചായത്ത് കേന്ദ്രധനകാര്യകമ്മീഷൻ ഗ്രാന്റ് ഇനത്തിൽ വിവിധ നിർവഹണോദ്യോഗസ്ഥർക്ക് നൽകുന്ന തുകകളുടെ വരവ് ചെലവുകൾ മേപ്പാടി എഫ്.എച്ച്.സി മെഡിക്കൽ ഓഫീസർ,

അസി.എഞ്ചിനീയർ എന്നീ നിർവഹണോദ്യോഗസ്ഥർ ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ഒരു നിർവഹണോദ്യോഗസ്ഥൻ TR 7A ക്യാഷ്ബുക്കിൽ എല്ലാ വരവ് ചെലവുകളും രേഖപ്പെടുത്തേണ്ടതും തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്നുള്ള വരവ് ചെലവുകൾ സബ്സിഡിയറി രജിസ്റ്ററിൽ (അനുബന്ധം 4 )രേഖപ്പെടുത്തേണ്ടതുമായിരുന്നു. എന്നാൽ പല നിർവഹണോദ്യോഗസ്ഥരും ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിന് പ്രത്യേകം ക്യാഷ്ബുക്ക് സൂക്ഷിക്കുന്നു. ജി.ഒ.(പി.)177/2006/ Fin 12.04.2006 കാണുക. കൃഷി അസിസ്റ്റന്റ് ഡയറക്ടർ ബ്ലോക്ക് പഞ്ചായത്തിൽനിന്നുള്ള വരവ് ചെലവുകൾ ക്യാഷ്ബുക്കിൽ രേഖപ്പെടുത്തുന്നുമില്ല. ഓഡിറ്റ് എൻക്വയറി നം. 25/21-22 /10.02.23 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.

അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-12 ഭിന്നശേഷിയുള്ളവർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ - ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിലെ അപാകങ്ങൾ

2021-22 സാമ്പത്തിക വർഷത്തിൽ ശിശുവികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി താഴെപ്പറയുന്ന പ്രോജക്റ്റ് നടപ്പിലാക്കിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്റ്റ് നം. | 46/22 |
| പ്രോജക്റ്റിന്റെ പേര് | ഭിന്നശേഷിയുള്ളവർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ |
| അടങ്കൽ - വികസനഫണ്ട് | 12,22,000 |
| തുക ചെലവഴിച്ചത് | |
| ബിൽ നം. 4/2021-22 തീയതി 10.02.2022 | 11,28,000 |
| ബിൽ നം. 9/21-22 തീയതി 30.03.2022 | 94,000 |
| ആകെ | 12,22,000 |

കൽപ്പറ്റ ബ്ലോക്ക് പരിധിയിലെ ഭിന്നശേഷിയുള്ളവർക്ക് സഞ്ചാര സ്വതന്ത്ര്യം ഉറപ്പ് വരുത്തുകയാണ് പദ്ധതി ലക്ഷ്യം. താഴെപ്പറയും പ്രകാരം സ്കൂട്ടർ വാങ്ങി വിതരണം നടത്തി.

| ഇൻവോയ്സ് നം/തീയതി | ഇനം | എണ്ണം | തുക |
|---|---|---|---|
| 5069/21-22 തീ 12.01.22 | സ്കൂട്ടർ | 11 | 8,04,000 |
| 5070/21-22 തീ 12.01.22 | സൈഡ് വീൽ | 11 | 3,24,000 |
| 5143/21-22 തീ 14.03.22 | സ്കൂട്ടർ | 1 | 67,000 |
| 5143/21-22 തീ 14.03.22 | സൈഡ് വീൽ | 1 | 27,000 |

| | | | |
|---|---|---|---|
| ആകെ | | 12 | 12,22,000 |

നിർവ്വഹണ ഉദ്യോഗസ്ഥയായ ശിശുവികസന ഓഫീസർ 08.07.21 തീയതിയിലെ 218/2021 നമ്പർ കത്ത് മുഖേന വൈത്തിരി, മേപ്പാടി, മൂപ്പൈനാട്, മുട്ടിൽ , വേങ്ങപ്പള്ളി, പടിഞ്ഞാറത്തറ, തരിയോട്, പൊഴുതന, കോട്ടത്തറ ഗ്രാമപഞ്ചായത്തുകളിലെ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് പദ്ധതി നിർവ്വഹണത്തിനായി അയച്ചു തരുന്നതിന് ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിയോട് ആവശ്യപ്പെട്ടു. പ്രസ്തുത പഞ്ചായത്തിലെ സെക്രട്ടറിമാർ അയച്ചു നൽകിയ ഗുണഭോക്താക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ഗ്രാമപഞ്ചായത്തിന്റെ പേര് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| വൈത്തിരി | 3 |
| മേപ്പാടി | 24 |
| മൂപ്പൈനാട് | 26 |
| മുട്ടിൽ | 3 |
| പടിഞ്ഞാറത്തറ | 18 |
| വേങ്ങപ്പള്ളി | 5 |
| തരിയോട് | 6 |
| പൊഴുതന, | 20 |
| കോട്ടത്തറ | 3 |

മേൽ ഗുണഭോക്താക്കളിൽ നിന്നും താഴെപ്പറയുന്നവരുടെ പേരടങ്ങിയ മുൻഗണനലിസ്റ്റ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് നൽകി.

| ക്രമ നം | പേര് | പഞ്ചായത്ത് |
|---|---|---|
| 1 | മാധവൻ | വൈത്തിരി |
| 2 | മൂസഹാജി | പടിഞ്ഞാറത്തറ |
| 3 | ഹൈദ്രു കുന്നത്ത് | മുട്ടിൽ |
| 4 | റിയാസ്.വി | മുട്ടിൽ |
| 5 | മുഹമ്മദ്കുട്ടി മലയിൽ റിപ്പൺ.പി.ഒ | മൂപ്പൈനാട് |
| 6 | മനോജ് വെളുക്കൻ, 4 സെന്റ് കോളനി | വെങ്ങപ്പള്ളി |
| 7 | റഷീദ്.കെ.ഇ, കമ്മനാട് | കോട്ടത്തറ |
| 8 | മുഹമ്മദ് പാലക്കൽ | പൊഴുതന |
| 9 | ഷിബില കോടതിവളപ്പിൽ, മുക്കിൽ പീടിക | മൂപ്പൈനാട് |
| 10 | അലി, തച്ചർതൊടിക | മേപ്പാടി |
| 11 | ഹംസ എച്ച.പി, ഓടത്തോട് | മേപ്പാടി |
| 12 | ജോഷി.ബി.ജോർജ്ജ് | മേപ്പാടി |
| 13 | ഷാഹിദ.എ | തരിയോട് |

നിർവ്വഹണ ഉദ്യോഗസ്ഥ മേൽപ്രകാരം ലിസ്റ്റിൽ പറഞ്ഞിരിക്കുന്നവർക്ക് സൈഡ് വീലോട് കൂടിയ സ്കൂട്ടർ വിതരണം

നടത്തുകയും ചെയ്തു. ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴപ്പറയുന്ന അപാകങ്ങൾ കാണുന്നു.

1. ഗ്രാമ പഞ്ചായത്തുകളിലെ ഗ്രാമസഭകൾ അംഗീകരിച്ച നൽകിയ മുഴവൻ ഗുണഭോക്താക്കളുടെയും അർഹത അനുസരിച്ച് തയ്യാറാക്കേണ്ട ഗുണഭോക്തൃ ലിസ്റ്റ് നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് നൽകേണ്ടതിന് പകരം തെരഞ്ഞെടുത്ത ലിസ്റ്റ് മാത്രം നിർവ്വഹണ ഉദ്യോഗസ്ഥന് നൽകി.

2.ഗുണഭോക്തൃ തെരഞ്ഞെടുപ്പിന് ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ച മാനദണ്ഡം വ്യക്തമല്ല. ഗ്രാമ പഞ്ചായത്തുകൾ നൽകിയ ലിസ്റ്റിൽ നിന്നും ഉയർന്ന മാർക്ക് ലഭിച്ച ഗുണഭോക്താവിനെ ഒഴിവാക്കി കുറവ് മാർക്ക് ലഭിച്ച ഗുണഭോക്താവിന് ആനുകൂല്യം നൽകി. ഉദാഹരണമായി മൂപ്പൈനാട് ഗ്രാമ പഞ്ചായത്ത് ലിസ്റ്റിലെ ക്രമ നം 1,2 എന്നിവർക്ക് നൽകാതെ 3ാമത്തെ ഗുണഭോക്താവിനും 4മുതൽ 12 വരെയുള്ള ഗുണഭോക്താക്കൾക്ക് നൽകാതെ 13ാമത്തെ ഗുണഭോക്താവിനും നൽകി. കോട്ടത്തറ ഗ്രാമ പഞ്ചായത്തിലെ 60 മാർക്ക് ലഭിച്ച ഉമാദേവി, 70 മാർക്ക് ലഭിച്ച മമ്മു, നെല്ലിക്ക എന്നിവരെ ഒഴിവാക്കി 40 മാർക്ക് ലഭിച്ച റഷീദ്.കെ.ഇ എന്നയാളെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകി. മറ്റ് ഗ്രാമപഞ്ചായത്തുകളിൽ നിന്നും തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ ലിസ്റ്റിലും ഇത്തരം അപാകം കാണുന്നു. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3. വെങ്ങപ്പള്ളി ഗ്രാമ പഞ്ചായത്ത് നൽകിയ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിക്കാണ് സ്കൂട്ടർ നൽകിയത്.
വിശദീകരണം ആവശ്യപ്പെട്ട് കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, ശിശു വികസന ഓഫീസർ എന്നിവർക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13തീയതി 07/02/2023) ശിശു വികസന ഓഫീസർ നൽകിയ മറുപടിയിൽ, ഭരണ സമിതി നൽകിയ ഗുണഭോക്തൃലിസ്റ്റ് പ്രകാരമാണ് പദ്ധതി നിർവ്വഹണം നടത്തിയത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. കൃത്യമായ മാനദണ്ഡപ്രകാരമല്ലാതെ ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കി നൽകിയതിന് സെക്രട്ടറി മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-13 അങ്കണവാടി കെട്ടിടങ്ങൾ സ്മാർട്ട് ആക്കൽ

2021-22 സാമ്പത്തിക വർഷത്തിൽ ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി അങ്കണവാടി കെട്ടിടങ്ങൾ സ്മാർട്ട് ആക്കുന്നതിന് വേണ്ടി താഴെപ്പറയുന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്.

- പ്രോജക്ട് നം. - 28/22
- പ്രോജടിന്റെ പേര് - അങ്കണവാടി കെട്ടിടങ്ങൾ സ്മാർട്ട് ആക്കൽ
- അടങ്കൽ -വികസന ഫണ്ട് - 1500000
- ബിൽ നം. 3/21-22 തീയതി 21/01/22 തുക 1500000

സ്വന്തമായി കെട്ടിടങ്ങൾ ഉള്ള അങ്കണവാടികൾക്ക് കളി ഉപകരണങ്ങൾ വാങ്ങലും പ്രീ സ്കൂൾ ക്ലാസ്സ് മുറി മോടി പിടിപ്പിച്ച് സ്മാർട്ട് ആക്കലും ആണ് പദ്ധതി ലക്ഷ്യം. സ്ഥല സൗകര്യം അനുസരിച്ച് യൂണിറ്റ് കോസ്റ്റിൽ വ്യത്യാസം ഉണ്ടാകുന്നതാണെന്ന് പ്രോജക്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ അംഗീകൃത ഏജൻസികൾ മുഖേനയാണ് പദ്ധതി നടപ്പാക്കാൻ വിഭാവനം ചെയ്തിട്ടുള്ളത്.

07.09.2021 തീയതിയിലെ 309/21 നമ്പർ കത്ത് മുഖേന ശിശുവികസന ഓഫീസർ, കൽപ്പറ്റ ബ്ലോക്ക പഞ്ചായത്തിലെ തെരഞ്ഞെടുത്ത 14 അങ്കണവാടികളിൽ പദ്ധതി നടപ്പിലാക്കുന്നതിനായി എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടെന്നും ആയത് പരിശോധിച്ച് തുടർനടപടി സ്വീകരിക്കണമെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകി. ആർട്കോ ആണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്.

ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ 30.09.2021 ലെ 10/1 നമ്പർ തീരുമാനം പ്രകാരം 14 അങ്കണവാടികൾ സ്മാർട്ട് ആക്കുന്നതിന് ആയതിന്റെ ലിസ്റ്റ് അംഗീകരിച്ചു. ലിസ്റ്റ് തഴെ ചേർക്കുന്നു.

| ക്രമ നം | അങ്കണവാടിയുടെ പേരും നമ്പറും | ഗ്രാമ പഞ്ചായത്തിന്റെ പേര് |
|---|---|---|
| 1 | എടക്കാടൻ മുക്ക് - 2 | പടിഞ്ഞാറത്തറ |
| 2 | കുറ്റിയാം വയൽ -26 | പടിഞ്ഞാറത്തറ |
| 3 | വലിയകുന്ന് - 33 | കോട്ടത്തറ |
| 4 | ചോലപ്പുറം - 93 | വേങ്ങപ്പള്ളി |
| 5 | പിണങ്ങോട് - 88 | പൊഴുതന |
| 6 | കാപ്പംകുന്ന് - 127 | വൈത്തിരി |
| 7 | മുത്താറിക്കുന്ന് - 105 | പൊഴുതന |
| 8 | കുന്നമംഗലം വയൽ - 45 | മേപ്പാടി |
| 9 | വാളത്തൂർ - 5 | മൂപ്പൈനാട് |

| | | |
|---|---|---|
| 10 | ചൂരൽമല – 54 | മേപ്പാടി |
| 11 | അരമംഗലംചാൽ -17 | മൂപ്പൈനാട് |
| 12 | മാണ്ടാട് 1– 67 | മുട്ടിൽ |
| 13 | കുമ്പളാട് - 76 | മുട്ടിൽ |
| 14 | പാക്കം - 74 | മുട്ടിൽ |

7/10/21 തീയതിയിലെ 309/21 കത്ത് മുഖേന ആർട്കോ കോഴിക്കോട് ബ്രാഞ്ച് മാനേജർക്ക് പ്രവർത്തികൾ പൂർത്തീകരിക്കാനുള്ള വർക്ക് ഓർഡർ നൽകി. പ്രസ്തുത കത്തിൽ, ആർട്കോ സമർപ്പിച്ച എസ്റ്റിമേറ്റ് അംഗീകരിച്ചതായും അറിയിച്ചു. അങ്കണവാടികളുടെ ലിസ്റ്റും നൽകി. 8/12/21 ലെ 309/22 നമ്പർ കത്ത് മുഖേന, മുത്താറിക്കുന്ന് അങ്കണവാടിക്ക് പകരം പെരിങ്കോടൻ അങ്കണവാടി സ്മാർട് ആക്കുന്നതിന് കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ 7/12/21 ലെ 2/01 നമ്പർ തീരുമാനം പ്രകാരം തീരുമാനിച്ചിട്ടുണ്ടെന്നും ആയതിനാൽ പെരിങ്കോടയിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്.( പ്രസ്തുത അങ്കണവാടിയിൽ നടത്തേണ്ട പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതായി കാണുന്നില്ല. ആർട്കോ ബ്രാഞ്ച് മാനേജർ ഒപ്പിട്ട കരാർ പത്രം ഫയൽ ചെയ്തിട്ടുണ്ടെങ്കിലും ആയതിൽ തീയതി രേഖപ്പെടുത്തുകയോ നിർവ്വഹണ ഉദ്യോഗസ്ഥ, സാക്ഷികൾ എന്നിവർ ഒപ്പിടുകയോ ചെയ്തിട്ടില്ല.

18/1/2022 ലെ KKD261 നമ്പർ ഇൻവോയ്സ് മുഖേന സാധനങ്ങൾ വിതരണം നടത്തി ലിസ്റ്റ് ചുവടെ ചേർക്കുന്നു

| ക്രമ നം | വിതരണം നടത്തിയ സാധനങ്ങൾ | എണ്ണം |
|---|---|---|
| 1 | കിഡ്നി ടേബിൾ | 45 |
| 2 | ബേബി പ്ലാസ്റ്റിക് ചെയർ | 202 |
| 3 | ഫ്ലോറിംഗ് മാറ്റ് | 3038 |
| 4 | പെയിന്റിംഗ് ആർട് | |
| 5 | ഷൂ സ്റ്റാക്കർ | 14 |
| 6 | ഹോം. തീയേറ്റർ | 13 |
| 7 | ഹോഴ്സ് റൈഡോൺ | 5 |
| 8 | ഡക്ക് റൈഡോൺ | 10 |
| 9 | ട്രൈ സൈക്കിൾ | 7 |
| 10 | മാജിക്ക് കാർ | 5 |
| 11 | ടീച്ചർ ടേബിൾ | 1 |
| 12 | ടീച്ചേഴ്സ് സീറ്റിംഗ് സിസ്റ്റം | 3 |
| 13 | റിംഗ് ടവർ | 25 |
| 14 | ബുക്ക് ഷെൽഫ് | 13 |
| 15 | വുഡൺ പസിൽസ് | 40 |
| 16 | ബിൽഡിംഗ് ബ്ലോക്ക് | 7 |
| 17 | വൈറ്റ് ബോർഡ് | 1 |
| 18 | പ്ലേ ജംഗ്ഷൻ | 2 |
| 19 | ക്ലോക്ക് പ്ലേറ്റ് | 14 |
| 20 | ഫ്രെയിം സിങ് | 7 |
| 21 | സീ സോ | 1 |
| 22 | ഇൻഡോർ സ്ലൈഡർ | 3 |
| 23 | ഔട്ട് ഡോർ സിങ് | 2 |
| 24 | വിൻഡോ ക്ലോസിംഗ് വർക്ക് | 1 |
| 25 | വിൻഡോ ഫ്രേം | 1 |
| 26 | വിൻഡോ ഷട്ടർ റിപ്ലേസിംഗ് വർക്ക് | 1 |
| 27 | വാതിൽ | 1 |
| 28 | അങ്കണവാടികളുടെ പേരെഴുതിയ ബോർഡ് | 1 |

പദ്ധതി നിർവ്വണത്തിന്റെ ഭാഗമായി പെയിന്റിംഗ് പ്രവൃത്തികൾ നടത്തിയ സ്ഥലത്തിന്റെ വിസ്തീർണ്ണം കൽപ്പറ്റ ബ്ലോക്ക പഞ്ചായത്ത് അസി.എക്സി എഞ്ചിനീയർ നൽകിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

| ക്രമ നം | അങ്കണവാടിയുടെ പേരും നമ്പറും | ഗ്രാമ പഞ്ചായത്തിന്റെ പേര് | വിസ്തീർണ്ണം സ്ക്വയർ ഫീറ്റ് |
|---|---|---|---|
| 1 | എടക്കാടൻ മുക്ക് - 2 | പടിഞ്ഞാറത്തറ | 720.92 |
| 2 | കുറ്റിയാം വയൽ -26 | പടിഞ്ഞാറത്തറ | 693.375 |
| 3 | വലിയകുന്ന് - 33 | കോട്ടത്തറ | 667.77 |
| 4 | ചോലപ്പുറം - 93 | വേങ്ങപ്പള്ളി | 535.041 |
| 5 | പിണങ്ങോട് - 88 | പൊഴുതന | 502.23 |
| 6 | കാപ്പംകുന്ന് - 127 | വൈത്തിരി | 434.71 |
| 7 | പെരിങ്കോടൻ (മുത്താറിക്കുന്ന് - 105 പകരമായി ഉൾപ്പെടുത്തിയത്.) | പൊഴുതന | അളവെടുത്തിട്ടില്ല. |
| 8 | കുന്നമംഗലം വയൽ - 45 | മേപ്പാടി | 552 |
| 9 | വാളത്തൂർ - 5 | മൂപ്പൈനാട് | 228.54 |
| 10 | ചൂരൽമല – 54 | മേപ്പാടി | 520.78 |
| 11 | അരമംഗലംചാൽ -17 | മൂപ്പൈനാട് | 346.47 |
| 12 | മാണ്ടാട് 1- 67 | മുട്ടിൽ | 343.35 |
| 13 | കുമ്പളാട് - 76 | മുട്ടിൽ | 434.49 |
| 14 | പാക്കം - 74 | മുട്ടിൽ | 767.4 |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

1.ആർട്കോ ആരുടെ നിർദ്ദേശപ്രകാരമാണ് അങ്കണവാടികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് എന്ന് വ്യക്തമല്ല.

2.സ.ഉ(അ)77/219 ഫിൻ തീയതി 4.7.2019 പ്രകാരം ഇന്റീരിയർ പ്രവൃത്തികളുടെ അക്രഡിറ്റഡ് ഏജൻസിയായി ആണ് അംഗീകരിച്ചിട്ടുള്ളത്. കൂടാതെ സ.ഉ(സാധാ) നം.8/2020 എസ്.പി.ഡി തീ. 10/02/2020 അനുബന്ധിച്ച് അംഗീകാരം ലഭിച്ചിട്ടുള്ള ലിസ്റ്റ് അനുസരിച്ച് , അങ്കണവാടികൾ സ്മാർട്ട് ആക്കുന്നതിന് വിതരണം നടത്തിയ സാധനങ്ങൾ ഒന്നും തന്നെ ആർട്കോയ്ക്ക് വിതരണം ചെയ്യുന്നതിന് അനുമതി നൽകിയിട്ടില്ല. വിതരണം നടത്തുന്നതിന് അനുമതിയില്ലാത്ത സാധനങ്ങൾ വിതരണം നടത്തുന്നതിന് വേണ്ടി വർക്ക് ഓർഡർ നൽകിയത് സംബന്ധിച്ച് വിശദീകരണം

ലഭ്യമാക്കേണ്ടതാണ്.

3. പെയിന്റിംഗ് പ്രവൃത്തികൾക്ക് ആകെ നൽകിയ തുക 426467 രൂപയാണ്. ഇത് കണക്കാക്കിയത് വിശദമാക്കേണ്ടതാണ്. ഉദാഹരണത്തിന് 434.49 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കുമ്പളാട് അങ്കണവാടിയുടെ പെയിന്റിംഗ് പ്രവൃത്തികൾക്ക് 38999 രൂപയാണ് നൽകിയത്. 228.54 ച.അടി വിസ്തീർണ്ണത്തിൽ പെയിന്റിംഗ് പ്രവൃത്തികൾ നടത്തിയ വാളത്തൂർ അങ്കണവാടിയിൽ നടത്തിയ പ്രവൃത്തികൾക്ക് നൽകിയ തുക 35999.44 രൂപയാണ് നൽകിയത് . 720.92 ച.അടി വിസ്തീർണ്ണത്തിൽ പെയിന്റിംഗ് പ്രവൃത്തി നടത്തിയ എടക്കാടൻമുക്ക് അങ്കണവാടിയുടെ പ്രവൃത്തിക്ക് നൽകിയ തുക 36998 രൂപയാണ്. എന്ത് തരം പെയിന്റിംഗ് പ്രവൃത്തിയാണ് നടത്തിയതെന്ന് എസ്റ്റിമേറ്റ് പരിശോധിച്ചതിലോ, ബില്ലുകൾ നൽകിയതിൽ നിന്നോ മറ്റ് അനുബന്ധ രേഖകളിൽ നിന്നോ വ്യക്തമല്ല. ഒരു ചതുരശ്ര അടി പെയിന്റിംഗ് പ്രവൃത്തികളുടെ തുക എത്രയാണെന്നോ എത്ര ചതുരശ്ര അടിയാണ് പ്രവൃത്തി നടത്തേണ്ടതെന്നോ എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയിട്ടില്ല. ഇത് നിർവ്വഹണ ഉദ്യോഗസ്ഥ അന്വേഷിച്ചിട്ടില്ല.

4. 29.11.2021 ലെ സ.ഉ(സാധാ) നം. 2414/2021 തസ്വഭവ ഉത്തരവ് പ്രകാരം അങ്കണവാടികളുടെ ഇന്റീരിയർ വർക്കുകൾ ടെണ്ടർ കൂടാതെ ആർട്കോയെ ഏൽപ്പിക്കുന്നതിന് പുറപ്പെടുവിച്ച ഉത്തരവ് റദ്ദാക്കിയിട്ടുണ്ട്.

5. പെരിങ്കോട അങ്കണവാടിയിലെ പ്രവൃത്തികൾ സംബന്ധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങാതെ മുത്താറിക്കുന്ന് അങ്കണവാടിയുടെ പ്രവൃത്തിക്ക് തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക അനുവദിച്ചത് എങ്ങനെയാണെന്ന് വ്യക്തമല്ല.

6. സാധനങ്ങളും പ്രവൃത്തികളും വിതരണം നടത്തിയതിന്റെ സംക്ഷിപ്തം ഹാജരാക്കിയിട്ടില്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 9തീയതി 06/02/2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-14 സി.ഡി.പി.ഒ ഓഫീസുകളിലേക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ - മെഷീൻ ലഭിക്കാത്തത്

2021-22 സാമ്പത്തിക വർഷത്തിൽ കൽപ്പറ്റ ശിശുവികസന ഓഫീസ്, കൽപ്പറ്റ അഡീഷനൽ ശിശുവികസന ഓഫീസിലേക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ, കമ്പ്യൂട്ടർ തുടങ്ങിയവ വാങ്ങുന്നതിന് താഴെപ്പറയുന്ന പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്.

1.പ്രോജക്ട് നം. - 238/22

പ്രോജക്ടിന്റെ പേര് - കൽപ്പറ്റ സി.ഡി.പി.ഒ ഓഫീസിലേക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ

അടങ്കൽ - മെയിന്റനൻസ് ഫണ്ട് റോഡിതരം - 100000

ചെലവ് - ബിൽ നം. 5/21-22 തീയതി 19.03.2022 തുക 59805/-

2. പ്രോജക്ട് നം. - 238/22

പ്രോജക്ടിന്റെ പേര് - കൽപ്പറ്റ അഡീഷനൽ സി.ഡി.പി.ഒ ഓഫീസിലേക്ക് ഫോട്ടോസ്റ്റാറ്റ് മെഷീനും ഫർണിച്ചറും വാങ്ങൽ

അടങ്കൽ - മെയിന്റനൻസ് ഫണ്ട് റോഡിതരം - 150000

ചെലവ് - ബിൽ നം. 6/21-22 തീയതി 19.03.2022 തുക 89809/-

ബിൽ നം. 10/21-22 തീയതി 30.03.2022 തുക 56200/-

മേൽ പ്രോജക്ടുകളിൽ ഫോട്ടോസ്റ്റാറ്റ് മെഷീനുകൾ സി.പി.ആർ.സി.എസ് മുഖേന ലഭ്യമാക്കുന്നതിന് 59805 രൂപ വീതം കേരള ഐ.റ്റി.മിഷന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ഫോട്ടോസ്റ്റാറ്റ് മെഷീനുകൾ ലഭിച്ചിട്ടില്ല. കൽപ്പറ്റ അഡീഷനൽ സി.ഡി.പി.ഒ ഓഫീസിലേക്ക് കമ്പ്യൂട്ടർ, ഫർണിച്ചർ തുടങ്ങിയവ നിർവ്വഹണ ഉദ്യോഗസ്ഥ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 14തീയതി 08.02.23) ക്ക് നൽകിയ മറുപടിയിൽ ഫോട്ടോസ്റ്റാറ്റ് മെഷീൻ ലഭ്യമായാൽ ഉടനെ അറിയിക്കുന്നതാണെന്നും ഫർണിച്ചറുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-15 ഓഫീസ് ലാൻവയറിംഗ് ഇ.പി.ബി.എക്സ് സംവിധാനം ഒരുക്കൽ-ചെലവഴിക്കാത്ത തുക തിരികെ ലഭിച്ചില്ല.

ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് ലാൻ വയറിംഗിനും ഇ.പി.ബി.എക്സ് സംവിധാനം ഒരുക്കലിനുമായി പി.ഡബ്ല്യു.ഡി

ഇലക്ട്രോണിക്സ് വിഭാഗത്തിന് നൽകിയ തുകയിൽ ചെലവഴിക്കാത്ത തുക തിരിച്ചുകിട്ടിയില്ല.

- നിർവഹണം-ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി
- പ്രൊജക്ട് നമ്പർ -173/22
- പ്രോജക്ട് - ഓഫീസ് ലാൻവയറിംഗ് ഇ.പി.ബി.എക്സ് സംവിധാനം ഒരുക്കൽ
- അടങ്കൽ -5ലക്ഷം
- ഫണ്ട്-ജനറൽ പർപ്പസ് ഫണ്ട്
- ചെലവഴിച്ച തുക- 476612-ചെക്ക് നമ്പർ-XY-6868063/30.11.21

നൽകിയ തുകയിൽ 343610 രൂപ മാത്രമേ പ്രവൃത്തിക്ക് വേണ്ടി ഉപയോഗിച്ചിട്ടുള്ളൂവെന്നും 133002 നീക്കിയിരിപ്പുള്ളതായും 25.01.23 ലെ വിനിയോഗസാക്ഷ്യപത്രപ്രകാരം പി.ഡബ്ല്യൂ.ഡി ഇലക്ട്രോണിക്സ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.ബാക്കി തുക തിരിച്ചുനൽകാൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 01.02.23 ന് കത്ത് നൽകിയെങ്കിലും നാളിതുവരെയും ലഭിച്ചതായി കാണുന്നില്ല.ഓഡിറ്റ് എൻക്വയറി നം. 24/21-22/10.02.23 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല. തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-16 പൊതുമരാമത്ത് മേഖലയിലെ പദ്ധതിരൂപീകരണവും നടത്തിപ്പും -അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വർഷത്തെ പൊതുമരാമത്ത് മേഖലയിലെ പദ്ധതിരൂപീകരണത്തിലും നടത്തിപ്പിലും സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചതായി കണ്ടില്ല. ബ്ലോക്ക് പഞ്ചായത്തിനെ മൊത്തത്തിൽ ഒരു ഘടകമായി കണ്ട് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ശ്രമിച്ചിട്ടില്ല. 1994 ലെ കേരളപഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 172 ഒന്നാം ഉപവകുപ്പ് നാലാംപട്ടിക പ്രകാരം ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കേണ്ട പദ്ധതികൾക്കല്ല ബ്ലോക്ക് പഞ്ചായത്ത് തുക ചെലവഴിച്ചിരിക്കുന്നത്. ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകളിൽപ്പെടാത്ത പദ്ധതികളാണ് നടപ്പാക്കിയതിൽ കൂടുതലും. സ.ഉ.(കൈ)എം.എസ്.നം.11/2018 ത.സ്വ.ഭ.വ.29.01.18ഖണ്ഡിക 3.4.3 പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രവർത്തനപരിധിയിലുള്ള ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി ആസൂത്രണ പ്രവർത്തനങ്ങൾക്ക് സമാന്തരമായാണ് ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ പദ്ധതികൾ കണക്കിലെടുക്കാതെയാണ് പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നത്. പൊതുമരാമത്ത് മേഖലയിലെ പദ്ധതികളുടെ നിർവഹണോദ്യോഗസ്ഥർ അസി.എഞ്ചിനീയറും അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറും ആണ്.

തൻവർഷം ഈ മേഖലയിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം ഇപ്രകാരമാണ്.

| നിർവഹണോദ്യാഗസ്ഥൻ | ആകെ പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| അസി. എഞ്ചിനീയർ | 43 | 27 | 2,20,32,038 | 1,16,11,295 |
| അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | 62 | 53 | 4,15,27,885 | 2,66,68,771 |

സാങ്കേതികവിഭാഗം ഉദ്യോഗസ്ഥരുടെയും പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് അധികൃതരുടെയും സമയവും മനുഷ്യവിഭവശേഷിയും ചെലവഴിച്ച് ആസൂത്രണം ചെയ്യുന്ന പദ്ധതികൾ പൂർണ്ണമായും നടപ്പാക്കാൻ കഴിയാത്തതിനാൽ ബ്ലോക്ക്പഞ്ചായത്തിന് ലഭ്യമാകേണ്ട മുഴുവൻ തുകയും വികസനപ്രവർത്തനങ്ങൾക്കുപയോഗിക്കാൻ കഴിയുന്നില്ല.

ഗ്രാമപഞ്ചായത്തുകളുടെ പദ്ധതികളും ജില്ലാപഞ്ചായത്തിന്റെ പദ്ധതികളും കണക്കിലെടുക്കാതെയാണ് പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്.

പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ , സ.ഉ.(കൈ)എം.എസ്.നം.11/2018 ത.സ്വ.ഭ.വ.29.01.18 പ്രകാരം സ്പിൽ ഓവറായ വർഷം തന്നെ പൂർത്തീകരിക്കേണ്ടതാണ് . മുൻവർഷങ്ങളിൽ സ്പിൽ ഓവറായ പദ്ധതികൾ വീണ്ടും സ്പിൽ ഓവറാക്കി തുക വകയിരുത്തുന്നത് ശരിയായ നടപടിയല്ല. ഓരോ വർഷവും തുക വകയിരുത്തിയ പദ്ധതികൾ നടപ്പാക്കാതെ , ഫണ്ട് ലാപ്സാക്കുന്നതിനാൽ ബ്ലോക്ക് പഞ്ചായത്തിന് വിവിധ വികസനപ്രവർത്തനങ്ങൾക്ക് ലഭിക്കുന്ന തുക പാഴാകുന്ന അവസ്ഥ സംജാതമാകുന്നു.

ഒരു ഗ്രാമപഞ്ചായത്തിന്റെ മാത്രം ഉള്ളിലുള്ള റോഡുകളുടെ ടാറിംഗിനും റീടാറിംഗിനും തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ഇത്തരം പ്രോജക്ടുകൾ ആവശ്യപ്പെട്ടതായി കാണുന്നില്ല.വർക്കിംഗ് ഗ്രൂപ്പ് മിനുട്സിലോ പദ്ധതി ഫയലുകളിലോ പദ്ധതിരൂപീകരണം സംബന്ധിച്ച വിവരങ്ങൾ ഇല്ല.വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ പദ്ധതിരൂപീകരണത്തിനും വികസനസെമിനാറിനുമായി രണ്ട് യോഗങ്ങൾ മാത്രമാണ് ചേർന്നത്.06.02.21 ലെ

യോഗത്തിലാണ് പദ്ധതിരൂപീകരണം ചർച്ച ചെയ്തതായി കാണുന്നത്.ആയതിൽ 16 പദ്ധതികൾ നിർദ്ദേശിച്ചു എന്നല്ലാതെ അവസ്ഥാവിശകലനം നടത്തുകയോ,മുൻവർഷപദ്ധതികൾ അവലോകനം നടത്തുകയോ ചെയ്തിട്ടില്ല.18.02.21 നാണ് വികസനസെമിനാർ നടന്നതായി രേഖപ്പെടുത്തിയിരിക്കുന്നത്.ഈ രണ്ടു ദിവസത്തെയും മിനുട്സ് പൂർത്തീകരിച്ച് ക്ലോസ്സ് ചെയ്തിട്ടില്ല.

മറ്റ് പ്രധാനപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.റോഡ് രജിസ്റ്റർ, കണക്ടിവിറ്റി മാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2. പൊതുമരാമത്ത് സ്റ്റാറ്റസ് റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

3.ചെറിയ തുകകൾ വകയിരുത്തി ധാരാളം പ്രവൃത്തികൾ ആസൂത്രണം ചെയ്യുന്നു. ആയതിനാൽ ചെലവഴിച്ച തുകകൾ പ്രയോജനപ്രദമാകുന്നില്ല എന്ന് കാണുന്നു.റോഡുകൾ പൂർണ്ണമായും ഗതാഗതയോഗ്യമാകുന്ന രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ,പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നില്ല.പലറോഡുകളും പകുതി ഭാഗം മാത്രം പണി തീർത്ത് പകുതി ഭാഗം ഗതാഗതയോഗ്യമല്ലാത്ത അവസ്ഥയിലാണുള്ളത്.

4.എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിൽ വേണ്ടത്ര ശ്രദ്ധചെലുത്തുന്നതായി കാണുന്നില്ല.അതുകൊണ്ട് തന്നെ എഗ്രിമെന്റ് വെച്ച് പണി തുടങ്ങിയതിന് ശേഷം പല എസ്റ്റിമേറ്റുകളും റിവൈസ് ചെയ്യേണ്ട സാഹചര്യം വന്നിട്ടുണ്ട്.പദ്ധതികൾ യഥാസമയം പൂർത്തിയാകാതെ ഫണ്ട് ലാപ്സാകുന്നതിന് ഇത് ഒരു കാരണമാണ്.സ്ഥലസന്ദർശനം നടത്തി വേണ്ടത്ര പഠനം നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാണ് കാണുന്നത്.

5.എസ്റ്റിമേറ്റുകളുടെ ഒപ്പം എസ്റ്റിമേറ്റ് റിപ്പോർട്ട് വെച്ചിട്ടില്ല.

6.ഗ്രാമപഞ്ചായത്തിന്റെ ആസ്തികളിൽ ബ്ലോക്ക്പഞ്ചായത്ത് പ്രവൃത്തികൾ ചെയ്യുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്തുകളുടെ ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തിയത് സംബന്ധിച്ച് രേഖകൾ സൂക്ഷിക്കുന്നില്ല.സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകളും ഫയലിൽ ഇല്ല.

7.അളവുപുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

8. പ്രവൃത്തികളുടെ ഫയലിൽ പ്രവൃത്തികൾ പൂർത്തിയാക്കിയതിനു ശേഷമുള്ള ഫോട്ടോ സൂക്ഷിച്ചിട്ടില്ല.

9.ഫയലുകളിൽ മോണിട്ടറിംഗ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല.

10.കരാറിൽ പൂർത്തീകരണതീയതി രേഖപ്പെടുത്തുന്നില്ല

11. കരാറിൽ പൂർത്തീകരണത്തീയതി രേഖപ്പെടുത്താത്തതിനാൽ തന്നെ ഓരോ വർഷത്തെയും പദ്ധതികൾ 31/3 ന് പൂർത്തീകരിക്കുക എന്ന അനുമാനത്തിൽ കരാറുകാർക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതായിരുന്നുവെങ്കിലും സ്വീകരിച്ചതായി കാണുന്നില്ല.

12.ഫയലുകളിൽ പേജ് നമ്പർ നൽകിയിട്ടില്ല

13.ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകളിൽപ്പെടാത്ത പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ടെങ്കിലും ആയതിന് ആധാരമായ രേഖകൾ സൂക്ഷിച്ചിട്ടില്ല.

14.വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല.പദ്ധതിനടത്തിപ്പ് മോണിട്ടർ ചെയ്യുന്നില്ല.

ഓഡിറ്റ് എൻക്വയറി നം.5/21-22/06.02.23പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-17 കുടിവെള്ളപദ്ധതികൾ ഏറ്റെടുക്കുന്നതിൽ അപാകത.

2021-22 വർഷം അസി.എഞ്ചിനീയർ കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണ,അറ്റകുറ്റപ്പണി പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ വന്നിട്ടുണ്ട്.

1.സ.ഉ.(കൈ).നം.22/2018/ത.സ്വ.ഭ.വ14.02.18 പ്രകാരം തുറസ്സായ കുടിവെള്ളകിണറുകൾ ശുചിത്യകിണറുകളാക്കിമാറ്റൽ,പി.വി.സി വാട്ടർ ടാങ്ക് വാങ്ങിവിതരണം,മഴവെള്ളസംഭരണി എന്നീ പദ്ധതികൾ മാത്രമാണ് ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നത്.ഗ്രാമപഞ്ചായത്തുകളുടെ രേഖാമൂലമായ നിർദ്ദേശത്തോടെ ബ്ലോക്ക് പഞ്ചായത്തിന് കുടിവെള്ളപദ്ധതികൾ ഏറ്റെടുക്കാമെന്നുണ്ടെങ്കിലും അറ്റകുറ്റപ്പണികൾ പാടില്ലെന്ന് പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ട്.

2.കേരളപഞ്ചായത്ത് രാജ് ആക്ട് ,1994 വകുപ്പ് 172(1),നാലാംപട്ടിക പ്രകാരവും ബ്ലോക്ക് പഞ്ചായത്തിന് കുടിവെള്ളപദ്ധതികൾ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ വരുന്നില്ല.

3.ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത കുടിവെള്ളപദ്ധതികളൊന്നും തന്നെ പുതിയ കുടിവെള്ളപദ്ധതികൾ അല്ല.മുൻപുള്ള കുടിവെള്ളപദ്ധതികളുടെ പൂർത്തീകരണം ആണ്.

4.ഒന്നിൽകൂടുതൽ ഗ്രാമപഞ്ചായത്തുകൾക്ക് പ്രയോജനം ലഭിക്കുന്ന കുടിവെള്ളപദ്ധതികളൊന്നും ഏറ്റെടുത്തതിൽ ഉൾപ്പെടുന്നില്ല.

5.സ.ഉ.(കൈ).നം.22/2018/ത.സ്വ.ഭ.വ14.02.18 പ്രകാരം കുടിവെള്ള പ്രോജക്ടുകൾ മുഖേന പ്രയോജനം ലഭിക്കുന്ന എല്ലാ കുടുംബങ്ങളേയും ഉൾപ്പെടുത്തി ഗുണഭോക്തൃഗ്രൂപ്പ് രൂപീകരിക്കേണ്ടതും നിർമ്മാണം പൂർത്തീകരിച്ചശേഷം പ്രോജക്ടിന്റെ തുടർനടത്തിപ്പും അറ്റകുറ്റപ്പണികളുടെ ചുമതലയും ഗുണഭോക്തൃഗ്രൂപ്പിനെ ഏൽപ്പിച്ചുകൊടുക്കേണ്ടതുമാണ്. എന്നാൽ ഇത്തരം നടപടികൾ പാലിച്ചതായി കാണുന്നില്ല.

6.കുടിവെള്ളപദ്ധതികളുടെ പൂർത്തീകരണപ്രൊജക്ടുകളുടെ ഫയലുകളിൽ പദ്ധതികളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച വിവരങ്ങളോ,നിലവിൽ പദ്ധതിയുടെ അവസ്ഥ സംബന്ധിച്ച വിവരങ്ങളോ, ഏതു വർഷം സ്ഥാപിച്ച പദ്ധതിയാണെന്ന വിവരങ്ങളോ, എത്രമാത്രം പണികൾ ഇനി പൂർത്തീകരിക്കാനുണ്ടെന്നുള്ള വിവരങ്ങളോ ഫയലിൽ ഇല്ല.അതുകൊണ്ടുതന്നെ ഈ പ്രവൃത്തികൾ യഥാർത്ഥത്തിൽ ആവശ്യമുള്ളതാണെന്നോ,പൂർത്തീകരിച്ചോയെന്നോ വ്യക്തമല്ല. മോണിട്ടറിംഗ് ,റിപ്പോർട്ട്, ഫോട്ടോ എന്നിവ ഫയലിൽ ഇല്ല.

അപാകതകൾക്ക് വിശദീകരണവും അധികവിവരങ്ങളും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-18 കാപ്പംകുന്ന് എസ്.സി കോളനി കുടിവെള്ളപദ്ധതി-ഇലക്ട്രിഫിക്കേഷന് വകയിരുത്തിയ തുക ചെലവഴിച്ചില്ല-പദ്ധതി പ്രവർത്തനക്ഷമമായില്ല.

ഓഡിറ്റ് വർഷം ഏറ്റെടുത്ത് നടപ്പാക്കിയ കാപ്പംകുന്ന് എസ്.സി കോളനി കുടിവെള്ളപദ്ധതിയിൽ മോട്ടോർ വാങ്ങി സ്ഥാപിച്ചിട്ടും ഇലക്ട്രിഫിക്കേഷൻ നടത്താത്തതിനാൽ പദ്ധതി പ്രവർത്തനക്ഷമമായില്ല.

വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

- പ്രൊജക്ട് നമ്പർ -161/22
- പ്രോജക്ട് - കാപ്പംകുന്ന് എസ്.സി കോളനി കുടിവെള്ളപദ്ധതി -വൈത്തിരി
- അടങ്കൽ -8 ലക്ഷം
- ഫണ്ട്-വികസനഫണ്ട്- എസ്.സി.പി
- ചെലവഴിച്ച തുക -200000- 84/20-21/29.03.21
- 243254-28/21-22/29.03.22
- ആകെ ചെലവഴിച്ചത്-443254
- നിർവഹണം-അസി.എക്സി.എഞ്ചിനീയർ

പ്രോജക്ട് പ്രകാരം താഴെപ്പറയുന്ന ഇനങ്ങൾക്കാണ് തുക വകയിരുത്തിയിരിക്കുന്നത്

- കിണർനിർമ്മാണം-2,00,000
- പമ്പ് ഹൗസ് നിർമ്മാണം-1,00,000
- മോട്ടോർ സ്ഥാപിക്കൽ-1,00,000
- ടാങ്ക്-2,00,000
- ഇലക്ട്രിഫിക്കേഷൻ-2,00,000

പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ പൈപ്പ് ലൈൻ,പമ്പ് ഹൗസ് ,മോട്ടോർ വാങ്ങൽ ,ഇലക്ട്രിഫിക്കേഷൻ എന്നിവയ്ക്കാണ് തുക വകയിരുത്തിയിരിക്കുന്നത്. പ്രവൃത്തിഫയൽ പരിശോധിച്ചതിൽ ടാങ്ക് നിർമ്മാണം ,പൈപ്പ് ലൈൻ,പമ്പ് ഹൗസ് ,മോട്ടോർ വാങ്ങൽ എന്നിവയുടെ പ്രവൃത്തികൾ ആണ് നിലവിൽ ചെയ്തതായി കാണുന്നത്.മോട്ടോർ വാങ്ങിയിട്ടുണ്ടെങ്കിലും ഇലക്ട്രിഫിക്കേഷനുള്ള തുക കെ.എസ്.ഇ.ബിയിൽ അടച്ചിട്ടില്ല. പ്രോജക്ടിൽ മോട്ടറിന് 1,00,000 രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും എസ്റ്റിമേറ്റിൽ മോട്ടറിന് ലംപ്സം ആയി 90,000 ആണ് വകയിരുത്തിയത്

ഫയലിൽ എസ്റ്റിമേറ്റ് റിപ്പോർട്ട് ഇല്ല.കുടിവെള്ളപദ്ധതിയുടെ ഉടമസ്ഥത,നിലവിലെ ആവശ്യകത,ബന്ധപ്പെട്ട പഞ്ചായത്തിന്റെ സാക്ഷ്യപത്രം,ഗുണഭോക്തൃസമിതിയുടെ വിവരങ്ങൾ,നിലവിലെ അവസ്ഥ സംബന്ധിച്ച വിവരങ്ങൾഎന്നിവ ഫയലിൽ ഇല്ല.മോട്ടോർ വാങ്ങുന്നതിന് എസ്റ്റിമേറ്റിൽ ലംപ്സം ആയി വകയിരുത്തിയിരിക്കുന്ന 90000 രൂപയും മോട്ടോറിന് ചെലവഴിച്ചതായി കാണുന്നു.ലംപ്സം ആയി കാണിച്ചിരിക്കുന്ന തുക ചെലവഴിച്ചത് എസ്റ്റിമേറ്റ് തയ്യാറാക്കാതെയാണ്.ഈയിനത്തിന്റെ ഡാറ്റയും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പദ്ധതി പ്രവർത്തനക്ഷമമായിട്ടില്ല. വാങ്ങിയ മോട്ടോറിന്റെ വാറണ്ടി പീരിയഡ് കഴിഞ്ഞിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി നം. 08 /21-22/06.02.23 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല. ഇത്തരത്തിൽ പദ്ധതി നടപ്പാക്കുന്നത് പൊതുഫണ്ടിന്റെ ദുരുപയോഗമാണ്. വിശദമായ റിപ്പോർട്ട് ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. വിവരങ്ങളുടെ അഭാവത്തിൽ 4,43,254 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-19 ചീരാൻപൊയിൽ കോളനി കുടിവെള്ളപദ്ധതി-കാപ്പിക്കളം-വിശദവിവരങ്ങൾ ഇല്ല.

ഓഡിറ്റ് വർഷം ഏറ്റെടുത്ത് നടപ്പാക്കിയ ചീരാൻപൊയിൽ കോളനി കുടിവെള്ളപദ്ധതിയുടെ പ്രവർത്തനക്ഷമത സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

പ്രൊജക്റ്റ് നമ്പർ -57/22

പ്രോജക്റ്റ് - ചീരാൻപൊയിൽ കോളനി കുടിവെള്ളപദ്ധതി-കാപ്പിക്കളം

അടങ്കൽ -7 ലക്ഷം

നിർവഹണം-അസി.എക്സി.എഞ്ചിനീയർ

ഫണ്ട്-വികസനഫണ്ട്-ടി.എസ്.പി

ചെലവഴിച്ച തുക -489208- 35/21-22/25.03.22

പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽനിന്നും മുൻപ് ഉണ്ടായിരുന്ന കുടിവെള്ളപദ്ധതിയുടെ പൂർത്തീകരണത്തിനാണ് പദ്ധതി നടപ്പാക്കിയത് എന്ന് കാണുന്നു. പൈപ്പ് ലൈൻ സ്ഥാപനവും മോട്ടോർ സ്ഥാപനവുമാണ് നടന്നത്.

ഫയലിൽ എസ്റ്റിമേറ്റ് റിപ്പോർട്ട് ഇല്ല.കുടിവെള്ളപദ്ധതിയുടെ ഉടമസ്ഥത,മുൻപ് നടപ്പാക്കിയിരുന്ന പദ്ധതികൾ , നിലവിലെ ആവശ്യകത,ബന്ധപ്പെട്ട പഞ്ചായത്തിന്റെ സാക്ഷ്യപത്രം,ഗുണഭോക്തൃസമിതിയുടെ വിവരങ്ങൾ,നിലവിലെ അവസ്ഥ സംബന്ധിച്ച വിവരങ്ങൾഎന്നിവ ഫയലിൽ ഇല്ല.

ഓഡിറ്റ് എൻക്വയറി നം. 08 /21-22/06.02.23 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.രേഖകളുടെ അഭാവത്തിൽ 489208 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-20 ഉടമസ്ഥത ഉറപ്പാക്കാത്ത പദ്ധതികൾക്ക് തുക ചെലവഴിച്ചു.

ഓഡിറ്റ് വർഷം തുക ചെലവഴിച്ച താഴെപ്പറയുന്ന കുടിവെള്ള പദ്ധതികളുടെ ഉടമസ്ഥത,മുൻപ് നടപ്പാക്കിയിരുന്ന പദ്ധതികൾ ,നിലവിലെ ആവശ്യകത,ബന്ധപ്പെട്ട പഞ്ചായത്തിന്റെ സാക്ഷ്യപത്രം,ഗുണഭോക്തൃസമിതിയുടെ വിവരങ്ങൾ,നിലവിലെ അവസ്ഥ സംബന്ധിച്ച വിവരങ്ങൾഎന്നിവ ഫയലിൽ ഇല്ല. ഫയലിൽ എസ്റ്റിമേറ്റ് റിപ്പോർട്ട് ഇല്ല.

നിർവഹണം-അസി.എക്സി.എഞ്ചിനീയർ

| പ്രൊജക്റ്റ് നമ്പർ | പ്രോജക്റ്റ് | അടങ്കൽ | ഫണ്ട് | ചെലവഴിച്ച തുക | ബിൽ നമ്പർ/തീയതി |
|---|---|---|---|---|---|
| 52/22 | മുട്ടിൽ വെളുക്കൻകോളനി കുടിവെള്ളപദ്ധതി | 7 ലക്ഷം | വികസനഫണ്ട്-ടി.എസ്.പി | 467301 | 36/21-22/30.03.22 |
| 121/22 | ശാസ്ത്രിനഗർ കോളനി കുടിവെള്ളപദ്ധതി | 5 ലക്ഷം | വികസനഫണ്ട്-CFC | 479347 | CFC/AEE/12/21-22 /30.03.22 |

പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽനിന്നും മുൻപ് ഉണ്ടായിരുന്ന കുടിവെള്ളപദ്ധതിയുടെ പൂർത്തീകരണത്തിനാണ് പദ്ധതി നടപ്പാക്കിയത് എന്ന് കാണുന്നു. എസ്റ്റിമേറ്റ് പ്രകാരം മുട്ടിൽ വെളുക്കൻകോളനി കുടിവെള്ളപദ്ധതിക്ക്പൈപ്പ് ലൈൻ ,ടാങ്ക് നിർമ്മാണം ,മോട്ടോർ സ്ഥാപനം,ഇലക്ട്രിക് കണക്ഷൻ എന്നിവയാണ് നടപ്പാക്കിയ പ്രവൃത്തികൾ.

എസ്റ്റിമേറ്റ് പ്രകാരം ശാസ്ത്രിനഗർ കോളനി കുടിവെള്ളപദ്ധതിയിൽ പൈപ്പ് ലൈൻ ,മോട്ടോർ സ്ഥാപനം,ഇലക്ട്രിക് കണക്ഷൻ എന്നിവയാണ് നടപ്പാക്കിയ പ്രവൃത്തികൾ.

കുടിവെള്ള പദ്ധതികളുടെ മുൻപത്തെ അവസ്ഥ,മുൻപ് നടപ്പാക്കിയ പദ്ധതികൾ കുടിവെള്ള പദ്ധതികളുടെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ,ഗുണഭോക്തൃസമിതിവിവരങ്ങൾ എന്നിവ ഓഡിറ്റിന് ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം. 08 /21-22/06.02.23 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.വിശദവിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-21 ഏലവയൽ മുസ്ലീം പള്ളിക്ക് സമീപം കുടിവെള്ളപദ്ധതി-ഇലക്ട്രിഫിക്കേഷന് വകയിരുത്തിയ തുക ചെലവഴിച്ചില്ല-പദ്ധതി പ്രവർത്തനക്ഷമമായില്ല.

ഓഡിറ്റ് വർഷം ഏറ്റെടുത്ത് നടപ്പാക്കിയ ഏലവയൽ മുസ്ലീം പള്ളിക്ക് സമീപം കുടിവെള്ളപദ്ധതിയിൽ മോട്ടോർ വാങ്ങി സ്ഥാപിച്ചിട്ടും ഇലക്ട്രിഫിക്കേഷൻ നടത്താത്തതിനാൽ പദ്ധതി പ്രവർത്തനക്ഷമമായില്ല.

പ്രൊജക്റ്റ് നമ്പർ -122/22

പ്രോജക്റ്റ് - ഏലവയൽ മുസ്ലീം പള്ളിക്ക് സമീപം കുടിവെള്ളപദ്ധതി

അടങ്കൽ -8 ലക്ഷം

ഫണ്ട്-വികസനഫണ്ട്-CFC

നിർവഹണം-അസി.എക്സി.എഞ്ചിനീയർ

ചെലവഴിച്ച തുക -703902- CFC/AEE/11/21-22/30.03.22

പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽനിന്നും മുൻപ് ഉണ്ടായിരുന്ന കുടിവെള്ളപദ്ധതിയുടെ പൂർത്തീകരണത്തിനാണ് പദ്ധതി നടപ്പാക്കിയത് എന്ന് കാണുന്നു. എസ്റ്റിമേറ്റ് പ്രകാരം പൈപ്പ് ലൈൻ ,മോട്ടോർ സ്ഥാപനം,ഇലക്ട്രിക് കണക്ഷൻ എന്നിവയാണ് പ്രവൃത്തികൾ. ചെയ്ത പ്രവൃത്തികൾ പൈപ്പ് ലൈൻ ,മോട്ടോർ സ്ഥാപനം, എന്നിവയാണ്.ഇലക്ട്രിക് കണക്ഷന് വേണ്ടി തുക വകയിരുത്തിയിരുന്നുവെങ്കിലും ചെലവഴിച്ചുകാണുന്നില്ല. ഫയലിൽ എസ്റ്റിമേറ്റ് റിപ്പോർട്ട് ഇല്ല.കുടിവെള്ളപദ്ധതിയുടെ ഉടമസ്ഥത,മുൻപ് നടപ്പാക്കിയിരുന്ന പദ്ധതികൾ, നിലവിലെ ആവശ്യകത, ബന്ധപ്പെട്ട പഞ്ചായത്തിന്റെ സാക്ഷ്യപത്രം, ഗുണഭോക്തൃസമിതിയുടെ വിവരങ്ങൾ, നിലവിലെ അവസ്ഥ സംബന്ധിച്ച വിവരങ്ങൾ എന്നിവ ഫയലിൽ ഇല്ല. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ ഫോട്ടോയും ഫയലിൽ ഇല്ല. മോട്ടോർ വാങ്ങുന്നതിന് എസ്റ്റിമേറ്റിൽ ലംപ്സം ആയി വകയിരുത്തിയിരിക്കുന്ന 90000 രൂപയും മോട്ടോറിന് ചെലവഴിച്ചതായി കാണുന്നു. ലംപ്സം ആയി കാണിച്ചിരിക്കുന്ന തുക ചെലവഴിച്ചത് എസ്റ്റിമേറ്റ് തയ്യാറാക്കാതെയാണ്. ഈയിനത്തിന്റെ ഡാറ്റയും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പദ്ധതി പ്രവർത്തനക്ഷമമായിട്ടില്ല. അതേസമയം വാങ്ങിയ മോട്ടോറിന്റെ വാറണ്ടി പീരിയഡ് കഴിഞ്ഞിട്ടുമുണ്ട്. ഓഡിറ്റ് എൻക്വയറി നം. 08 /21-22/06.02.23 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല. ഇത്തരത്തിൽ പദ്ധതി നടപ്പാക്കുന്നത് പൊതുഫണ്ടിന്റെ ദുരുപയോഗമാണ്. വിശദമായ റിപ്പോർട്ട് ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. വിവരങ്ങളുടെ അഭാവത്തിൽ 703902 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 ഹോസ്പിറ്റൽകുന്ന് കുടിവെള്ളപദ്ധതി-ഇലക്ട്രിഫിക്കേഷന് തുക വകയിരുത്താത്തതിനാൽ 396238 രൂപ പാഴായി.

ഓഡിറ്റ് വർഷം തുക ചെലവഴിച്ച ഹോസ്പിറ്റൽകുന്ന് കുടിവെള്ളപദ്ധതിക്ക് ഇലക്ട്രിഫിക്കേഷനുവേണ്ടി തുക വകയിരുത്താത്തതിനാൽ നിലവിലും പദ്ധതി പ്രവർത്തനക്ഷമമായിട്ടില്ല.

- നിർവഹണം-അസി.എക്സി.എഞ്ചിനീയർ
- പ്രൊജക്റ്റ് നമ്പർ -108/22
- പ്രോജക്റ്റ് - ഹോസ്പിറ്റൽകുന്ന് കുടിവെള്ളപദ്ധതി നവീകരണം
- അടങ്കൽ -5 ലക്ഷം
- ഫണ്ട്-CFC
- ചെലവഴിച്ച തുക -396238- CFC/AEE/9/21-22/30.03.22

പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽനിന്നും മുൻപ് ഉണ്ടായിരുന്ന കുടിവെള്ളപദ്ധതിയുടെ റിപ്പയറിനും പൂർത്തീകരണത്തിനുമാണ് പദ്ധതി നടപ്പാക്കിയത് എന്ന് കാണുന്നു. എസ്റ്റിമേറ്റ് പ്രകാരം പൈപ്പ് ലൈൻ, ടാങ്ക്, മോട്ടോർ എന്നിവയ്ക്കാണ് തുക വകയിരുത്തിയിരിക്കുന്നത്. ഫയലിൽ എസ്റ്റിമേറ്റ് റിപ്പോർട്ട് ഇല്ല. കുടിവെള്ളപദ്ധതിയുടെ ഉടമസ്ഥത, മുൻപ് നടപ്പാക്കിയിരുന്ന പദ്ധതികൾ,ഏത് വർഷം ആര് നടപ്പാക്കിയതാണ്, നിലവിലെ ആവശ്യകത,ബന്ധപ്പെട്ട പഞ്ചായത്തിന്റെ സാക്ഷ്യപത്രം, ഗുണഭോക്തൃസമിതിയുടെ വിവരങ്ങൾ, നിലവിലെ അവസ്ഥ സംബന്ധിച്ച വിവരങ്ങൾഎന്നിവ ഫയലിൽ ഇല്ല.

04.02.23 ന് നടത്തിയ സ്ഥലപരിശോധനയിൽ താഴെപ്പറയുന്ന വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

പദ്ധതി നിലവിലും പ്രവർത്തിക്കുന്നില്ല.ഇലക്ട്രിഫിക്കേഷനുള്ള തുക വകയിരുത്തിയിട്ടില്ല.സ്വകാര്യവ്യക്തിയുടെ പറമ്പിൽ ഉള്ള കിണറിനടുത്ത് പാനൽബോർഡിനുള്ള ബോക്സ് സ്ഥാപിച്ചിട്ടുണ്ട്.പാനൽബോർഡ് സ്ഥാപിച്ചിട്ടില്ല.പൈപ്പ് ലൈൻ സ്ഥാപിച്ചിരിക്കുന്നതും സ്വകാര്യവ്യക്തിയുടെ പറമ്പിൽ കൂടിയാണ്.ഹോസ്പിറ്റൽ പരിസരത്ത് സ്ഥാപിച്ചിരിക്കുന്ന ടാങ്കിനടുത്ത് വരെ പൈപ്പ് കണകഷൻ ഉണ്ടെങ്കിലും ഡിസ്ചാർജ്ജ് പൈപ്പ് നൽകിയിട്ടില്ല.മോട്ടോർ കിണറിനുള്ളിൽ ഉണ്ടോയെന്ന കാര്യം വ്യക്തമല്ല.



ഹോസ്പിറ്റൽകുന്ന് കുടിവെള്ള പദ്ധതിയുടെ അവസ്ഥ

പദ്ധതി ഒരു തവണപോലും പ്രവർത്തിപ്പിച്ച് പ്രവർത്തനക്ഷമത ഉറപ്പുവരുത്താതെയാണ് മുഴുവൻ തുകയും കരാറുകാരന് നൽകിയത്. ആവശ്യമായ ഇനങ്ങൾക്ക് തുക വകയിരുത്താതെ പൊതുപണം പാഴാകുന്ന രീതിയിൽ പദ്ധതി നടപ്പാക്കിയത് അംഗീകരിക്കാനാവില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 07 /21-22/06.02.23 ന് മറുപടി നൽകിയിട്ടില്ല. 396238 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

## 1-23 വെങ്ങിലേരിമുക്ക് എസ്.ടി കോളനി കുടിവെള്ളപദ്ധതി പദ്ധതി ആസൂത്രണത്തിലും നടപ്പാക്കലിലും പിഴവുകൾ- 917527 രൂപയുടെ പാഴ് ചെലവ്.

ഓഡിറ്റ് വർഷം 917527 രൂപ ചെലവഴിച്ച് നടപ്പാക്കിയ വെങ്ങിലേരിമുക്ക് എസ്.ടി കോളനി കുടിവെള്ളപദ്ധതി നിലവിലും നിഷ്ക്രിയാസ്തിയായി തുടരുന്നു.

- പ്രൊജക്റ്റ് നമ്പർ -63/22
- പ്രോജക്റ്റ് - വെങ്ങിലേരിമുക്ക് എസ്.ടി കോളനി കുടിവെള്ളപദ്ധതി മോട്ടോർ ,പൈപ്പ് ,ടാങ്ക് റിപ്പയർ & പവർ കണക്ഷൻ
- അടങ്കൽ -10 ലക്ഷം
- ഫണ്ട്-വികസനഫണ്ട്-ടി.എസ്.പി
- ചെലവഴിച്ച തുക -136852- 20/21-22/19.02.22
- 780675-47/21-22/30.03.22
- ആകെ ചെലവഴിച്ചത്-917527

പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽനിന്നും മുൻപ് ഉണ്ടായിരുന്ന കുടിവെള്ളപദ്ധതിയുടെ റിപ്പയറിനും പൂർത്തീകരണത്തിനുമാണ് പദ്ധതി നടപ്പാക്കിയത് എന്ന് കാണുന്നു. 136852 രൂപ കെ.എസ്.ഇ.ബിക്കും 780675 രൂപ കരാറുകാരന് നൽകുകയുമാണ് ചെയ്തത്. ഫയലിൽ എസ്റ്റിമേറ്റ് റിപ്പോർട്ട് ഇല്ല.കുടിവെള്ളപദ്ധതിയുടെ ഉടമസ്ഥത,മുൻപ് നടപ്പാക്കിയിരുന്ന പദ്ധതികൾ ,നിലവിലെ ആവശ്യകത,ബന്ധപ്പെട്ട പഞ്ചായത്തിന്റെ സാക്ഷ്യപത്രം, ഗുണഭോക്തൃസമിതിയുടെ വിവരങ്ങൾ, നിലവിലെ അവസ്ഥ സംബന്ധിച്ച വിവരങ്ങൾഎന്നിവ ഫയലിൽ ഇല്ല.

04.02.23 ന് നടത്തിയ സ്ഥലപരിശോധനയിൽ താഴെപ്പറയുന്ന വിവരങ്ങൾ ബോദ്ധ്യപ്പെട്ടു. മുൻപ് ജനറൽ പദ്ധതിയായിരുന്ന കുടിവെള്ളപദ്ധതിയുടെ റിപ്പയറിംഗിനാണ് പ്രോജക്റ്റ് വെച്ചിട്ടുള്ളത്. പഴയ കുടിവെള്ളപദ്ധതിയുടെ ഡീസൽമോട്ടോർ ഇപ്പോഴും പമ്പ് ഹൗസിൽ ഉണ്ട്. പാനൽബോർഡ് ചെയ്തിട്ടില്ല. ത്രീഫേസ് വൈദ്യുതി ലൈൻ കിണറിനടുത്ത് വരെ വലിച്ച് ചാർജ്ജ് ചെയ്തിട്ടുണ്ട്. കിണർ മലിനമായ അവസ്ഥയിലാണ്. മോട്ടോർ കിണറിനുള്ളിലുണ്ട് എന്നറിയിച്ചുവെങ്കിലും ആയത് ഉറപ്പാക്കാനായിട്ടില്ല. മോട്ടോറിലേക്ക് കണക്ഷൻ നൽകിയിട്ടില്ല.

ടാങ്ക് റിപ്പയർ നടത്തിയതായി കാണുന്നുണ്ടെങ്കിലും മുകൾ ഭാഗത്തെ മൂടി പൊട്ടിപ്പൊളിഞ്ഞ് കിടക്കുന്നു. ടാങ്കിലേക്ക് പൈപ്പ് കണകഷൻ കൊടുത്തിട്ടില്ല. ടാങ്കിനടുത്തുവരെ പൈപ്പ് സ്ഥാപിച്ചിട്ടുണ്ട്. ഡിസ്ചാർജ്ജ് പൈപ്പ് നൽകിയിട്ടില്ല.



വെങ്ങിലേരിമുക്ക് എസ്.ടി കോളനി കുടിവെള്ളപദ്ധതി

ടാങ്ക് റിപ്പയർ നടത്തിയതും പൈപ്പ് ലൈൻ സ്ഥാപിച്ചതും മോട്ടോർ സ്ഥാപിച്ചതും ഒരു തവണപോലും പ്രവർത്തിപ്പിക്കാതെയാണ് തുക അനുവദിച്ചത്. പദ്ധതി നിലവിലും പ്രവർത്തിക്കുന്നില്ല. ഓഡിറ്റ് എൻക്വയറി നം. 4 /21-22/06.02.23 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയില്ല. 917527രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 1-24 കോട്ടത്തറ ഗ്രാമപഞ്ചായത്ത് ഓഡിറ്റോറിയം പണിയാൻ തുക നൽകി-നാളിതുവരെ പൂർത്തീകരിച്ചില്ല.

ഓഡിറ്റ് വർഷം കോട്ടത്തറ ഗ്രാമപഞ്ചായത്ത് ഓഡിറ്റോറിയം നിർമ്മാണത്തിന് വിഹിതം നൽകുന്നതിനായി 5 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിക്കുകയും തുക കോട്ടത്തറ ഗ്രാമപഞ്ചായത്തിന് നൽകുകയും ചെയ്തു.എന്നാൽ നാളിതുവരെയും പദ്ധതി പൂർത്തീകരിച്ചില്ല

- നിർവഹണം-അസി.എക്സി.എഞ്ചിനീയർ
- പ്രൊജക്ട് നമ്പർ -132/22
- പ്രോജക്ട് - കോട്ടത്തറ ഗ്രാമപഞ്ചായത്ത് ഓഡിറ്റോറിയം
- അടങ്കൽ -5ലക്ഷം
- ഫണ്ട്-CFC
- ചെലവഴിച്ച തുക- 5 ലക്ഷം-130/21-22/08.03.22

കെട്ടിടത്തിന്റെ പ്ലാൻ അംഗീകരിച്ചുകിട്ടാത്തതിനാൽപദ്ധതി പൂർത്തീകരിക്കാൻ കഴിഞ്ഞില്ലെന്ന് കോട്ടത്തറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബ്ലോക്ക് പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്.ഓഡിറ്റ് എൻക്വയറി നം. 12/21-22/06.02.23 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-25 നിബന്ധനകൾ പാലിക്കാതെ പകൽവീടുകളുടെ നിർമ്മാണം ഏറ്റെടുക്കുന്നതിനാൽ നിഷ്ക്രിയാസ്തികൾ വർദ്ധിക്കുന്നു.

2021-22 വർഷത്തെ പദ്ധതികളിലുൾപ്പെടുത്തി പകൽ വീടുകളുടെ പ്രവൃത്തികൾക്ക് വികസന ഫണ്ടിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് തുക ചെലവഴിച്ചിട്ടുണ്ട്. കെട്ടിടങ്ങളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./പേര് | ബിൽ നമ്പർ | | നിർവ്വഹണ ഉദ്യോഗസ്ഥൻ | ചെലവ് | ഫണ്ടിനം |
|---|---|---|---|---|---|---|
| 1 | 168/22<br>വൈത്തിരി പഞ്ചായത്ത് 14-ാം വാർഡ് പകൽവീട് വൈദ്യുതീകരണം | 48/21-22/<br>30.03.2022 | | അസി.എക്സി. എഞ്ചിനീയർ | ₹84,696 | വികസനഫണ്ട് (ജനറൽ) |
| 2 | 15/22<br>പകൽവീട് നിർമ്മാണം പടിഞ്ഞാറത്തറ ഡിവിഷൻ | 44/21-22/<br>31.03.2022 | | അസി.എക്സി. എഞ്ചിനീയർ | ₹2,07,360 | വികസനഫണ്ട് (ജനറൽ) |
| 3 | 163/22<br>വെള്ളിത്തോട് പകൽവീട് നിർമ്മാണം | 25/20-21/<br>31.08.2020 | ₹1,74,038 | അസി.എക്സി. എഞ്ചിനീയർ | ₹9,29,886 | വികസനഫണ്ട് (ജനറൽ) |
| | | 88/20-21/<br>31.03.2021 | ₹2,82,027 | | | |
| | | 32/21-22/<br>26.03.2022 | ₹4,73,821 | | | |

ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾപ്രകാരം ചില പ്രോജക്ടുകൾ മുൻപ് നിർമ്മിച്ച കെട്ടിടങ്ങളുടെ പൂർത്തീകരണത്തിനും ചിലത് പുതിയ കെട്ടിടങ്ങളുടെ നിർമ്മാണത്തിനുമാണ്. പകൽവീടുകൾ പണിതിട്ടുള്ളതൊന്നും ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തല്ല. ഗ്രാമപഞ്ചായത്ത് പകൽവീടുകൾ നിർമ്മിച്ചുനൽകുന്നതിന് ആവശ്യപ്പെട്ടതായി കാണുന്നില്ല.കെട്ടിടങ്ങൾ സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച യാതൊരു രേഖകളും ഫയലിൽ ഇല്ല.

സ.ഉ.(കൈ)നം.11/2018 തസ്വഭവ 29.01.2018 ഖ.6.5.6 പ്രകാരം പകൽവീട് ആരംഭിക്കുന്നതിന് വേണ്ടി പണി കഴിപ്പിച്ചിട്ടുള്ള കെട്ടിടങ്ങൾ പൂർണ്ണമായും പ്രവർത്തനക്ഷമമാക്കിയതിനുശേഷം ആവശ്യമുണ്ടെങ്കിൽ മാത്രമാണ് ഇതിനു വേണ്ടി പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നത്.

എന്നാൽ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വിവിധ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നിർമ്മിച്ച കെട്ടിടങ്ങൾ സംബന്ധിച്ച് വിവരശേഖരണം നടത്തിയതായോ, യഥാർത്ഥത്തിൽ പകൽവീടുകെട്ടിടങ്ങൾ ആവശ്യമാണെന്ന് ഉറപ്പുവരുത്തിയതായോ കാണുന്നില്ല.

ഓഡിറ്റ് എൻക്വയറി നം.11/21-22/06.02.23 പ്രകാരം മേൽ അപാകതകൾക്കുള്ള വിശദീകരണവും കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം, പകൽവീടുകളുടെ നടത്തിപ്പ് എന്നിവ സംബന്ധിച്ച രേഖകളും ഓഡിറ്റിന് ഹാജരാക്കുന്നതിനാവശ്യപ്പെട്ടെങ്കിലും വിവരങ്ങൾ ലഭ്യമാക്കിയില്ല. കെട്ടിടങ്ങൾ സംബന്ധിച്ച വിശദവിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-25-1 അരമംഗലം അങ്കണവാടിക്ക് മുകളിൽ പകൽവീട്-ഫണ്ട് ദുരുപയോഗം

2021-22 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി അരമംഗലം അങ്കണവാടിക്ക് പകൽവീട് നിർമ്മിക്കുന്നതിന് വികസന ഫണ്ടിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | ബിൽ നമ്പർ | തൻ വർഷ ചെലവ് | ഫണ്ടിനം |
|---|---|---|---|---|---|
| 1 | 205/22<br>അരമംഗലം അങ്കണവാടിക്ക് പകൽവീട്<br>അടങ്കൽ - 900000 | അസി.എഞ്ചിനീയർ | 17/21-22 തീയതി 30.03.2022 | 242685 | വികസനഫണ്ട് -ജനറൽ |

ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾപ്രകാരം പകൽവീട് നിർമ്മിച്ചിട്ടുള്ളത് ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തല്ല. ഗ്രാമപഞ്ചായത്ത് പകൽവീട് നിർമ്മിച്ചുനൽകുന്നതിന് ആവശ്യപ്പെട്ടതായി കാണുന്നില്ല.കെട്ടിടങ്ങൾ സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച യാതൊരു രേഖകളും ഫയലിൽ ഇല്ല. മൂപ്പൈനാട് ഗ്രാമപഞ്ചായത്തിലെ അരമംഗലംചാൽ അങ്കണവാടി കെട്ടിടത്തിന്റെ മുകളിലാണ് കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. തൻവർഷം ഭാഗിക ബിൽ തുക മാത്രമാണ് നൽകിയിട്ടുള്ളത്.

സ.ഉ.(കൈ)നം.11/2018 തസ്വഭവ 29.01.2018 ഖ.6.5.6 പ്രകാരം പകൽവീട് ആരംഭിക്കുന്നതിന് വേണ്ടി പണി നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾ പൂർണ്ണമായും പ്രവർത്തനക്ഷമമാക്കിയതിനുശേഷം ആവശ്യമുണ്ടെങ്കിൽ മാത്രമാണ് ഇതിനു വേണ്ടി പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നത്. ഖ.6.5.5 പ്രകാരം വയോജനങ്ങൾ നിരന്തരം ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് റാമ്പ്, കുടിവെള്ളം ടോയ്‌ലറ്റ്, ഇരിപ്പിടം മുതലായ സംവിധാനങ്ങൾ ഉണ്ടായിരിക്കണം.കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം ഒരു കെട്ടിടത്തിന്റെ സ്റ്റെയറുകൾക്ക് 15 സെന്റീ മീറ്ററിൽ കൂടുതൽ ഉയരം പാടില്ല. നിലവിൽ പൂർത്തിയാക്കിയിരിക്കുന്ന കെട്ടിടത്തിലേക്ക് ട്രസ് വർക്ക് മുഖേന നിർമ്മിച്ച സ്റ്റെയറാണ് സ്ഥാപിച്ചിട്ടുള്ളത്. ആയതിലെ സ്റ്റെപ്പുകൾക്ക് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ നിർദ്ദേശിച്ചതിനേക്കാൾ ഉയരം കൂടുതലാണ്. വയോജനങ്ങൾക്ക് ഇത്തരം സ്റ്റെയറുകൾ അനുയോജ്യമല്ല. കെട്ടിട നിർമ്മാണത്തിന്റെ പൂർണ വിവരങ്ങൾ അടങ്ങിയ പ്ലാൻ ഫയലിൽ സൂക്ഷിക്കുകയോ കെട്ടിട നിർമ്മാണം സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയെ കേരള പഞ്ചായത്ത് ബിൽഡിംഗ് ചട്ടങ്ങൾ അനുശാസിക്കുന്ന രീതിയിൽ അറിയിക്കുകയോ ചെയ്തിട്ടില്ല.



അങ്കണവാടിക്ക് മുകളിൽ പണിത പകൽവീട്

ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വിവിധ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നിർമ്മിച്ച കെട്ടിടങ്ങൾ സംബന്ധിച്ച് വിവരശേഖരണം നടത്തിയതായോ, യഥാർത്ഥത്തിൽ പകൽവീടുകെട്ടിടങ്ങൾ ആവശ്യമാണെന്ന് ഉറപ്പുവരുത്തിയതായോ കാണുന്നില്ല.

മേൽ അപാകതകൾക്കുള്ള വിശദീകരണവും കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം, പകൽവീടുകളുടെ നടത്തിപ്പ് എന്നിവ സംബന്ധിച്ച രേഖകളും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/21-22/09.02.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവഴിച്ച 2,42,685 രൂപ തടസ്സപ്പെടുത്തുന്നു.

## 1-26 ചേര്യംകൊല്ലി എസ് റ്റി കോളനി കടിവെള്ള പദ്ധതി പൂർത്തീകരണം- ചെയ്യാത്ത പ്രവൃത്തിക്ക് തുക അനുവദിച്ചു- പദ്ധതി പണം പാഴായി

2021-22 സാമ്പത്തിക വർഷത്തിൽ ചേര്യംകൊല്ലി എസ് റ്റി കോളനി കുടിവെള്ള പദ്ധതി പൂർത്തീകരണം നടത്തുന്നതിനായി താഴെപ്പറയുന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്.

- പ്രോജക്ട് നം. - 190/22
- പ്രോജക്ടിന്റെ പേര് - ചേര്യംകൊല്ലി എസ് റ്റി കോളനി കടിവെള്ള പദ്ധതി പൂർത്തീകരണം
- അടങ്കൽ - ധനകാര്യ കമ്മീഷൻ അവാർഡ് - 200000
- ചെലവ് ബിൽ നം. 8/21-22 തീയതി 15/03/2022 തുക 75542/-
- ബിൽ നം. 18/21-22 തീയതി 31/03/2022 തുക 95279/-
- കരാറുകാരൻ - എ.വി.ജോഷി ( കരാർ നൽകിയത് എസ്റ്റിമേറ്റ് നിരക്കിൽ)

കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ചേര്യംകൊല്ലി എസ്.റ്റി കോളനി കുടിവെള്ള പദ്ധതി പൂർത്തീകരണ പ്രവൃത്തിക്ക് വേണ്ടിയുള്ളതാണ് ഈ പദ്ധതി . എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്തിലാണ് പ്രസ്തുത നിർമ്മാണം നടത്തുന്നത്. നിലവിലുള്ള കിണറിൽ നിന്നും ടാങ്കിൽ കുടിവെള്ളം എത്തിച്ച് കോളനിക്കാരുടെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. . നിലവിലുള്ള കിണറിൽ 3HP മോട്ടോർ സ്ഥാപിക്കുകയും കേടുപാടുകൾ വന്ന പൈപ്പ് ലൈൻ മാറ്റി പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കുകയും ചെയ്യുന്നതിനുള്ള ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വാതിലിനും ജനലിനും കെ.എസ്.ഇ.ബിയിൽ നിന്നും ലഭിച്ച എസ്റ്റിമേറ്റ് തുകയും എസ്റ്റിമേറ്റിൽ ഇനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

ബിൽ നം. 8/21-22 തീയതി 15/03/2022 മുഖേന പുതിയ സിംഗിൾ ഫേസ് ഒ.എച്ച് സർവ്വീസ് കണക്ഷനുള്ള എസ്റ്റിമേറ്റ് തുകയായ 75542 രൂപ ഒടുക്കി.മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കൽ ക്വട്ടേഷൻ മുഖേനയും പൈപ്പ് ലൈൻ

നന്നാക്കൽ പ്രവൃത്തിയും പുതിയ പാരപ്പറ്റ് കെട്ടൽ പ്രവൃത്തികളും ടെണ്ടർ മുഖേനയുമാണ് നടപ്പിലാക്കിയത്.

മരാമത്ത് പ്രവൃത്തികൾ എസ്റ്റിമേറ്റ് തുക രേഖപ്പെടുത്തിയ എ.വി ജോഷി എന്ന കരാറുകാരന് നൽകി. പമ്പ്സെറ്റ് സ്ഥാപിക്കൽ പ്രവൃത്തിക്കായി 2 ക്വട്ടേഷനുകൾ ലഭിച്ചത്. ക്വട്ടേഷനുകളുടെ വിവരം ചുവടെ ചേർക്കുന്നു.

1.ലൈറ്റ് വേൾഡ് ഇലക്ട്രിക്കൽസ് ആന്റ് പ്ലംബിംഗ് പടിഞ്ഞാറത്തറ 42000/- രൂപ

2.ലൈറ്റ് വേൾഡ് അസോസിയേറ്റ്സ് പടിഞ്ഞാറത്തറ 45001/- രൂപ

ക്വട്ടേഷൻ ക്ഷണിച്ച നോട്ടീസുകൾ ഹാജരാക്കിയിട്ടില്ല.

മേൽ ക്വട്ടേഷനുകൾ 26.03.2022 തീയതിയിലെ നം.AEE/LID&EW/KPTA/2020-21 കത്ത് മുഖേന സെക്രട്ടറിക്ക് നൽകുകയും കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 26.03.2022 ലെ 2/2 നമ്പർ തീരുമാനം പ്രകാരം ലൈറ്റ് വേൾഡ് ഇലക്ട്രിക്കൽസ് ആന്റ് പ്ലംബിംഗ് പടിഞ്ഞാറത്തറയുടെ 42000/- രൂപ ക്വട്ടേഷൻ അംഗീകരിച്ചു.

ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിന്റെയും 4/2/23 ന് നടത്തിയ സ്ഥല പരിശോധനയുടെ അടിസ്ഥാനത്തിലും താഴെപ്പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

1.എം.ബുക്ക് നം.99/21-22 പേജ് നം1 ൽ എസ്റ്റിമേറ്റ് ഇനം 5, പേജ് നം2 ലെ എസ്റ്റിമേറ്റ് ഇനം 4, പേജ് നം.3ലെ എസ്റ്റ്മേറ്റ് ഇനം3 എന്നീ പ്രവൃത്തികൾ ചെയ്തിട്ടില്ല എന്ന് സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടു. ആയതിനാൽ എസ്റ്റിമേറ്റ് ഇനം നമ്പർ 2 പ്രവൃത്തികൾ നടത്തിയിട്ടില്ല എന്ന് വ്യക്തമാണ്. ചെയ്യാത്ത പ്രവൃത്തിയുടെ മെഷർമെന്റ് ആണ് 24/03.2022 ന് നടത്തിയിട്ടുള്ളത്.

2.കിണറിൽ നിലവിൽ പമ്പ് ചെയ്യുന്നതിനാവശ്യമായ വെള്ളം ലഭ്യമല്ല. ആയതിനാൽ പദ്ധതി ഗുണപ്രദമല്ല.

3.പ്രോജക്ട് പ്രകാരം കുടിവെള്ള പദ്ധതി പൂർത്തീകരണമാണ് ലക്ഷ്യം. മേൽ പ്രോജക്ട് നേരത്തെ ഏത് തദ്ദേശ സ്ഥാപനം രൂപീകരിച്ചതാണെന്നോ, ഏത് തദ്ദേശ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ളതാണെന്നോ സംബന്ധിച്ച് യാതൊരു രേഖയും ഹാജരാക്കിയിട്ടില്ല. പദ്ധതി സ്ഥലത്ത് പദ്ധതി ആരുടെ ഉടസ്ഥതയിലുള്ളതാണെന്ന് വ്യക്തമാക്കുന്ന രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. രേഖകളില്ലാതെയാണ് പദ്ധതി നടപ്പിലാക്കിയത്.

4.22/03/2022 ന് കരാറിൽ ഏർപ്പെട്ടതിന് ശേഷം സൈറ്റ് കൈമാറ്റം ചെയ്തതിന്റെ രേഖകളില്ല.

5.22/03/2022 ന് കരാറിൽ ഏർപ്പെട്ട പ്രവൃത്തികളിൽ കോൺക്രീറ്റ് പ്രവൃത്തികൾ ഉൾപ്പടെയുണ്ടായിരിക്കെ 27/03/2022 ന് അവസാന അളവുകൾ എടുക്കുകയും അന്നേ ദിവസം തന്നെ അസി.എക്സി.എഞ്ചിനീയർ ചെക്ക് മെഷർ നടത്തുകയും ചെയ്തിട്ടുണ്ട്. കോൺക്രീറ്റ് പ്രവൃത്തികൾക്ക് നൽകേണ്ട ക്യൂറിംഗ് പ്രവൃത്തികൾ പൂർത്തിയായതിന് ശേഷം മാത്രമേ അവസാന അളവുകൾ എടുക്കാൻ പാടുള്ളൂ എന്ന നടപടിക്രമം പാലിക്കാതെയാണ് അളവുകൾ എടുത്തിട്ടുള്ളത്.

6.ക്വട്ടേഷൻ മുഖേന നടത്തുന്ന പ്രവൃത്തികൾക്ക് കുറഞ്ഞത് മൂന്ന് ക്വട്ടേഷനുകൾ ലഭ്യമാക്കണമെന്നിരിക്കെ 2 ക്വട്ടേഷനുകൾ മാത്രം വാങ്ങുകയും ആയത് അംഗീകരിക്കുകയുമാണ് ചെയ്തിട്ടുള്ളത്. പ്രസ്തുത ക്വട്ടേഷനുകൾ വാങ്ങേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥനാണെന്നിരിക്കെ ക്വട്ടേഷനുകൾ വാങ്ങിയിരിക്കുന്നത് മരാമത്ത് പ്രവൃത്തികൾക്കുള്ള ടെണ്ടർ അംഗീകരിച്ച കരാറുകാരനാണ്. പ്രസ്തുത ടെണ്ടറുകൾ ഒരേ സ്ഥാപനത്തിന്റേത് / ഒരു വ്യക്തിയുടെ ഉടമസ്ഥതയിലുള്ള രണ്ട് സ്ഥാപനങ്ങളിൽ നിന്നുള്ളവയാണ്.

കൂടാതെ മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കുന്നതിന് ലംപ് സം പ്രൊവിഷൻ വച്ചിരിക്കുകയാണെന്നതിനാൽ ആയതിന്റെ ഡാറ്റ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി ക്ക് (നം. 18 തീയതി 08.02.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ചെയ്യാത്ത പ്രവൃത്തികൾക്ക് നൽകിയ താഴെപ്പറയുന്ന എസ്റ്റിമേറ്റ് ഇനങ്ങൾക്ക് നൽകിയ 29879 രൂപയുടെ ചെലവ് നിരാകരിക്കുന്നു

| എസ്റ്റിമേറ്റ് ഇനം | ബിൽ പ്രകാരമുള്ള തുക |
|---|---|
| 1 | 6013.74 |
| 2 | 3113.37 |
| 3 | 8267.03 |

| | |
|---|---|
| 4 | 4879.28 |
| 5 | 4403.92 |
| ആകെ | 26677.34 |
| ജി.എസ് റ്റി(12%) | 3201.28 |
| മൊത്തം | 29878.62 |

കൃത്യമായ ക്വട്ടേഷനും ഡാറ്റയുമില്ലാതെ നൽകിയ മോട്ടോർ പമ്പ്സെറ്റിന്റെ വിലയായ 42000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പദ്ധതിക്കായി ചെലവഴിച്ച തുക നിലവിൽ പാഴായി. ഗുണപ്രദമല്ലാത്ത പദ്ധതി നടപ്പിലാക്കിയത് സംബന്ധിച്ച് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-27 ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് റോഡ് കോൺക്രീറ്റ് - ബ്ലോക്ക് പഞ്ചായത്ത് ആസ്തിയിൽ പെടാത്ത സ്വകാര്യ റോഡിൽ കോൺക്രീറ്റ് പ്രവൃത്തി നടത്തി

2021-22 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് റോഡ് കോൺക്രീറ്റ് പ്രവൃത്തിക്കായി താഴെപ്പറയുന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്.

- പ്രോജക്ട് നം. - 214/22
- പ്രോജക്ടിന്റെ പേര് - ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് റോഡ് കോൺക്രീറ്റ് ഐറിഷ് ഡ്രൈൻ
- നിർമ്മാണം
- അടങ്കൽ - ധനകാര്യ കമ്മീഷൻ അവാർഡ് - 809360
- തനത് ഫണ്ട് - 200
- ആകെ - 809560
- വൗച്ചർ നം.XVFC/2021-22/P/28 തീയതി 17/03/2022 തുക628877 (കോൺട്രാക്ടർക്ക് നൽകിയ തുക)
- IT – 5823
- KCWWF - 5823
- SGST - 5823
- CGST – 5823
- ആകെ - 23292
- മൊത്തം ചെലവ് - 652169
- നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ
- ഭരണാനുമതി - 1181/2021/DPO/DPV/ADPO/WYD Dt 17/12/2021
- സാങ്കേതികാനുമതി - Or. NO. LSGD/TS/2021-2022/5014 Dt.03/02/2022 (Asst.Exe.Engineer)
- വെറ്റിംഗ് ഓഫീസർ - Asst.Executive Engineer
- എം ബുക്ക് നം.68/2021-22

മേൽ പ്രോജക്ടിനുള്ള എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം "കൽപ്പറ്റ ബ്ലോക്കിന് കീഴിൽ വരുന്ന ബ്ലോക്ക് ഓഫീസ് റോഡിന് ഇരുവശവും ഐറിഷ് ഡ്രയിൻ ചെയ്യുന്നതിനും ലിങ്ക് റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. നാഷണൽ ഹൈവേയിൽ നിന്നും ആരംഭിക്കുന്ന പ്രസ്തുത റോഡിന് ഇരുവശവും കുറേ ഭാഗം കോൺക്രീറ്റ് നടത്തിയിട്ടുണ്ട്. തുടർന്നുള്ള ഭാഗം കോൺക്രീറ്റ് നടത്തുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. അതിന് പുറമെ ഈ റോഡിൽ നിന്നും ഒരു ലിങ്ക് റോഡ് നിലവിൽ ഉണ്ട്. ആയത് കോൺക്രീറ്റ് നടത്തുന്നതിനും കോൺക്രീറ്റ് സ്ലാബ് സ്ഥാപിക്കുന്നതിനുള്ള ഇനങ്ങളും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട് "

ഓഡിറ്റിന് ഹാജരാക്കിയ എസ്റ്റിമേറ്റ് പരിശോധിച്ചതിൽ, കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് സ്ഥിതി ചെയ്യുന്നിടത്തേക്ക് വരുന്ന റോഡിലെ 0/041 മുതൽ 0/161 മീറ്റർ വരെയുള്ള റോഡിൽ കോൺക്രീറ്റ് പ്രവൃത്തി നടത്തുന്നതിനായാണ് എസ്റ്റമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി ഇ-ടെണ്ടർ ക്ഷണിക്കുകയും രണ്ട് ടെണ്ടറുകൾ ലഭിക്കുകയും ചെയ്തു. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ബിഡറുടെ പേര് | രേഖപ്പെടുത്തിയ തുക |
|---|---|
| അനിൽ കുമാർ | 584600.08 |
| ജോഷി.എ.വി | 627022.94 |

ഭരണ സമിതിയുടെ 26.02.2022 ലെ 1/1 നമ്പർ തീരുമാനം പ്രകാരം അനിൽ കുമാർ സമർപ്പിച്ച 584600.08 രൂപയുടെ ടെണ്ടർ അംഗീകരിച്ചു.

05/03/2022 ലെ നമ്പറില്ലാത്ത കത്ത് മുഖേന കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകി.

05/03/2022 ന് AE/LID&EW/KPTA/37/2021-22 നമ്പറായി അസി.എഞ്ചിനീയർ, കോൺട്രാക്റ്റർ പദ്ധതി നിർവ്വഹണത്തിനായി കരാർ നൽകി.

പദ്ധതി നിർവ്വഹണത്തിനായി സൈറ്റ് കൈമാറിയതിന്റെ രേഖകളില്ല.

പ്രോജക്റ്റ് പൂർത്തീകരണത്തിനായി 652169/- രൂപ ചെലവഴിച്ചിട്ടുണ്ട്.

ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

1. ,സൈറ്റ് കരാറുകാരന് കൈമാറിയതിന്റെ രേഖകളില്ല

2. എം.ബുക്ക് പേജ് നം1,2,3,4,5,6,7,8 എന്നിവ പ്രകാരം നടത്തിയ അളവുകൾ പ്രവൃത്തി നടത്തുന്നതിനായി കരാറുകാരനുമായി കരാറിൽ ഏർപ്പെടുന്നതിന് മുമ്പാണ് നടത്തിയിട്ടുള്ളത്. ഇവ എസ്റ്റിമേറ്റ് ഇനം 6,1,7,2,8,10, എന്നിവയാണ്. പ്രവൃത്തിയുടെ മരാമത്ത് ബിൽ പ്രകാരം മേൽ എസ്റ്റിമേറ്റ് ഇനം പ്രവൃത്തികൾക്ക് നൽകിയ തുക താഴെ ചേർക്കുന്നു.

| ക്രമ നം | എസ്റ്റിമേറ്റ് ഇനം നം | നൽകിയ തുക |
|---|---|---|
| 1 | 1 | 5075.41 |
| 2 | 2 | 85575.73 |
| 3 | 6 | 3952.88 |
| 4 | 7 | 8055.78 |
| 5 | 8 | 15562.63 |
| 6 | 10 | 4869.76 |
| | ആകെ പ്രവൃത്തി മൂല്യം | 123092.19 |
| | 12% ജി.എസ്.റ്റി | 14771.06 |
| | ഒട്ടാകെ | 137863.25 |

മേൽ അളവുകൾ 3/3/2022 ന് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്തിട്ടുണ്ട്.

3. കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കൽപ്പറ്റ നഗരസഭ പരിധിയിലാണ് സ്ഥിതി ചെയ്യുന്നത്. പ്രവൃത്തി നടത്തിയ റോഡ് കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കുന്നതിന്

നേരിട്ട് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. നിലവിൽ പ്രസ്തുത റോഡ് റോഡിനിരുവശവും ഭൂമി കൈവശമുള്ള സ്വകാര്യ വ്യക്തികളും പൊതുജനങ്ങളും ഉപയോഗപ്പെടുത്തുന്നുണ്ട്. നഗരസഭ പരിധിയിലെ പൊതു റോഡ് പ്രവൃത്തികൾ നടത്തേണ്ടത് അതത് നഗരസഭകളാണ്. കൂടാതെ നിലവിൽ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് ദേശീയ പാതയിൽ നിന്നും ആരംഭിക്കുന്ന റോഡ് അവസാനിക്കുന്നത് കൽപ്പറ്റ നഗരസഭയുടെ ബസ് സ്റ്റാന്റ് അതിർത്തിയിലെ മതിലിലേക്കാണ്. പ്രസ്തുത മതിലിൽ നിന്നും ആരംഭിച്ച് ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് പ്രവർത്തിരുന്ന കെട്ടിടത്തിന്റെ അതിർത്തി വരെ ഐറിഷ് ഡയിനേജ് പ്രവൃത്തി നടത്തിയതിന് തുക അനുവദിച്ചു. റോഡ് കണക്റ്റിവിറ്റി ഇല്ലാതെ സ്വകാര്യ വ്യക്തികളുടെ ഭൂമിയിലേക്ക് യാത്ര സൗകര്യം ഒരുക്കുന്നതിനുള്ള പ്രവൃത്തി മാത്രമാണ് നടത്തിയിട്ടുള്ളത്. ഈ പ്രവൃത്തി തന്നെ നടത്തിയിട്ടുള്ളത് നിയമാനുസൃത അനുമതി ഇല്ലാതെയാണ്.

4. ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് നിലവിലുള്ള റോഡിന്റെ രണ്ട് ഭാഗങ്ങൾ പരസ്പരം ബന്ധിപ്പിക്കുന്നതിന് സ്വകാര്യ വ്യക്തികളുടെ ഭൂമികൾക്കിടയിലൂടെ പോകുന്ന ലിങ്ക് റോഡ് കോൺക്രീറ്റ് പ്രവൃത്തി നടത്തിയിട്ടുണ്ട്. ഈ റോഡ് കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതാണെന്ന് തെളിയിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. നേരിൽ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. കോൺക്രീറ്റ് പ്രവൃത്തി നടത്തിയ സ്ഥലം കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

5. പ്രസ്തുത പ്രവൃത്തിക്ക് ബോർഡ് സ്ഥാപിക്കുന്നതിനായി എസ്റ്റിമേറ്റ് ഇനം നം. 5 ആയി 2925.73 രൂപ നൽകിയതായി ബില്ലിലും ബോർഡ് സ്ഥാപിച്ചതായി എം.ബുക്ക് പേജ് നം.12ലും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥലത്ത് ബോർഡ് സ്ഥാപിച്ചിട്ടില്ല. ഇത്തരത്തിൽ 3276.81 രൂപ (2925.73+12GST) അധികം നൽകിയിട്ടുണ്ട്.

6. എസ്റ്റിമേറ്റിലെ ഇനം നം.3 (റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ), ഇനം നം.9. ഇനം നം.11 എന്നിവയുടെ അളവെടുത്തത് 10.03.2022 നും ചെക്ക് മെഷർ ചെയ്തത് 11.03.2022നും ആണ്. കോൺക്രീറ്റ് പ്രവൃത്തികളുടെ അളവുകൾ എടുക്കേണ്ടത് ക്യൂറിംഗ് പ്രവൃത്തികൾ ഉൾപ്പടെയാണ്. 05.03.2022ന് കരാറിൽ ഏർപ്പെട്ടതിന് ശേഷം സൈറ്റ് കൈമാറിയതിന്റെ രേഖകളില്ലാത്തതിനാൽ തന്നെ തൊട്ടടുത്ത ദിവസം തന്നെ പ്രവൃത്തി ആരംഭിച്ചാൽ തന്നെ പ്രാഥമിക പ്രവൃത്തികൾക്ക് ഒരു ദിവസവും കോൺക്രീറ്റ് പ്രവൃത്തികൾക്കും നൽകിയാൽ 7.3.22 മുതൽ ആയതിന്റെ ക്യൂറിംഗ് പ്രവൃത്തി കാലാവധി 15 ദിവസം നൽകിയാൽ 22.3.2022 ന് ശേഷം മാത്രമാണ് അളവുകളെടുക്കുന്നതിന് പാടുള്ളൂ. എന്നാൽ എം.ബുക്ക് പ്രകാരം എസ്റ്റിമേറ്റ് ഇനം 3 ന്റെ അളവുകൾ 10.03.22 ന് അസി.എഞ്ചിനീയർ എടുക്കുകയും 11.03.22 ന് അസി.എക്സി എഞ്ചിനീയർ ചെക്ക് മെഷർ നടത്തുകയും ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റ് ഇനം 9, 11 എന്നിവയുടെ അളവുകൾ 10.03.22നും എസ്റ്റിമേറ്റ് ഇനം 4,5 എന്നിവയുടെ അളവുകൾ 14.03.22നും എടുക്കുകയും 15.03.22 ന് അസി.എക്സി എഞ്ചിനീയർ ചെക്ക് മെഷർ നടത്തുകയും ചെയ്തു.

7. ബ്ലോക്ക് ഓഫീസ് റോഡ് കൽപ്പറ്റ നഗരസഭയുടെ ആസ്തിയിൽ ഉൾപ്പെടുന്നതിനാലും ലിങ്ക് റോഡ് ബ്ലോക്ക് ഓഫീസിന്റെ തനത് ആസ്തി അല്ലാത്തതിനാലും പ്രസ്തുത സ്ഥലത്ത് കോൺക്രീറ്റ് നടത്തിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

8.എസ്റ്റിമേറ്റിൽ റോഡ് പ്രവൃത്തിയുടെ ചെയിനേജ് നൽകിയതിന് കൃത്യത ഇല്ല. സൈറ്റ് പ്ലാനിലും ചെയ്നേജ് സംബന്ധിച്ച് വിശദീകരിച്ചിട്ടില്ല. ആയതിനാൽ പ്രവൃത്തിയുടെ ചെയ്നേജിന്റെ കൃത്യത ഉറപ്പ് വരുത്തി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും രേഖകൾ ഹാജരാക്കേണ്ടുതമാണ്. പ്രവൃത്തി നടത്തുന്നതിന് അനുവാദം നൽകുന്നതിന് മുമ്പ് നടത്തിയതായി അവകാശപ്പെട്ട് എം.ബുക്കിൽ രേഖപ്പെടുത്തി തുക നൽകിയ 137863.25 രൂപയുടെയും ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയിലോ ഏതെങ്കിലും തദ്ദേശ സ്ഥാപനത്തിന്റെ ഉടമസ്ഥതിയിലോ അല്ലാത്തതും സ്വകാര്യവ്യക്തികളുടെ ഭൂമിയിലേതുമായ മറ്റ് കോൺക്രീറ്റ് പ്രവൃത്തികൾക്ക് നൽകിയ 514306 രൂപയുമടക്കം ആകെ 652169 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രസ്തുത തുക റോഡ് പ്രവൃത്തിക്ക് അംഗീകാരം നൽകുന്നതിനായി 24/11/2021 ൽ ചേർന്ന ഭരണസമിതി യോഗത്തിൽ പങ്കെടുത്ത 14 ഭരണ സമിതി അംഗങ്ങൾ, നിർവ്വഹണ ഉദ്യോഗസ്ഥൻ, വെറ്റിംഗ് ഓഫീസർ , സെക്രട്ടറി എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി സഞ്ചിത നിധിയിലേക്ക് ഒടുക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 20 തീയതി 09.02.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-28 12 ലക്ഷം രൂപ വകയിരുത്തിയിട്ടും ഷി ലോഡ്ജ് പ്രവർത്തനക്ഷമമാക്കിയില്ല.

ഓഡിറ്റ് വർഷം ഷി ലോഡ്ജിന് വേണ്ടി 12 ലക്ഷം രൂപ വകയിരുത്തി പ്രോജക്റ്റ് ആവിഷ്കരിക്കുകയും 389029 രൂപ സിവിൽ പ്രവൃത്തികൾക്കായി ചെലവഴിക്കുകയും ചെയ്തു.എന്നാൽ നാളിതുവരെയും ഷീ ലോഡ്ജ് പ്രവർത്തനസജ്ജമായിട്ടില്ല.

- നിർവഹണം-അസി.എക്സി.എഞ്ചിനീയർ
- പ്രൊജക്ട് നമ്പർ -96/22
- പ്രോജക്ട് - ഷി ലോഡ്ജ്

- അടങ്കൽ -12 ലക്ഷം
- ഫണ്ട്-വികസനഫണ്ട്-ജനറൽ
- ചെലവഴിച്ച തുക- 389029 ബിൽ നമ്പർ-38/21-2230.03.22

പഴയ ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് ഷീ ലോഡ്ജ് ആക്കിമാറ്റുന്നതിന് വേലി സ്ഥാപിക്കുന്നതിനും പെയിന്റിംഗിനുമാണ് തുക ചെലവഴിച്ചത്. പദ്ധതി പ്രവർത്തനസജ്ജമാകാത്തതിനാൽ പ്രസ്തുതകെട്ടിടം നിലവിൽ വെറുതെ കാട്ടുമൂടി കിടക്കുകയാണ്.



ഷീലോഡ്ജ് ആക്കിമാറ്റാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ നിലവിലെ അവസ്ഥ

ഓഡിറ്റ് എൻക്വയറി നം. 10/21-22/06.02.23 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല. തുടർനടപടികൾ അറിയിക്കേണ്ടതാണ്. തൻവർഷത്തെ ചെലവ് 389029 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-29 തണൽ വൃദ്ധസദനം-33 .64ലക്ഷം രൂപ ചെലവഴിച്ചിട്ടും പദ്ധതി യാഥാർത്ഥ്യമായില്ല.

2018-19 വർഷം 2864900 രൂപ ചെലവഴിച്ച് തണൽ വൃദ്ധസദനത്തിന് വേണ്ടി കെട്ടിടം നിർമ്മിക്കുകയും പ്രസ്തുത കെട്ടിടത്തിന്റെ പൂർത്തീകരണത്തിന് വേണ്ടി 2021-22 വർഷം 500000 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

21-22 വർഷം ചെലവഴിച്ച തുകയുടെ വിവരങ്ങൾ ഇപ്രകാരമാണ്.

- പ്രോജക്ട് നമ്പർ-17/22പ്രോജക്ട്-തണൽ വയോജനകേന്ദ്രം പൂർത്തീകരണം
- നിർവഹണം-അസി.എഞ്ചിനീയർ
- ചെലവഴിച്ച തുക-450518(വികസനഫണ്ട്-ജനറൽ)
- ബിൽനമ്പർ/തീയതി-42/21-22/29.03.22

കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച യാതൊരു രേഖകളും ഫയലിൽ ഇല്ല. 04.02.23 ന് നടത്തിയ സ്ഥലപരിശോധനയിൽ താഴെപ്പറയുന്ന വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടു. കെട്ടിടം പണിതീർത്തിട്ടുണ്ട്.ചേരിയംകല്ലി എന്ന സ്ഥലത്തുനിന്നും നാലു കിലോമീറ്ററോളം ഉൾഭാഗത്തായി 150 മീറ്ററോളം വയലിൽ കൂടി നടന്നാലേ കെട്ടിടത്തിലേക്ക് പ്രവേശിക്കാൻ കഴിയൂ.വഴിയുടെ ഉടമസ്ഥത ബ്ലോക്ക് പഞ്ചായത്തിന് വിട്ടു നൽകിയിട്ടില്ല. നിലവിലും കെട്ടിടം ഉപയോഗക്ഷമമാക്കിയിട്ടില്ല.ബ്ലോക്ക് പഞ്ചായത്ത് അറിയിച്ചത് പ്രകാരം സ്ഥലം ബ്ലോക്ക് പഞ്ചായത്തിന് വിട്ടുനൽകിയിട്ടുണ്ടെങ്കിലും ആയതിന്റെ രേഖകൾ ബ്ലോക്ക് പഞ്ചായത്തിൽ ഇല്ല. ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ്, ചുറ്റുമതിൽ, കിണർ എന്നിവ ഇനിയും ചെയ്തിട്ടില്ല.



തണൽ വൃദ്ധസദനത്തിന് വേണ്ടി പണിത കെട്ടിടം

ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ്, ചുറ്റുമതിൽ, കിണർ എന്നിവയ്ക്കായി നിലവിൽ 2022-23 വർഷം 158/23 നമ്പർ പ്രോജക്റ്റിൽ വികസനഫണ്ട് ജനറൽ 1517260 രൂപ വകയിരുത്തി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

സ.ഉ.(കൈ)നം.11/2018 തസ്വഭവ 29.01.2018 ഖ.6.5.7 പ്രകാരം വൃദ്ധസദനം ആരംഭിക്കുന്നതിനുള്ള പ്രോജക്ടുകൾ ഗ്രാമ,ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാമെങ്കിലും അതിന്റെ നടത്തിപ്പ്, സംവിധാനം, ആവർത്തനച്ചെലവുകൾ എങ്ങനെ കണ്ടെത്തും തുടങ്ങിയ വിശദാംശങ്ങൾ അടങ്ങിയ വിശദമായ പദ്ധതി റിപ്പോർട്ട് കൂടി സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതായിരുന്നു. എന്നാൽ ഈ നടപടിക്രമങ്ങൾ ഒന്നും പാലിച്ചിട്ടില്ല. നിലവിൽ പണിതീർത്ത കെട്ടിടം നിഷ്ക്രിയാസ്തിയായി തുടരുന്നു.

ഓഡിറ്റ് എൻക്വയറി നം.16/21-22/06.02.23 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല. 450518രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കെട്ടിടം നിഷ്ക്രിയാസ്തിയായി മാറാതിരിക്കാൻ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-30 റോഡ് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ അപാകതകൾ

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ 2018-19മുതലുള്ള അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനായുള്ള സ.ഉ. (കൈ)11/2018/തസ്വഭവ തിയ്യതി.29.01.2018 ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഗ്രാമപഞ്ചായത്ത് നിയന്ത്രണത്തിലുള്ള റോഡ് പ്രവത്തി ഏറ്റെടുക്കാൻ അനുവാദം നൽകിയിട്ടുണ്ട്. കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് 2021-22 വാർഷിക പദ്ധതിയിലുൾപ്പെടുത്തി പൊതുമരാമത്ത് പ്രവൃത്തികളിൽ റോഡു പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത ചില റോഡു പ്രവൃത്തികളുടെ വിശദാംശം ചുവടെ കൊടുക്കുന്നു.പ്രവൃത്തികളുടെ നിർവഹണോദ്യോഗസ്ഥൻ അസി.എക്സി.എഞ്ചിനീയർ ആണ്.

| ക്രമനമ്പർ | പ്രവൃത്തി | പഞ്ചായത്ത് | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 44/22<br>പൂളക്കൊല്ലി വണ്ടിയാമ്പറ്റ റോഡ് -മടക്കിമല<br>വികസനഫണ്ട്-ജനറൽ<br>അടങ്കൽ-5 ലക്ഷം | കോട്ടത്തറ | 436800-7/21-22/05.01.22 |
| 2 | 103/22<br>അരമ്പറ്റ മാന്തോട്ടം റോഡ് ടാറിംഗ്<br>സി.എഫ്.സി<br>അടങ്കൽ-547000 | പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് | 518338-CFC/AEE/6/21-22 /22.03.22 |
| 3 | 23/22<br>മാണ്ടാട് കനാൽ റോഡ്<br>വികസനഫണ്ട്-ജനറൽ<br>അടങ്കൽ-5 ലക്ഷം | മുട്ടിൽ | 499220-43/21-22/30.03.22 |

മേൽ സർക്കാർ ഉത്തരവ് ഖണ്ഡിക 7.13.(3) പ്രകാരം, ഗ്രാമപഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട 6 മീറ്ററിൽ കുറയാത്ത വീതിയുള്ള റോഡുകൾ ആണ് ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നത്. ഗ്രാമപഞ്ചായത്ത് നിയന്ത്രണത്തിലുള്ള റോഡുകളിൽ ബ്ലോക്ക് പഞ്ചായത്ത് പ്രവൃത്തി ഏറ്റെടുക്കുന്നതിന് ബന്ധപ്പെട്ട പഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതപത്രം ലഭ്യമാക്കേണ്ടതാണ്. മേൽ പറഞ്ഞ പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചപ്പോൾ ഗ്രാമപഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട 6 മീറ്ററിൽ കുറയാത്ത വീതിയുള്ള റോഡുകൾ ആണ് ഇവയെന്നതിന്റെ രേഖകളും ബന്ധപ്പെട്ട പഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതപത്രവും ലഭ്യമാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.എസ്റ്റിമേറ്റ് പ്രകാരം ഈ റോഡുകൾക്കെല്ലാം വീതി മൂന്ന് മീറ്റർ മാത്രമാണ്.ഇതുപോലെ തൻവർഷം വിവിധപഞ്ചായത്തുകളിലുള്ള ആറുമീറ്ററിൽ കുറവ് വീതിയുള്ള പല റോഡുകളും ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് ചെയ്തിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം.15/21-22/08.02.23 പ്രകാരം ആവശ്യപ്പെട്ടെങ്കിലും വിവരങ്ങൾ ലഭ്യമാക്കിയില്ല. ആയതിനാൽ 14,54,358 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-31 പ്രോജക്ടുകളുടെ ഫയലുകൾ ക്രമീകരിച്ച് സൂക്ഷിച്ചിട്ടില്ല

ഓഡിറ്റ് വർഷം പട്ടികജാതി വികസനഓഫീസർ നടപ്പാക്കിയ പദ്ധതികളുടെ ഫയലുകൾ ഓഡിറ്റ് പരിശോധനക്ക് പര്യാപ്തമായ വിധം സൂക്ഷിച്ചിട്ടില്ല.ഓരോ പ്രോജക്ടുകളുടെയും ഒപ്പം അതാതിന്റെ ബില്ലുകൾ ,യു.ടി ആർ സ്റ്റേറ്റ്മെന്റ് എന്നിവ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

പഠനമുറി, ഉപരിപഠനധനസഹായം എന്നിവയ്ക്ക് തുകകൾ നൽകിയത് സംബന്ധിച്ച രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. പഠനമുറി പണിതീർത്തതിന്റെ മൂല്യനിർണ്ണയസർട്ടിഫിക്കറ്റുകൾ എല്ലാ ഫയലിലും സൂക്ഷിച്ചിട്ടില്ല. ഓഡിറ്റിന് ലഭ്യമായ രേഖകൾപ്രകാരം 2020-21, 2019-20 വർഷങ്ങളിൽ അനുവദിച്ച്, ഗഡുക്കൾ നൽകിയ പഠനമുറികളും പൂർത്തീകരിക്കാൻ ബാക്കിയുണ്ട്. ഇവയ്ക്ക് ഈ വർഷം തുക അനുവദിച്ചിട്ടുണ്ടോയെന്നും വ്യക്തമല്ല. ഓരോ പ്രോജക്ടിന്റെയും ഫയലുകൾ, പിൻവലിച്ച തുക ഗുണഭോക്താക്കൾക്ക് നൽകിയതിന്റെ വിവരങ്ങൾ, ഓരോ ഗുണഭോക്താക്കളുടെയും രേഖകൾ എന്നിവ ക്രമീകരിച്ച് സൂക്ഷിച്ചിട്ടില്ല. ആയതിനാൽ തൻവര്ഷം പിൻവലിച്ച തുകയുടെ വിനിയോഗവിവരങ്ങൾ പരിശോധിക്കാൻ സാധിച്ചില്ല.

വാർഷിക പദ്ധതിചെലവുകണക്കുകൾ പ്രകാരം തൻവർഷം ചെലവഴിച്ച തുകകൾ ഇപ്രകാരമാണ്.

| പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റ് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 95/22 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി | 2800000 | 2650000 |
| 94/22 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിട്ടോറിയസ് സ്കോളർഷിപ്പ് | 1227600 | 1227600 |
| 29/22 | പട്ടികജാതി വിദ്യാർത്ഥിനികൾക്ക് മെറിട്ടോറിയസ് സ്കോളർഷിപ്പ് | 2181000 | 2181000 |
| 149/22 | പ്രളയത്തിൽ കേടുപാട് പറ്റിയ പട്ടികജാതി കുടുംബങ്ങളുടെ വീടുകൾക്ക് ധനസഹായം | 50000 | 50000 |
| | ആകെ | 6258600 | 6108600 |

ഓഡിറ്റിന് പര്യാപ്തമായ രീതിയിൽ പയലുകൾ ക്രമീകരിച്ച് ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം. 22/21-22 /10.02.23 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയിട്ടില്ല. 6108600 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഫയലുകൾ ക്രമീകരിച്ച് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-32 കുലിച്ചെലവ് സബ്സിഡി- ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് നൽകിയ തുക അക്കൗണ്ടിൽ ക്രഡിറ്റ് ആയില്ല.

തൻവർഷം കൂലിച്ചെലവ് സബ്സിഡി നൽകുന്നതിനായി രണ്ട് പ്രോജക്ടുകളിലായി തുക ചെലവഴിച്ചിട്ടുണ്ട്. UTR സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന തുകകൾ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിൽ എത്തിയിട്ടില്ല എന്ന് കാണുന്നു.

| പ്രോജക്റ്റ് | ബിൽനമ്പർ/തീയതി | തുക | ഗുണഭോക്താവിന് നൽകിയതുകയിൽ അക്കൗണ്ടിൽ വരാത്തത് | |
|---|---|---|---|---|
| 13/22 കൂലിച്ചെലവ് സബ്സിഡി ജനറൽ | 89/20.11.21 | 2,33,756 | നാരായണൻ | 7,500 |
| | 145/22.11.21 | 2,36,628 | അനിൽകുമാർ | 884 |
| | | | സണ്ണി.എം.വി | 1,105 |
| | 100/29.11.21 | 1,87,986 | കൃഷ്ണരാജ് | 2,654 |

| | | | | |
|---|---|---|---|---|
| | | | ബാബു.വി.കെ | 885 |
| | | | രവി | 885 |
| | | | വാണി സുബ്രഹ്മണ്യൻ | 3,185 |
| | 77/15.12.21 | 4,74,091 | വിജയകുമാരൻ | 944 |
| | | | ജമീല | 1,888 |
| | | | അബ്ദുള്ള | 920 |
| | | | രതീഷ് | 425 |
| | | | വിജയകുമാർ | 897 |
| | | | റഷീദ് | 1,888 |
| | | | ഷമീന | 330 |
| 16/22 കൂലിച്ചെലവ് സബ്സിഡി എസ്.ടി | 73/29.11.21 | 1,79,230 | രാമൻ | 3,824 |

ഓഡിറ്റ് എൻക്വയറി.നം. 17/21-22തീയതി 08.02.23 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല. ഉണഭോക്താക്കൾക്ക് അർഹമായ തുക നൽകാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-33 നടപടിക്രമങ്ങൾ പാലിക്കാതെ പൊതുമരാമത്ത് പ്രവൃത്തി നടപ്പാക്കി.

പൊതുമരാമത്ത് പ്രവൃത്തിയിലുൾപ്പെടുത്തി നടപ്പാക്കേണ്ട ഓഫീസ് പുനരുദ്ധാരണപ്രവൃത്തി എസ്റ്റിമേറ്റ് തയ്യാറാക്കാതെ, മൂല്യനിർണ്ണയം നടത്താതെ നടപ്പാക്കി.

വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

- നിർവഹണം-മെഡിക്കൽ ഓഫീസർ,എഫ്.എച്ച്.സി,മേപ്പാടി
- പ്രൊജക്റ്റ് നമ്പർ -235/22
- പ്രോജക്റ്റ് - മേപ്പാടി എഫ്.എച്ച്.സി.ഓഫീസ് നവീകരണവും കമ്പ്യൂട്ടറുകളും അനുബന്ധഉപകരണങ്ങളും വാങ്ങലും
- അടങ്കൽ -7ലക്ഷം
- ഫണ്ട്-മെയിന്റനൻസ് ഫണ്ട് ഫണ്ട് (റോഡിതരം)
- ചെലവഴിച്ച തുക- 7 ലക്ഷം-

പദ്ധതിയിലുൾപ്പെടുത്തി കമ്പ്യൂട്ടറുകളും അനുബന്ധഉപകരണങ്ങളും വാങ്ങുകയും നിലം ടൈലിടുന്നതുൾപ്പെടെയുള്ള സിവിൽ പ്രവൃത്തികൾ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതിൽ 319087രൂപ താഴെപ്പറയുന്ന പ്രവൃത്തികൾ നടത്തിയതിന് പുൽപ്പള്ളി ലേബർ കോൺട്രാക്റ്റ് സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്.

1.Providing And Fixing Floor Tiles-60 Sq.ft X 1086.28=65177

2.caboard Work -118 Sq.ft X1200 =141600

3.painting Work 541 Sq.ft X120 =64920

4.fixing Water Closet =8900

5.Toilet Fittings = 4818

GST Payments @12% =33672

Total =319087

ബിൽ നമ്പർ- 28/26.03.22

പുൽപ്പള്ളി ലേബർ കോൺട്രാക്റ്റ് സൊസൈറ്റി നൽകിയ ബിൽപ്രകാരം തുക നൽകുകയാണ് ചെയ്തിട്ടുള്ളത്. എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ടെണ്ടർ വിളിക്കുകയോ,മൂല്യനിർണ്ണയം നടത്തുകയോ ചെയ്യാതെയാണ് തുക ചെലവഴിച്ചത്. ബ്ലോക്ക് പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിനോട് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകാൻ ആവശ്യപ്പെട്ടിരുന്നതായി നിർവഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. എന്നിരുന്നാലും നടപടിക്രമങ്ങൾ പാലിക്കാതെ ഇത്തരം പ്രവൃത്തികൾ നടത്തിയത് അനുവദിക്കാവുന്നതല്ല. ഓഡിറ്റ് എൻക്വയറി നം. 23/21-22/10.02.23 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല. 319087 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-34 സൈറ്റിൽ ലഭ്യമായ മണ്ണിന്റെ അളവ് കുറക്കാത്തതിനാലും കൺസോളിഡേഷൻ കുറക്കാത്തതിനാലും അധികച്ചെലവ്

കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വർഷത്തെ ഓഡിറ്റിൽ താഴെപ്പറയുന്ന പ്രവൃത്തികളിൽ സൈറ്റിൽ ലഭ്യമായ മണ്ണിന്റെ അളവും കൺസോളിഡേഷനും കുറവ് വരുത്തിയിട്ടില്ല.

എ) പ്രോജക്ട് നമ്പർ-176/22

- പ്രോജക്ട്- അടുവാൻകുന്ന് പുതുശ്ശേരി റോഡ് സൈഡ് കെട്ട്
- നിർവഹണം-അസി എഞ്ചിനീയർ
- അടങ്കൽ-500000
- ഫണ്ട്- വികസന ഫണ്ട്
- ബിൽ നമ്പർ- 5/21-22/14.03.22
- അളവുപുസ്തകം-18/21-22/pages 1-16

എസ്റ്റിമേറ്റിലെ ക്രമനമ്പർ 1 പ്രകാരം സൈഡ് പ്രൊട്ടക്ഷനുവേണ്ടി 24.72 ഘന മീറ്റർ മണ്ണ് കട്ട് ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റിലെ ക്രമനമ്പർ 2(1) പ്രകാരം 255.855ഘന മീറ്റർ മണ്ണ് കരാറുകാരൻ കൊണ്ടുവന്ന് നിറച്ചതിന്കട്ട് ചെയ്ത മണ്ണിന്റെ 60% മാത്രം കുറച്ചതിന് ശേഷം തുക നൽകിയിട്ടുണ്ട്.സൈറ്റിൽ ലഭ്യമായ മണ്ണിന്റെ അളവും നിയമാനുസൃതം കുറക്കേണ്ട കൺസോളിഡേഷനും കുറവ് വരുത്താത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 27/21-22/10.02.23 ന് നിർവഹണോദ്യോഗസ്ഥൻ നൽകിയ മറുപടിനൽകിയിട്ടില്ല. മണ്ണ് അമരുമ്പോൾ കുറക്കേണ്ട കുറവ് വരുത്താത്തതിന് റോളർ ഉപയോഗിച്ച് അമർത്തി ഒതുക്കിയതായി സാക്ഷ്യപ്പെടുത്തിയിട്ടില്ല . കൺസോളിഡേഷൻ 20% കുറവ് വരുത്തിയിട്ടില്ല. 255.855 മീറ്റർ നിറച്ചതിന് 20% കൺസോളിഡേഷൻ കുറയ്ക്കാത്തതിനാൽ ഘ.മീറ്ററിന് 173 രൂപ നിരക്കിൽ 8852.583+12% = 9914.89രൂപ അധികം നൽകിയിട്ടുണ്ട്.യഥാർത്ഥത്തിൽ നൽകാവുന്നത് ഇപ്രകാരമാണ്.

- നിറച്ച മണ്ണ്-255.855
- കുറക്കുക കൺസോളിഡേഷൻ20%-51.171
- സൈറ്റിൽ ലഭ്യമായ മണ്ണിന്റെ 60% = - 14-84
- ബാക്കി-189.844
- നൽകാവുന്ന തുക-189.844x173=₹32843
- നൽകിയ തുക-241.02x173 ₹ 41695.6
- അധികം നൽകിയ തുക=₹8852.6
- ജി.എസ്.റ്റി =₹1062.312
- ആകെ = 9914.9

ബി) പ്രോജക്ട് നമ്പർ-194/22

- പ്രോജക്ട്- സി.ടി.രഘുനാഥൻപടി റോഡ് കൽവർട്ട്
- നിർവഹണം-അസി എഞ്ചിനീയർ
- അടങ്കൽ-500000
- ഫണ്ട്- വികസന ഫണ്ട്
- ബിൽ നമ്പർ-6/21-22/25.02.2022
- അളവുപുസ്തകം-41/21-22/pages 1-21

എസ്റ്റിമേറ്റിലെ ക്രമനമ്പർ 1 കൾവെർട്ടിനുള്ള എസ്റ്റിമേറ്റിലെ ക്രമനമ്പർ 1 പ്രകാരം 69 ഘന മീറ്റർ മണ്ണ് കട്ട് ചെയ്തിട്ടുണ്ട്.എസ്റ്റിമേറ്റിലെ ക്രമനമ്പർ 10 പ്രകാരം 135ഘന മീറ്റർ മണ്ണ് കരാറുകാരൻ കൊണ്ടുവന്ന് നിറച്ചതിന് സൈറ്റിൽ ലഭ്യമായ മണ്ണും കൺസോളിഡേഷനും കുറക്കാതെ തുക നൽകിയിട്ടുണ്ട്.സൈറ്റിൽ ലഭ്യമായ മണ്ണിന്റെ അളവും നിയമാനുസൃതം കുറക്കേണ്ട കൺസോളിഡേഷനും കുറവ് വരുത്താത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 27 /21-22/10.02..23 ന് നിർവഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല..കട്ട് ചെയ്തമണ്ണ് ഉപയോഗശൂന്യമാണ് എന്ന് അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.മണ്ണ് അമരുമ്പോൾ കുറക്കേണ്ട കുറവ് വരുത്താത്തതിന് റോളർ ഉപയോഗിച്ച് അമർത്തി ഒതുക്കിയതായി സാക്ഷ്യപ്പെടുത്തിയിട്ടില്ല. സൈറ്റിൽ ലഭ്യമായ മണ്ണിന്റെ അളവ് കൺസോളിഡേഷൻ എന്നിവ കുറയ്ക്കാതെ 135 M2 നിറച്ചതിന് ഘ.മീറ്ററിന് 274.05 രൂപ നിരക്കിൽ ₹26308.8 രൂപയും 12% ജി.എസ്.റ്റിയും നൽകിയിട്ടുണ്ട്.യഥാർത്ഥത്തിൽ നൽകാവുന്നത് ഇപ്രകാരമാണ്.

- നിറച്ച മണ്ണ്-135
- കുറക്കുക കൺസോളിഡേഷൻ20%-27

- സൈറ്റിൽ ലഭ്യമായ മണ്ണ്-69
- ബാക്കി-39
- നൽകാവുന്ന തുക-39x274.05=₹10687.95
- നൽകിയ തുക-135x274.05= ₹36996.75
- അധികം നൽകിയ തുക=₹26308.8
- മേൽ തുകയ്ക്ക് നൽകിയ ജി.എസ്.റ്റി =₹3157.05
- ആകെ അധികം നൽകിയത് =₹29465.86

ആകെ അധികം നൽകി തുക (₹9914.92+₹29465.86) 39380.776യുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദികളിൽ നിന്നും തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്. (ഖണ്ഡിക 3-4 കൂടി കാണുക)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഹോസ്പിറ്റൽകുന്ന് കുടിവെള്ളപദ്ധതി-ഇലക്ട്രിഫിക്കേഷന് തുക വകയിരുത്താത്തതിനാൽ 396238 രൂപ പാഴായി.

ഓഡിറ്റ് വർഷം തുക ചെലവഴിച്ച ഹോസ്പിറ്റൽകുന്ന് കുടിവെള്ളപദ്ധതിക്ക് ഇലക്ട്രിഫിക്കേഷനുവേണ്ടി തുക വകയിരുത്താത്തതിനാൽ നിലവിലും പദ്ധതി പ്രവർത്തനക്ഷമമായിട്ടില്ല.

- നിർവഹണം-അസി.എക്സി.എഞ്ചിനീയർ
- പ്രൊജക്ട് നമ്പർ -108/22
- പ്രോജക്ട് - ഹോസ്പിറ്റൽകുന്ന് കുടിവെള്ളപദ്ധതി നവീകരണം
- അടങ്കൽ -5 ലക്ഷം
- ഫണ്ട്-CFC
- ചെലവഴിച്ച തുക -396238- CFC/AEE/9/21-22/30.03.22

പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽനിന്നും മുൻപ് ഉണ്ടായിരുന്ന കുടിവെള്ളപദ്ധതിയുടെ റിപ്പയറിനും പൂർത്തീകരണത്തിനുമാണ് പദ്ധതി നടപ്പാക്കിയത് എന്ന് കാണുന്നു. എസ്റ്റിമേറ്റ് പ്രകാരം പൈപ്പ് ലൈൻ,ടാങ്ക്,മോട്ടോർ എന്നിവയ്ക്കാണ് തുക വകയിരുത്തിയിരിക്കുന്നത്.

ഫയലിൽ എസ്റ്റിമേറ്റ് റിപ്പോർട്ട് ഇല്ല.കുടിവെള്ളപദ്ധതിയുടെ ഉടമസ്ഥത,മുൻപ് നടപ്പാക്കിയിരുന്ന പദ്ധതികൾ, ഏത് വർഷം ആര് നടപ്പാക്കിയതാണ് ,നിലവിലെ ആവശ്യകത,ബന്ധപ്പെട്ട പഞ്ചായത്തിന്റെ സാക്ഷ്യപത്രം, ഗുണഭോക്തൃസമിതിയുടെ വിവരങ്ങൾ, നിലവിലെ അവസ്ഥ സംബന്ധിച്ച വിവരങ്ങൾ എന്നിവ ഫയലിൽ ഇല്ല.

04.02.23 ന് നടത്തിയ സ്ഥലപരിശോധനയിൽ താഴെപ്പറയുന്ന വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

പദ്ധതി നിലവിലും പ്രവർത്തിക്കുന്നില്ല. ഇലക്ട്രിഫിക്കേഷനുള്ള തുക വകയിരുത്തിയിട്ടില്ല. സ്വകാര്യവ്യക്തിയുടെ പറമ്പിൽ ഉള്ള കിണറിനടുത്ത് പാനൽബോർഡിനുള്ള ബോക്സ് സ്ഥാപിച്ചിട്ടുണ്ട്. പാനൽബോർഡ് സ്ഥാപിച്ചിട്ടില്ല. പൈപ്പ് ലൈൻ സ്ഥാപിച്ചിരിക്കുന്നതും സ്വകാര്യവ്യക്തിയുടെ പറമ്പിൽ കൂടിയാണ്. ഹോസ്പിറ്റൽ പരിസരത്ത് സ്ഥാപിച്ചിരിക്കുന്ന ടാങ്കിനടുത്ത് വരെ പൈപ്പ് കണക്ഷൻ ഉണ്ടെങ്കിലും ഡിസ്ചാർജ്ജ് പൈപ്പ് നൽകിയിട്ടില്ല. മോട്ടോർ കിണറിനുള്ളിൽ ഉണ്ടോയെന്ന കാര്യം വ്യക്തമല്ല. പദ്ധതി ഒരു തവണപോലും പ്രവർത്തിപ്പിച്ച് പ്രവർത്തനക്ഷമത ഉറപ്പുവരുത്താതെയാണ് മുഴുവൻ തുകയും കരാറുകാരന് നൽകിയത്.

ആവശ്യമായ ഇനങ്ങൾക്ക് തുക വകയിരുത്താതെ പൊതുപണം പാഴാകുന്ന രീതിയിൽ പദ്ധതി നടപ്പാക്കിയത് അംഗീകരിക്കാനാവില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 07 /21-22/06.02.23 ന് മറുപടി നൽകിയിട്ടില്ല. 396238 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

### 3-2 വെങ്ങിലേരിമുക്ക് എസ്.ടി കോളനി കുടിവെള്ളപദ്ധതി പദ്ധതി ആസൂത്രണത്തിലും

## നടപ്പാക്കലിലും പിഴവുകൾ- 917527 രൂപയുടെ പാഴ് ചെലവ്.

ഓഡിറ്റ് വർഷം 917527 രൂപ ചെലവഴിച്ച് നടപ്പാക്കിയ വെങ്ങിലേരിമുക്ക് എസ്.ടി കോളനി കുടിവെള്ളപദ്ധതി നിലവിലും നിഷ്ക്രിയാസ്തിയായി തുടരുന്നു.

- പ്രൊജക്ട് നമ്പർ -63/22
- പ്രോജക്ട് - വെങ്ങിലേരിമുക്ക് എസ്.ടി കോളനി കുടിവെള്ളപദ്ധതി മോട്ടോർ ,പൈപ്പ് ,ടാങ്ക് റിപ്പയർ & പവർ കണക്ഷൻ
- അടങ്കൽ -10 ലക്ഷം
- ഫണ്ട്-വികസനഫണ്ട്-ടി.എസ്.പി
- ചെലവഴിച്ച തുക -136852- 20/21-22/19.02.22
- 780675-47/21-22/30.03.22
- ആകെ ചെലവഴിച്ചത്-917527

പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽനിന്നും മുൻപ് ഉണ്ടായിരുന്ന കുടിവെള്ളപദ്ധതിയുടെ റിപ്പയറിനും പൂർത്തീകരണത്തിനുമാണ് പദ്ധതി നടപ്പാക്കിയത് എന്ന് കാണുന്നു. 136852 രൂപ കെ.എസ്.ഇ.ബിക്കും 780675 രൂപ കരാറുകാരന് നൽകുകയുമാണ് ചെയ്തത്.

ഫയലിൽ എസ്റ്റിമേറ്റ് റിപ്പോർട്ട് ഇല്ല.കുടിവെള്ളപദ്ധതിയുടെ ഉടമസ്ഥത,മുൻപ് നടപ്പാക്കിയിരുന്ന പദ്ധതികൾ ,നിലവിലെ ആവശ്യകത,ബന്ധപ്പെട്ട പഞ്ചായത്തിന്റെ സാക്ഷ്യപത്രം,ഗുണഭോക്തൃസമിതിയുടെ വിവരങ്ങൾ,നിലവിലെ അവസ്ഥ സംബന്ധിച്ച വിവരങ്ങൾഎന്നിവ ഫയലിൽ ഇല്ല.

04.02.23 ന് നടത്തിയ സ്ഥലപരിശോധനയിൽ താഴെപ്പറയുന്ന വിവരങ്ങൾ ബോധ്യപ്പെട്ടു.

മുൻപ് ജനറൽ പദ്ധതിയായിരുന്ന കുടിവെള്ളപദ്ധതിയുടെ റിപ്പയറിംഗിനാണ് പ്രോജക്ട് വെച്ചിട്ടുള്ളത്.

പഴയ കുടിവെള്ളപദ്ധതിയെുടെ ഡീസൽമോട്ടോർ ഇപ്പോഴും പമ്പ് ഹൗസിൽ ഉണ്ട്.പാനൽബോർഡ് ചെയ്തിട്ടില്ല.ത്രീഫേസ് വൈദ്യുതി ലൈൻ കിണറിനടുത്ത് വരെ വലിച്ച് ചാർജ്ജ് ചെയ്തിട്ടുണ്ട്.കിണർ മലിനമായ അവസ്ഥയിലാണ്.മോട്ടോർ കിണറിനുള്ളിലുണ്ട് എന്നറിയിച്ചുവെങ്കിലും ആയത് ഉറപ്പാക്കാനായിട്ടില്ല.മോട്ടോറിലേക്ക് കണക്ഷൻ നൽകിയിട്ടില്ല.

ടാങ്ക് റിപ്പയർ നടത്തിയതായി കാണുന്നുണ്ടെങ്കിലും മുകൾ ഭാഗത്തെ മൂടി പൊട്ടിപ്പൊളിഞ്ഞ് കിടക്കുന്നു. ടാങ്കിലേക്ക് പൈപ്പ് കണകഷൻ കൊടുത്തിട്ടില്ല. ടാങ്കിനടുത്തുവരെ പൈപ്പ് സ്ഥാപിച്ചിട്ടുണ്ട്. ഡിസ്ചാർജ്ജ് പൈപ്പ് നൽകിയിട്ടില്ല. ടാങ്ക് റിപ്പയർ നടത്തിയതും പൈപ്പ് ലൈൻ സ്ഥാപിച്ചതും മോട്ടോർ സ്ഥാപിച്ചതും ഒരു തവണപോലും പ്രവർത്തിപ്പിക്കാതെയാണ് തുക അനുവദിച്ചത്. പദ്ധതി നിലവിലും പ്രവർത്തിക്കുന്നില്ല. ഓഡിറ്റ് എൻക്വയറി നം. 4 /21-22/06.02.23 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയില്ല.917527രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-3 ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് റോഡ് കോൺക്രീറ്റ് - ബ്ലോക്ക് പഞ്ചായത്ത് ആസ്തിയിൽപെടാത്ത സ്വകാര്യ റോഡിൽ കോൺക്രീറ്റ് പ്രവൃത്തി നടത്തി

2021-22 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് റോഡ് കോൺക്രീറ്റ് പ്രവൃത്തിക്കായി താഴെപ്പറയുന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്.

- പ്രോജക്ട് നം. - 214/22
- പ്രോജക്ടിന്റെ പേര് - ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് റോഡ് കോൺക്രീറ്റ് ഐറിഷ് ഡ്രൈൻ
- നിർമ്മാണം
- അടങ്കൽ - ധനകാര്യ കമ്മീഷൻ അവാർഡ് - 809360
- തനത് ഫണ്ട് - 200
- ആകെ - 809560
- വൗച്ചർ നം.XVFC/2021-22/P/28 തീയതി 17/03/2022 തുക628877 (കോൺട്രാക്ടർക്ക് നൽകിയ തുക)
- IT – 5823
- KCWWF - 5823
- SGST - 5823
- CGST – 5823
- ആകെ - 23292
- മൊത്തം ചെലവ് - 652169

- നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ
- ഭരണാനുമതി - 1181/2021/DPO/DPV/ADPO/WYD Dt 17/12/2021
- സാങ്കേതികാനുമതി - Or. NO. LSGD/TS/2021-2022/5014 Dt.03/02/2022 (Asst.Exe.Engineer)
- വെറ്റിംഗ് ഓഫീസർ - Asst.Executive Engineer
- എം ബുക്ക് നം.68/2021-22

മേൽ പ്രോജക്ടിനുള്ള എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം "കൽപ്പറ്റ ബ്ലോക്കിന് കീഴിൽ വരുന്ന ബ്ലോക്ക് ഓഫീസ് റോഡിന് ഇരുവശവും ഐറിഷ് ഡ്രയിൻ ചെയ്യുന്നതിനും ലിങ്ക് റോഡ് റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. നാഷണൽ ഹൈവേയിൽ നിന്നും ആരംഭിക്കുന്ന പ്രസ്തുത റോഡിന് ഇരുവശവും കുറേ ഭാഗം കോൺക്രീറ്റ് നടത്തിയിട്ടുണ്ട്. തുടർന്നുള്ള ഭാഗം കോൺക്രീറ്റ് നടത്തുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. അതിന് പുറമെ ഈ റോഡിൽ നിന്നും ഒരു ലിങ്ക് റോഡ് നിലവിൽ ഉണ്ട്. ആയത് കോൺക്രീറ്റ് നടത്തുന്നതിനും കോൺക്രീറ്റ് സ്ലാബ് സ്ഥാപിക്കുന്നതിനുള്ള ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട് "

ഓഡിറ്റിന് ഹാജരാക്കിയ എസ്്റ്റിമേറ്റ് പരിശോധിച്ചതിൽ, കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് സ്ഥിതി ചെയ്യുന്നിടത്തേക്ക് വരുന്ന റോഡിലെ 0/041 മുതൽ 0/161 മീറ്റർ വരെയുള്ള റോഡിൽ കോൺക്രീറ്റ് പ്രവത്തി നടത്തുന്നതിനായാണ് എസ്റ്റമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി ഇ-ടെണ്ടർ ക്ഷണിക്കുകയും രണ്ട് ടെണ്ടറുകൾ ലഭിക്കുകയും ചെയ്തു. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ബിഡറുടെ പേര് | രേഖപ്പെടുത്തിയ തുക |
|---|---|
| അനിൽ കുമാർ | 584600.08 |
| ജോഷി.എ.വി | 627022.94 |

ഭരണ സമിതിയുടെ 26.02.2022 ലെ 1/1 നമ്പർ തീരുമാനം പ്രകാരം അനിൽ കുമാർ സമർപ്പിച്ച 584600.08 രൂപയുടെ ടെണ്ടർ അംഗീകരിച്ചു. 05/03/2022 ലെ നമ്പറില്ലാത്ത കത്ത് മുഖേന കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകി.

05/03/2022 ന് AE/LID&EW/KPTA/37/2021-22 നമ്പറായി അസി.എഞ്ചിനീയർ, കോൺട്രാക്ടർ പദ്ധതി നിർവ്വഹണത്തിനായി കരാർ നൽകി. പദ്ധതി നിർവ്വഹണത്തിനായി സൈറ്റ് കൈമാറിയതിന്റെ രേഖകളില്ല. പ്രോജക്ട് പൂർത്തീകരണത്തിനായി 652169/- രൂപ ചെലവഴിച്ചിട്ടുണ്ട്.

ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

1. സൈറ്റ് കരാറുകാരന് കൈമാറിയതിന്റെ രേഖകളില്ല

2. എം.ബുക്ക് പേജ് നം1,2,34,5,6,7,8 എന്നിവ പ്രകാരം നടത്തിയ അളവുകൾ പ്രവൃത്തി നടത്തുന്നതിനായി കരാറുകാരനുമായി കരാറിൽ ഏർപ്പെടുന്നതിന് മുമ്പാണ് നടത്തിയിട്ടുള്ളത്. ഇവ എസ്റ്റിമേറ്റ് ഇനം 6,1,7,2,8,10, എന്നിവയാണ്. പ്രവൃത്തിയുടെ മരാമത്ത് ബിൽ പ്രകാരം മേൽ എസ്റ്റിമേറ്റ് ഇനം പ്രവൃത്തികൾക്ക് നൽകിയ തുക താഴെ ചേർക്കുന്നു.

| ക്രമ നം | എസ്റ്റിമേറ്റ് ഇനം നം | നൽകിയ തുക |
|---|---|---|
| 1 | 1 | 5075.41 |
| 2 | 2 | 85575.73 |
| 3 | 6 | 3952.88 |
| 4 | 7 | 8055.78 |
| 5 | 8 | 15562.63 |
| 6 | 10 | 4869.76 |
| | ആകെ പ്രവൃത്തി മൂല്യം | 123092.19 |
| | 12% ജി.എസ്.റ്റി | 14771.06 |
| | ഒട്ടാകെ | 137863.25 |

മേൽ അളവുകൾ 3/3/2022 ന് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്തിട്ടുണ്ട്.

3. കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കൽപ്പറ്റ നഗരസഭ പരിധിയിലാണ് സ്ഥിതി ചെയ്യുന്നത്. പ്രവൃത്തി നടത്തിയ റോഡ് കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കുന്നതിന് നേരിട്ട് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. നിലവിൽ പ്രസ്തുത റോഡ് റോഡിനിരുവശവും ഭൂമി കൈവശമുള്ള സ്വകാര്യ വ്യക്തികളും പൊതുജനങ്ങളും ഉപയോഗപ്പെടുത്തുന്നുണ്ട്. നഗരസഭ പരിധിയിലെ പൊതു റോഡ് പ്രവൃത്തികൾ നടത്തേണ്ടത് അതത് നഗരസഭകളാണ്. കൂടാതെ നിലവിൽ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്ക്

ദേശീയ പാതയിൽ നിന്നും ആരംഭിക്കുന്ന റോഡ് അവസാനിക്കുന്നത് കൽപ്പറ്റ നഗരസഭയുടെ ബസ് സ്റ്റാന്റ് അതിർത്തിയിലെ മതിലേക്കാണ്. പ്രസ്തുത മതിലിൽ നിന്നും ആരംഭിച്ച് ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് പ്രവർത്തിരുന്ന കെട്ടിടത്തിന്റെ അതിർത്തി വരെ ഐെറിഷ് ഡയിനേജ് പ്രവൃത്തി നടത്തിയതിന് തുക അനുവദിച്ചു. റോഡ് കണക്ടിവിറ്റി ഇല്ലാതെ സ്വകാര്യ വ്യക്തികളുടെ ഭൂമിയിലേക്ക് യാത്ര സൗകര്യം ഒരുക്കുന്നതിനുള്ള പ്രവൃത്തി മാത്രമാണ് നടത്തിയിട്ടുള്ളത്. ഈ പ്രവൃത്തി തന്നെ നടത്തിയിട്ടുള്ളത് നിയമാനുസൃത അനുമതി ഇല്ലാതെയാണ്.

4. ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് നിലവിലുള്ള റോഡിന്റെ രണ്ട് ഭാഗങ്ങൾ പരസ്പരം ബന്ധിപ്പിക്കുന്നതിന് സ്വകാര്യ വ്യക്തികളുടെ ഭൂമികൾക്കിടയിലൂടെ പോകുന്ന ലിങ്ക് റോഡ് കോൺക്രീറ്റ് പ്രവൃത്തി നടത്തിയിട്ടുണ്ട്. ഈ റോഡ് കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതാണെന്ന് തെളിയിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. നേരിൽ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. കോൺക്രീറ്റ് പ്രവൃത്തി നടത്തിയ സ്ഥലം കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

5. പ്രസ്തുത പ്രവൃത്തിക്ക് ബോർഡ് സ്ഥാപിക്കുന്നതിനായി എസ്റ്റിമേറ്റ് ഇനം നം. 5 ആയി 2925.73 രൂപ നൽകിയതായി ബില്ലിലും ബോർഡ് സ്ഥാപിച്ചതായി എം.ബുക്ക് പേജ് നം.12ലും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥലത്ത് ബോർഡ് സ്ഥാപിച്ചിട്ടില്ല. ഇത്തരത്തിൽ 3276.81 രൂപ (2925.73+12GST) അധികം നൽകിയിട്ടുണ്ട്.

6. എസ്റ്റിമേറ്റിലെ ഇനം നം.3 (റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ), ഇനം നം.9. ഇനം നം.11 എന്നിവയുടെ അളവെടുത്തത് 10.03.2022 നും ചെക്ക് മെഷർ ചെയ്തത് 11.03.2022നും ആണ്. കോൺക്രീറ്റ് പ്രവൃത്തികളുടെ അളവുകൾ എടുക്കേണ്ടത് ക്യൂറിംഗ് പ്രവൃത്തികൾ ഉൾപ്പടെയാണ്. 05.03.2022ന് കരാറിൽ ഏർപ്പെട്ടതിന് ശേഷം സൈറ്റ് കൈമാറിയതിന്റെ രേഖകളില്ലാത്തതിനാൽ തന്നെ തൊട്ടടുത്ത ദിവസം തന്നെ പ്രവൃത്തി ആരംഭിച്ചാൽ തന്നെ പ്രാഥമിക പ്രവൃത്തികൾക്ക് ഒരു ദിവസവും കോൺക്രീറ്റ് പ്രവൃത്തികൾക്കും നൽകിയാൽ 7.3.22 മുതൽ ആയതിന്റെ ക്യൂറിംഗ് പ്രവൃത്തി കാലാവധി 15 ദിവസം നൽകിയാൽ 22.3.2022 ന് ശേഷം മാത്രമാണ് അളവുകളെടുക്കുന്നതിന് പാടുള്ളൂ. എന്നാൽ എം.ബുക്ക് പ്രകാരം എസ്റ്റിമേറ്റ് ഇനം 3 ന്റെ അളവുകൾ 10.03.22 ന് അസി.എഞ്ചിനീയർ എടുക്കുകയും 11.03.22 ന് അസി.എക്സി എഞ്ചിനീയർ ചെക്ക് മെഷർ നടത്തുകയും ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റ് ഇനം 9, 11 എന്നിവയുടെ അളവുകൾ 10.03.22നും എസ്റ്റിമേറ്റ് ഇനം 4,5 എന്നിവയുടെ അളവുകൾ 14.03.22നും എടുക്കുകയും 15.03.22 ന് അസി.എക്സി എഞ്ചിനീയർ ചെക്ക് മെഷർ നടത്തുകയും ചെയ്തു.

7. ബ്ലോക്ക് ഓഫീസ് റോഡ് കൽപ്പറ്റ നഗരസഭയുടെ ആസ്തിയിൽ ഉൾപ്പെടുന്നതിനാലും ലിങ്ക് റോഡ് ബ്ലോക്ക് ഓഫീസിന്റെ തനത് ആസ്തി അല്ലാത്തതിനാലും പ്രസ്തുത സ്ഥലത്ത് കോൺക്രീറ്റ് നടത്തിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

8.എസ്റ്റിമേറ്റിൽ റോഡ് പ്രവൃത്തിയുടെ ചെയിനേജ് നൽകിയതിന് കൃത്യത ഇല്ല. സൈറ്റ് പ്ലാനിലും ചെയ്നേജ് സംബന്ധിച്ച് വിശദീരിച്ചിട്ടില്ല. ആയതിനാൽ പ്രവൃത്തിയുടെ ചെയ്നേജിന്റെ കൃത്യത ഉറപ്പ് വരുത്തി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും രേഖകൾ ഹാജരാക്കേണ്ടുതമാണ്. പ്രവൃത്തി നടത്തുന്നതിന് അനുവാദം നൽകുന്നതിന് മുമ്പ് നടത്തിയതായി അവകാശപ്പെട്ട് എം.ബുക്കിൽ രേഖപ്പെടുത്തി തുക നൽകിയ 137863.25 രൂപയുടെയും ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയിലോ ഏതെങ്കിലും തദ്ദേശ സ്ഥാപനത്തിന്റെ ഉടമസ്ഥതിയിലോ അല്ലാത്തതും സ്വകാര്യവ്യക്തികളുടെ ഭൂമിയിലേതുമായ മറ്റ് കോൺക്രീറ്റ് പ്രവൃത്തികൾക്ക് നൽകിയ 514306 രൂപയുംമടക്കം ആകെ 652169 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രസ്തുത തുക റോഡ് പ്രവൃത്തിക്ക് അംഗീകാരം നൽകുന്നതിനായി 24/11/2021 ൽ ചേർന്ന ഭരണസമിതി യോഗത്തിൽ പങ്കെടുത്ത 14 ഭരണ സമിതി അംഗങ്ങൾ, നിർവ്വഹണ ഉദ്യോഗസ്ഥൻ, വെറ്റിംഗ് ഓഫീസർ , സെക്രട്ടറി എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി സഞ്ചിത നിധിയിലേക്ക് ഒടുക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 20 തീയതി 09.02.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-4 സൈറ്റിൽ ലഭ്യമായ മണ്ണിന്റെ അളവ് കുറക്കാത്തതിനാലും കൺസോളിഡേഷൻ കുറക്കാത്തതിനാലും അധികച്ചെലവ്

കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വർഷത്തെ ഓഡിറ്റിൽ താഴെപ്പറയുന്ന പ്രവൃത്തികളിൽ സൈറ്റിൽ ലഭ്യമായ മണ്ണിന്റെ അളവും കൺസോളിഡേഷനും കുറവ് വരുത്തിയിട്ടില്ല.

എ)

- പ്രോജക്റ്റ് നമ്പർ-176/22
- പ്രോജക്റ്റ്- അടുവാൻകുന്ന് പുതുശ്ശേരി റോഡ് സൈഡ് കെട്ട്
- നിർവഹണം-അസി എഞ്ചിനീയർ
- അടങ്കൽ-500000
- ഫണ്ട്- വികസന ഫണ്ട്

- ബിൽ നമ്പർ- 5/21-22/14.03.22
- അളവുപുസ്തകം-18/21-22/pages 1-16

എസ്റ്റിമേറ്റിലെ ക്രമനമ്പർ 1 പ്രകാരം സൈഡ് പ്രൊട്ടക്ഷനുവേണ്ടി 24.72 ഘന മീറ്റർ മണ്ണ് കട്ട് ചെയ്തിട്ടുണ്ട്.എസ്റ്റിമേറ്റിലെ ക്രമനമ്പർ 2(1) പ്രകാരം 255.855ഘന മീറ്റർ മണ്ണ് കരാറുകാരൻ കൊണ്ടുവന്ന് നിറച്ചതിന്കട്ട് ചെയ്ത മണ്ണിന്റെ 60% മാത്രം

കുറച്ചതിന് ശേഷം തുക നൽകിയിട്ടുണ്ട്.സൈറ്റിൽ ലഭ്യമായ മണ്ണിന്റെ അളവും നിയമാനുസൃതം കുറക്കേണ്ട കൺസോളിഡേഷനും കുറവ് വരുത്താത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 27/21-22/10.02.23 ന് നിർവഹണോദ്യോഗസ്ഥൻ നൽകിയ മറുപടിനൽകിയിട്ടില്ല. മണ്ണ് അമരുമ്പോൾ കുറക്കേണ്ട കുറവ് വരുത്താത്തതിന് റോളർ ഉപയോഗിച്ച് അമർത്തി ഒതുക്കിയതായി സാക്ഷ്യപ്പെടുത്തിയിട്ടില്ല . കൺസോളിഡേഷൻ 20% കുറവ് വരുത്തിയിട്ടില്ല. 255.855 മീറ്റർ നിറച്ചതിന് 20% കൺസോളിഡേഷൻ കുറയ്ക്കാത്തതിനാൽ ഘ.മീറ്ററിന് 173 രൂപ നിരക്കിൽ 8852.583+12% = 9914.89രൂപ അധികം നൽകിയിട്ടുണ്ട്.യഥാർത്ഥത്തിൽ നൽകാവുന്നത് ഇപ്രകാരമാണ്.

♦നിറച്ച മണ്ണ്-255.855

♦കുറക്കുക കൺസോളിഡേഷൻ20%-51.171

♦സൈറ്റിൽ ലഭ്യമായ മണ്ണിന്റെ 60% = - 14-84

♦ബാക്കി-189.844

♦നൽകാവുന്ന തുക-189.844x173=₹32843

♦നൽകിയ തുക-241.02x173 ₹ 41695.6

♦അധികം നൽകിയ തുക=₹8852.6

♦ജി.എസ്.റ്റി =₹1062.312

♦ആകെ = 9914.9

ബി)

- പ്രോജക്ട് നമ്പർ-194/22
- പ്രോജക്ട്- സി.ടി.രഘുനാഥൻപടി റോഡ് കൽവർട്ട്
- നിർവഹണം-അസി എഞ്ചിനീയർ
- അടങ്കൽ-500000
- ഫണ്ട്- വികസന ഫണ്ട്
- ബിൽ നമ്പർ-6/21-22/25.02.2022
- അളവുപുസ്തകം-41/21-22/pages 1-21

എസ്റ്റിമേറ്റിലെ ക്രമനമ്പർ 1 കൾവെർട്ടിനുള്ള എസ്റ്റിമേറ്റിലെ ക്രമനമ്പർ 1 പ്രകാരം 69 ഘന മീറ്റർ മണ്ണ് കട്ട് ചെയ്തിട്ടുണ്ട്.എസ്റ്റിമേറ്റിലെ ക്രമനമ്പർ 10 പ്രകാരം 135ഘന മീറ്റർ മണ്ണ് കരാറുകാരൻ കൊണ്ടുവന്ന് നിറച്ചതിന് സൈറ്റിൽ ലഭ്യമായ മണ്ണും കൺസോളിഡേഷനും കുറക്കാതെ തുക നൽകിയിട്ടുണ്ട്.സൈറ്റിൽ ലഭ്യമായ മണ്ണിന്റെ അളവും നിയമാനുസൃതം കുറക്കേണ്ട കൺസോളിഡേഷനും കുറവ് വരുത്താത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 27 /21-22/10.02..23 ന് നിർവഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല..കട്ട് ചെയ്തമണ്ണ് ഉപയോഗശൂന്യമാണ് എന്ന് അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.മണ്ണ് അമരുമ്പോൾ കുറക്കേണ്ട കുറവ് വരുത്താത്തതിന് റോളർ ഉപയോഗിച്ച് അമർത്തി ഒതുക്കിയതായി സാക്ഷ്യപ്പെടുത്തിയിട്ടില്ല. സൈറ്റിൽ ലഭ്യമായ മണ്ണിന്റെ അളവ് കൺസോളിഡേഷൻ എന്നിവ കുറയ്ക്കാതെ 135 M2 നിറച്ചതിന് ഘ.മീറ്ററിന് 274.05 രൂപ നിരക്കിൽ ₹26308.8 രൂപയും 12% ജി.എസ്.റ്റിയും നൽകിയിട്ടുണ്ട്. യഥാർത്ഥത്തിൽ നൽകാവുന്നത് ഇപ്രകാരമാണ്.

♦നിറച്ച മണ്ണ്-135

♦കുറക്കുക കൺസോളിഡേഷൻ20%-27

♦സൈറ്റിൽ ലഭ്യമായ മണ്ണ്-69

♦ബാക്കി-39

♦നൽകാവുന്ന തുക-39x274.05=₹10687.95

♦നൽകിയ തുക-135x274.05= ₹36996.75

♦അധികം നൽകിയ തുക=₹26308.8

♦മേൽ തുകയ്ക്ക് നൽകിയ ജി.എസ്.റ്റി =₹3157.05

♦ആകെ അധികം നൽകിയത് =₹29465.86

ആകെ അധികം നൽകി തുക (₹9914.92+₹29465.86) 39380.78യുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദികളിൽ നിന്നും തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-5 ചേര്യംകൊല്ലി എസ് റ്റി കോളനി കുടിവെള്ള പദ്ധതി പൂർത്തീകരണം- ചെയ്യാത്ത പ്രവൃത്തിക്ക് തുക അനുവദിച്ചു- പദ്ധതി പണം പാഴായി

2021-22 സാമ്പത്തിക വർഷത്തിൽ ചേര്യംകൊല്ലി എസ് റ്റി കോളനി കുടിവെള്ള പദ്ധതി പൂർത്തീകരണം നടത്തുന്നതിനായി താഴെപ്പറയുന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്.

- പ്രോജക്ട് നം. - 190/22
- പ്രോജക്ടിന്റെ പേര് - ചേര്യംകൊല്ലി എസ് റ്റി കോളനി കുടിവെള്ള പദ്ധതി പൂർത്തീകരണം
- അടങ്കൽ - ധനകാര്യ കമ്മീഷൻ അവാർഡ് - 200000
- ചെലവ് ബിൽ നം. 8/21-22 തീയതി 15/03/2022 തുക 75542/-
- ബിൽ നം. 18/21-22 തീയതി 31/03/2022 തുക 95279/-
- കരാറുകാരൻ - എ.വി.ജോഷി ( കരാർ നൽകിയത് എസ്റ്റിമേറ്റ് നിരക്കിൽ)

കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ചേര്യംകൊല്ലി എസ്.റ്റി കോളനി കുടിവെള്ള പദ്ധതി പൂർത്തീകരണ പ്രവൃത്തിക്ക് വേണ്ടിയുള്ളതാണ് ഈ പദ്ധതി . എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്തിലാണ് പ്രസ്തുത നിർമ്മാണം നടത്തുന്നത്. നിലവിലുള്ള കിണറിൽ നിന്നും ടാങ്കിൽ കുടിവെള്ളം എത്തിച്ച് കോളനിക്കാരുടെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. . നിലവിലുള്ള കിണറിൽ 3HP മോട്ടോർ സ്ഥാപിക്കുകയും കേടുപാടുകൾ വന്ന പൈപ്പ് ലൈൻ മാറ്റി പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കുകയും ചെയ്യുന്നതിനുള്ള ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വാതിലിനും ജനലിനും കെ.എസ്.ഇ.ബിയിൽ നിന്നും ലഭിച്ച എസ്റ്റിമേറ്റ് തുകയ്ക്കും എസ്റ്റിമേറ്റിൽ ഇനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

ബിൽ നം. 8/21-22 തീയതി 15/03/2022 മുഖേന പുതിയ സിംഗിൾ ഫേസ് ഒ.എച്ച് സർവ്വീസ് കണക്ഷനുള്ള എസ്റ്റിമേറ്റ് തുകയായ 75542 രൂപ ഒടുക്കി.മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കൽ ക്വട്ടേഷൻ മുഖേനയും പൈപ്പ് ലൈൻ നന്നാക്കൽ പ്രവൃത്തിയും പുതിയ പാരപ്പറ്റ് കെട്ടൽ പ്രവൃത്തികളും ടെണ്ടർ മുഖേനയുമാണ് നടപ്പിലാക്കിയത്.

മരാമത്ത് പ്രവൃത്തികൾ എസ്റ്റിമേറ്റ് തുക രേഖപ്പെടുത്തിയ എ.വി ജോഷി എന്ന കരാറുകാരന് നൽകി. പമ്പ്സെറ്റ് സ്ഥാപിക്കൽ പ്രവൃത്തിക്കായി 2 ക്വട്ടേഷനുകൾ ലഭിച്ചത്. ക്വട്ടേഷനുകളുടെ വിവരം ചുവടെ ചേർക്കുന്നു.

1.ലൈറ്റ് വേൾഡ് ഇലക്ട്രിക്കൽസ് ആന്റ് പ്ലംബിംഗ് പടിഞ്ഞാറത്തറ 42000/- രൂപ

2.ലൈറ്റ് വേൾഡ് അസോസിയേറ്റ്സ് പടിഞ്ഞാറത്തറ 45001/- രൂപ

ക്വട്ടേഷൻ ക്ഷണിച്ച നോട്ടീസുകൾ ഹാജരാക്കിയിട്ടില്ല.

മേൽ ക്വട്ടേഷനുകൾ 26.03.2022 തീയതിയിലെ നം.AEE/LID&EW/KPTA/2020-21 കത്ത് മുഖേന സെക്രട്ടറിക്ക് നൽകുകയും കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 26.03.2022 ലെ 2/2 നമ്പർ തീരുമാനം പ്രകാരം ലൈറ്റ് വേൾഡ് ഇലക്ട്രിക്കൽസ് ആന്റ് പ്ലംബിംഗ് പടിഞ്ഞാറത്തറയുടെ 42000/- രൂപ ക്വട്ടേഷൻ അംഗീകരിച്ചു.

ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിന്റെയും 4/2/23 ന് നടത്തിയ സ്ഥല പരിശോധനയുടെ അടിസ്ഥാനത്തിലും താഴെപ്പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

1.എം.ബുക്ക് നം.99/21-22 പേജ് നം1 ൽ എസ്റ്റിമേറ്റ് ഇനം 5, പേജ് നം2 ലെ എസ്റ്റിമേറ്റ് ഇനം 4, പേജ് നം.3ലെ എസ്റ്റ്മേറ്റ് ഇനം3 എന്നീ പ്രവൃത്തികൾ ചെയ്തിട്ടില്ല എന്ന് സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടു. ആയതിനാൽ എസ്റ്റിമേറ്റ് ഇനം നമ്പർ 2 പ്രവൃത്തികൾ നടത്തിയിട്ടില്ല എന്ന് വ്യക്തമാണ്. ചെയ്യാത്ത പ്രവൃത്തിയുടെ മെഷർമെന്റ് ആണ് 24/03.2022 ന് നടത്തിയിട്ടുള്ളത്.

2.കിണറിൽ നിലവിൽ പമ്പ് ചെയ്യുന്നതിനാവശ്യമായ വെള്ളം ലഭ്യമല്ല. ആയതിനാൽ തന്നെ പദ്ധതി ഗുണപ്രദമല്ല.

3.പ്രോജക്ട് പ്രകാരം കുടിവെള്ള പദ്ധതി പൂർത്തീകരണമാണ് ലക്ഷ്യം. മേൽ പ്രോജക്ട് നേരത്തെ ഏത് തദ്ദേശ സ്ഥാപനം രൂപീകരിച്ചതാണെന്നോ, ഏത് തദ്ദേശ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ളതാണെന്നോ സംബന്ധിച്ച യാതൊരു രേഖയും ഹാജരാക്കിയിട്ടില്ല. പദ്ധതി സ്ഥലത്ത് പദ്ധതി ആരുടെ ഉടസ്ഥതയിലുള്ളതാണെന്ന് വ്യക്തമാക്കുന്ന രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. രേഖകളില്ലാതെയാണ് പദ്ധതി നടപ്പിലാക്കിയത്.

4.22/03/2022 ന് കരാറിൽ ഏർപ്പെട്ടതിന് ശേഷം സൈറ്റ് കൈമാറ്റം ചെയ്തതിന്റെ രേഖകളില്ല.

5.22/03/2022 ന് കരാറിൽ ഏർപ്പെട്ട പ്രവൃത്തികളിൽ കോൺക്രീറ്റ് പ്രവൃത്തികൾ ഉൾപ്പടെയുണ്ടായിരിക്കെ 27/03/2022 ന് അവസാന അളവുകൾ എടുക്കുകയും അന്നേ ദിവസം തന്നെ അസി.എക്സി.എഞ്ചിനീയർ ചെക്ക് മെഷർ നടത്തുകയും ചെയ്തിട്ടുണ്ട്. കോൺക്രീറ്റ് പ്രവൃത്തികൾക്ക് നൽകേണ്ട ക്യൂറിംഗ് പ്രവൃത്തികൾ പൂർത്തിയായതിന് ശേഷം മാത്രമേ അവസാന അളവുകൾ എടുക്കാൻ പാടുള്ളൂ എന്ന നടപടിക്രമം പാലിക്കാതെയാണ് അളവുകൾ എടുത്തിട്ടുള്ളത്.

6.ക്വട്ടേഷൻ മുഖേന നടത്തുന്ന പ്രവൃത്തികൾക്ക് കുറഞ്ഞത് മൂന്ന് ക്വട്ടേഷനുകൾ ലഭ്യമാക്കണമെന്നിരിക്കെ 2 ക്വട്ടേഷനുകൾ മാത്രം വാങ്ങുകയും ആയത് അംഗീകരിക്കുകയുമാണ് ചെയ്തിട്ടുള്ളത്. പ്രസ്തുത ക്വട്ടേഷനുകൾ വാങ്ങേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥനാണെന്നിരിക്കെ ക്വട്ടേഷനുകൾ വാങ്ങിയിരിക്കുന്നത് മരാമത്ത് പ്രവൃത്തികൾക്കുള്ള ടെണ്ടർ അംഗീകരിച്ച കരാറുകാരനാണ്. പ്രസ്തുത ടെണ്ടറുകൾ ഒരേ സ്ഥാപനത്തിന്റേത് / ഒരു വ്യക്തിയുടെ ഉടമസ്ഥതയിലുള്ള രണ്ട് സ്ഥാപനങ്ങളിൽ നിന്നുള്ളവയാണ്.

കൂടാതെ മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കുന്നതിന് ലംപ്സം പ്രൊവിഷൻ വച്ചിരിക്കുകയാണെന്നതിനാൽ ആയതിന്റെ ഡാറ്റ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി ക്ക് (നം. 18 തീയതി 08.02.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ചെയ്യാത്ത പ്രവൃത്തികൾക്ക് നൽകിയ താഴെപ്പറയുന്ന എസ്റ്റിമേറ്റ് ഇനങ്ങൾക്ക് നൽകിയ 29,879 രൂപയുടെ ചെലവ് നിരാകരിക്കുന്നു

| എസ്റ്റിമേറ്റ് ഇനം | ബിൽ പ്രകാരമുള്ള തുക |
|---|---|
| 1 | 6013.74 |
| 2 | 3113.37 |
| 3 | 8267.03 |
| 4 | 4879.28 |
| 5 | 4403.92 |
| ആകെ | 26677.34 |
| ജി.എസ് റ്റി | 3201.28 |
| മൊത്തം | 29878.69 |

കൃത്യമായ ക്വട്ടേഷനും ഡാറ്റയുമില്ലാതെ നൽകിയ മോട്ടോർ പമ്പ്സെറ്റിന്റെ വിലയായ 42000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പദ്ധതിക്കായി ചെലവഴിച്ച തുക നിലവിൽ പാഴായി. ഗുണപ്രദമല്ലാത്ത പദ്ധതി നടപ്പിലാക്കിയത് സംബന്ധിച്ച് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 08.02.23-09.02.23 | ഓഡിറ്റ് റിപ്പോർട്ടിനോടൊപ്പം ചേർത്തിരിക്കുന്നു |

## 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കോട്ടത്തറ ഗ്രാമ പഞ്ചായത്ത് | 2021-22 | 650000 | പി.എം.എ വൈ ഭവന നിർമ്മാണം (ജനറൽ) | 650000 | 0 |
| കോട്ടത്തറ ഗ്രാമ പഞ്ചായത്ത് | 2021-22 | 315000 | പി.എം.എ വൈ ഭവന നിർമ്മാണം (പട്ടിക ജാതി) | 315000 | 0 |
| കോട്ടത്തറ ഗ്രാമ പഞ്ചായത്ത് | 2021-22 | 850000 | പി.എം.എ വൈ ഭവന നിർമ്മാണം( പട്ടിക വർഗ്ഗം) | 850000 | 0 |
| മേപ്പാടി ഗ്രാമ പഞ്ചായത്ത് | 2021-22 | 500000 | പി.എം.എ വൈ ഭവന നിർമ്മാണം (ജനറൽ) | 500000 | 0 |
| മേപ്പാടി ഗ്രാമ പഞ്ചായത്ത് | 2021-22 | 273500 | പി.എം.എ വൈ ഭവന നിർമ്മാണം (പട്ടിക ജാതി) | 273500 | 0 |
| മേപ്പാടി ഗ്രാമ പഞ്ചായത്ത് | 2021-22 | 300000 | പി.എം.എ വൈ ഭവന നിർമ്മാണം( പട്ടിക വർഗ്ഗം) | 300000 | 0 |
| മൂപ്പൈനാട് ഗ്രാമ പഞ്ചായത്ത് | 2021-22 | 1680000 | പി.എം.എ വൈ ഭവന നിർമ്മാണം (ജനറൽ) | 1680000 | 0 |
| മൂപ്പൈനാട് ഗ്രാമ പഞ്ചായത്ത് | 2021-22 | 360000 | പി.എം.എ വൈ ഭവന നിർമ്മാണം (പട്ടിക ജാതി) | 360000 | 0 |
| മൂപ്പൈനാട് ഗ്രാമ പഞ്ചായത്ത് | 2021-22 | 190000 | പി.എം.എ വൈ ഭവന നിർമ്മാണം( പട്ടിക വർഗ്ഗം) | 190000 | 0 |
| മുട്ടിൽ ഗ്രാമ പഞ്ചായത്ത് | 2021-22 | 910000 | പി.എം.എ വൈ ഭവന നിർമ്മാണം (ജനറൽ) | 910000 | 0 |
| മുട്ടിൽ ഗ്രാമ പഞ്ചായത്ത് | 2021-22 | 78000 | പി.എം.എ വൈ ഭവന നിർമ്മാണം (പട്ടിക ജാതി) | 78000 | 0 |
| മുട്ടിൽ ഗ്രാമ പഞ്ചായത്ത് | 2021-22 | 475000 | പി.എം.എ വൈ ഭവന നിർമ്മാണം( പട്ടിക വർഗ്ഗം) | 475000 | 0 |
| പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്ത് | 2021-22 | 300000 | പി.എം.എ വൈ ഭവന നിർമ്മാണം (ജനറൽ) | 300000 | 0 |
| പൊഴുതന ഗ്രാമ പഞ്ചായത്ത് | 2021-22 | 910000 | പി.എം.എ വൈ ഭവന നിർമ്മാണം (ജനറൽ) | 910000 | 0 |
| പൊഴുതന ഗ്രാമ പഞ്ചായത്ത് | 2021-22 | 180000 | പി.എം.എ വൈ ഭവന നിർമ്മാണം (പട്ടിക ജാതി) | 180000 | 0 |
| പൊഴുതന ഗ്രാമ പഞ്ചായത്ത് | 2021-22 | 1350000 | പി.എം.എ വൈ ഭവന നിർമ്മാണം( പട്ടിക വർഗ്ഗം) | 1350000 | 0 |
| തരിയോട് ഗ്രാമ പഞ്ചായത്ത | 2021-22 | 420000 | പി.എം.എ വൈ ഭവന നിർമ്മാണം (ജനറൽ) | 420000 | 0 |
| തരിയോട് ഗ്രാമ പഞ്ചായത്ത | 2021-22 | 31957 | പി.എം.എ വൈ ഭവന നിർമ്മാണം (പട്ടിക ജാതി) | 31957 | 0 |
| തരിയോട് ഗ്രാമ പഞ്ചായത്ത | 2021-22 | 1330000 | പി.എം.എ വൈ ഭവന നിർമ്മാണം( പട്ടിക വർഗ്ഗം) | 1330000 | 0 |
| വെങ്ങപ്പള്ളി ഗ്രാമ പഞ്ചായത്ത് | 2021-22 | 210000 | പി.എം.എ വൈ ഭവന നിർമ്മാണം (ജനറൽ) | 210000 | 0 |

| | | | | | |
|---|---|---|---|---|---|
| വെങ്ങപ്പള്ളി ഗ്രാമ പഞ്ചായത്ത് | 2021-22 | 630000 | പി.എം.എ വൈ ഭവന നിർമ്മാണം( പട്ടിക വർഗ്ഗം) | 630000 | 0 |
| വൈത്തിരി ഗ്രാമ പഞ്ചായത്ത് | 2021-22 | 280000 | പി.എം.എ വൈ ഭവന നിർമ്മാണം (ജനറൽ) | 280000 | 0 |
| വൈത്തിരി ഗ്രാമ പഞ്ചായത്ത് | 2021-22 | 45000 | പി.എം.എ വൈ ഭവന നിർമ്മാണം (പട്ടിക ജാതി) | 45000 | 0 |
| വൈത്തിരി ഗ്രാമ പഞ്ചായത്ത് | 2021-22 | 378833 | പി.എം.എ വൈ ഭവന നിർമ്മാണം( പട്ടിക വർഗ്ഗം) | 378833 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 784000 | പി.എം.എ വൈ ഭവന നിർമ്മാണം (ജനറൽ) | 784000 | 3554864 സർക്കാർ തിരിച്ചു പിടിച്ചു |
| ജില്ലാ പഞ്ചായത്ത് | 2021-22 | 218710 | പി.എം.എ വൈ ഭവന നിർമ്മാണം (പട്ടിക ജാതി) | 218710 | 1636238 സർക്കാർ തിരിച്ചു പിടിച്ചു |
| ജില്ലാ പഞ്ചായത്ത് | 2021-22 | 1297000 | പി.എം.എ വൈ ഭവന നിർമ്മാണം( പട്ടിക വർഗ്ഗം) | 1297000 | 3402846 സർക്കാർ തിരിച്ചു പിടിച്ചു |

ഓഡിറ്റിന് ഹാജരാക്കിയ വിവരങ്ങൾപ്രകാരം സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച തുകകൾ അതാത് പ്രോജക്ടുകൾക്ക് വേണ്ടി വിനിയോഗിക്കാത്തതിനാൽ ലാപ്സാകുന്ന അവസ്ഥയാണുണ്ടായത്. ഈ വിഷയത്തിൽ അടിയന്തിര ശ്രദ്ധ കൊടുക്കേണ്ടതുണ്ട്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| പി.ഡബ്ല്യു.ഡി ഇലക്ട്രോണിക്സ് | ഓഫീസ് ലാൻ വയറിംഗ് | BRN -20211221801800020 8738 | 476612 | 343610 | 133002 |

## 4-4 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3(5) | 2006-07 | 3.8.8(1) | പിരിച്ചെടുത്ത തുകകൾ യഥാസമയം അക്കൌണ്ടിൽ അടവാക്കിയില്ല. പണാപഹരണം | നിയമസഭാ കമ്മിറ്റി മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചു. 18.12.21-ന് ചേർന്ന നിയമസഭാ കമ്മിറ്റി ജില്ലാതലത്തിൽ സ്ക്രീനിംഗ് കമ്മിറ്റിക്ക് വിടാൻ തീരുമാനിച്ചു. |
| 2012-13 | | 2013-14 | 5.3.5(2) | 2012-13 വർഷം വ്യവസായ മേഖലയിൽ വകയിരുത്തിയ തുക ചെലവഴിച്ചതിൽ കുറവ് വന്നത് സംബന്ധിച്ച് | വിശദമായ മറുപടി സമർപ്പിച്ചിട്ടുണ്ട്. |
| 2012-13 | | 2013-14 | 5.3.5(6) | 2011-12 വർഷം വ്യവസായ തൊഴിൽ സംരംഭങ്ങൾക്ക് തുക വകയിരുത്തിയത് പ്രവർത്തനക്ഷമമാക്കാൻ സാധിച്ചില്ല | വിശദമായ മറുപടി സമർപ്പിച്ചിട്ടുണ്ട് |
| 2013-14 | .......... | 2013-14 | 5.3.5 | 2011-12 വർഷം 3448338 രൂപ ചെലവഴിച്ച് നിർമ്മിച്ച ഉൽപ്പന്ന വിപണനകേന്ദ്രങ്ങൾ പാഴ് ചെലവായി | സമിതിയുടെ പരിഗണനയിൽ |

| | | | | | |
|---|---|---|---|---|---|
| 2017-18 | 3-1 | 2018-19 | 1.1.7(d) | ഒരു ഭവനത്തിന്റെ പൂർത്തീകരണത്തിന് രണ്ട് എസ്റ്റിമേറ്റുകൾ തയ്യാറാക്കി-കൂടിയ എസ്റ്റിമേറ്റ് അംഗീകരിച്ചു | സമിതിയുടെ പരിഗണനയിൽ |
| 2017-18 | 3-1 | 2018-19 | 1.1.4(9) | മുൻഭവന പദ്ധതികളിൽ തുക അനുവദിച്ച് പൂർത്തീകരിച്ച വിവിധ സമിതിയുടെ പ്രവൃത്തിയുടെ ലൈഫ് ഭവന പദ്ധതിയിൽ വീണ്ടും നൽകി | സമിതിയുടെ പരിഗണനയിൽ |
| 2017-18 | 3-1 | 2018-19 | 1.1.6(b) | അർഹതയില്ലാത്ത ഗുണഭോക്താക്കൾക്ക് ലൈഫ് മിഷനിൽ ആനുകൂല്യം നൽകി | സമിതിയുടെ പരിഗണനയിൽ |

## 4-5 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

## 4-6 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹160869690/ |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹155287963/ |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹2035194 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹10642641 |

(ബി). ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 396238 | ശ്രീ.ബാബുരാജ്.ബി.ആർ,<br>അസി.എക്സി.എഞ്ചിനീയർ |
| 3-2 | | 917527 | ശ്രീ.ബാബുരാജ്.ബി.ആർ,<br>അസി.എക്സി.എഞ്ചിനീയർ |
| 3-3 | | 652169 | ശ്രീ.ബാബുരാജ്.ബി.ആർ, അസി.എക്സി.എഞ്ചിനീയർ<br>ശ്രീമതി.നയനാരാജ്,അസി.എഞ്ചിനീയർ,<br>സിറിയക് ടി കുര്യാക്കോസ്, സെക്രട്ടറി<br>ശ്രീമതി.നസീമ ടീച്ചർ പ്രസിഡണ്ട്<br>ശ്രീമതി.അസ്മ.കെ, മെമ്പർ<br>ശ്രീ.പി.കെ.അബ്ദുറഹിമാൻ, മെമ്പർ<br>ശ്രീ.ജോസ് പാറപ്പുറം, മെമ്പർ<br>ശ്രീമതി.ആയിഷാബി, മെമ്പർ<br>ശ്രീമതി.ചന്ദ്രിക കൃഷ്ണൻ, മെമ്പർ<br>ശ്രീ.അരുൺദേവ്, മെമ്പർ<br>ശ്രീമതി.ഫൗസിയ ബഷീർ, മെമ്പർ<br>ശ്രീ ജഷീർ പള്ളിവയൽ, മെമ്പർ<br>ശ്രീ.രാഘവൻ സി അരുണമല, മെമ്പർ<br>ശ്രീമതി.എൽസി ജോർജ്ജ്, മെമ്പർ<br>ശ്രീമതി.ഉഷാകുമാരി, മെമ്പർ |

| | | | |
|---|---|---|---|
| | | | ശ്രീമതി.ലക്ഷ്മി കേളു, മെമ്പർ<br>ശ്രീ.ഷിബു പോൾ മെമ്പർ |
| 3-4 | | 39381 | ശ്രീമതി.നയനാരാജ്,അസി.എഞ്ചിനീയർ |
| 3-5 | | 29879 | ശ്രീമതി.നയനാരാജ്,അസി.എഞ്ചിനീയർ |
| | ആകെ | 2035194 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 4,43,254 | ശ്രീ.ബാബുരാജ്.ബി.ആർ,<br>അസി.എക്സി.എഞ്ചിനീയർ |
| 1-19 | 4,89,208 | ശ്രീ.ബാബുരാജ്.ബി.ആർ,<br>അസി.എക്സി.എഞ്ചിനീയർ |
| 1-21 | 7,03,902 | ശ്രീ.ബാബുരാജ്.ബി.ആർ,<br>അസി.എക്സി.എഞ്ചിനീയർ |
| 1-25-1 | 2,42,685 | ശ്രീമതി.നയനാരാജ്,<br>അസി.എഞ്ചിനീയർ |
| 1-26 | 42,000 | ശ്രീമതി.നയനാരാജ്,<br>അസി.എഞ്ചിനീയർ |
| 1-28 | 3,89,029 | ശ്രീ.ബാബുരാജ്.ബി.ആർ,<br>അസി.എക്സി.എഞ്ചിനീയർ |
| 1-29 | 4,50,518 | ശ്രീ.ബാബുരാജ്.ബി.ആർ,<br>അസി.എക്സി.എഞ്ചിനീയർ |
| 1-30 | 14,54,358 | ശ്രീ.ബാബുരാജ്.ബി.ആർ,<br>അസി.എക്സി.എഞ്ചിനീയർ |
| 1-31 | 61,08,600 | ശ്രീ.എം.എൻ ബാബുരാജ്,<br>പട്ടികജാതിവികസനഓഫീസർ |
| 1-33 | 3,19,087 | ഡോ.ഷാഹിദ്.ടി.പി,<br>മെഡിക്കൽ ഓഫീസർ. |
| ആകെ | 1,06,42,641 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ബാബുരാജ്.ബി.ആർ,<br>അസി.എക്സി.എഞ്ചിനീയർ | | ഉത്രാടം, കാവിൽവിള, വെൺപകൽ.പി.ഒ,<br>തിരുവനന്തപുരം |
| ശ്രീമതി.നയനാരാജ്,<br>അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, കോട്ടത്തറ ഗ്രാമ പഞ്ചായത്ത് | അമ്മിയങ്കര വീട്, പുതുക്കാട്, പൂമല.പി.ഒ,<br>സുൽത്താൻ ബത്തേരി. 673592 |

| | | |
|---|---|---|
| സിറിയക് ടി കുര്യാക്കോസ് | സെക്രട്ടറി (റിട്ട.) | കക്കാട്ടു ചിറയിൽ ഹൗസ്, കുഴിമറ്റം, കോട്ടയം. 686533 |
| നസീമ ടീച്ചർ | പ്രസിഡണ്ട് | തളക്കോടൻ, കുന്നമ്പറ്റ, 673123 |
| അസ്മ.കെ | മെമ്പർ, കൽപ്പറ്റ ബ്ലോക്ക പഞ്ചായത്ത് | കുനംകരിയാട്, പടിഞ്ഞാറത്തറ, വാരാമ്പറ്റ 673573 |
| പി.കെ അബ്ദുറഹിമാൻ | മെമ്പർ, കൽപ്പറ്റ ബ്ലോക്ക പഞ്ചായത്ത് | പുഴക്കോത്ത്, പടിഞ്ഞാറത്തറ, തരിയോട് നോർത്ത്, 673575 |
| ജോസ് പാറപ്പുറം | മെമ്പർ, കൽപ്പറ്റ ബ്ലോക്ക പഞ്ചായത്ത് | പാറപ്പുറം, കോട്ടത്തറ, കരിങ്കുറ്റി, 673124 |
| ആയിഷാബി | മെമ്പർ, കൽപ്പറ്റ ബ്ലോക്ക പഞ്ചായത്ത് | ചുണ്ടിയൻ മൂച്ചി, ചേനംകൊല്ലി, മുട്ടിൽ, 673122 |
| ചന്ദ്രിക കൃഷ്ണൻ | മെമ്പർ, കൽപ്പറ്റ ബ്ലോക്ക പഞ്ചായത്ത് | പള്ളിക്കര, കൊളവയൽ, മുട്ടിൽ 673122 |
| അരുൺദേവ് | മെമ്പർ, കൽപ്പറ്റ ബ്ലോക്ക പഞ്ചായത്ത് | ചത്തോലി പറമ്പിൽ, കുന്നമ്പറ്റ, 673123 |
| ഫൗസിയ ബഷീർ | മെമ്പർ, കൽപ്പറ്റ ബ്ലോക്ക പഞ്ചായത്ത് | ചൂരക്കുന്നേൽ, ആപ്പാളം, കടൽമാട്, 673581 |
| ജഷീർ പള്ളിവയൽ | മെമ്പർ, കൽപ്പറ്റ ബ്ലോക്ക പഞ്ചായത്ത് | പള്ളിവയൽ, വടുവൻചാൽ, ചെല്ലംകോട് 673581 |
| രാഘവൻ.സി, അരുണമല | മെമ്പർ, കൽപ്പറ്റ ബ്ലോക്ക പഞ്ചായത്ത് | തളക്കോടൻ, കുന്നമ്പറ്റ, 673123 |
| എൽസി ജോർജ്ജ് | മെമ്പർ, കൽപ്പറ്റ ബ്ലോക്ക പഞ്ചായത്ത് | അറക്കൽ, വൈത്തിരി, 673576 |
| ഉഷാകുമാരി | മെമ്പർ, കൽപ്പറ്റ ബ്ലോക്ക പഞ്ചായത്ത് | അനുഗ്രഹ, ലക്കിടി 673576 |
| ലക്ഷ്മി കേളു | മെമ്പർ, കൽപ്പറ്റ ബ്ലോക്ക പഞ്ചായത്ത് | താന്നിയോട്, പടിഞ്ഞാറത്തറി, വാരാംമ്പറ്റ, 673575 |
| ഷിബു പോൾ | മെമ്പർ, കൽപ്പറ്റ ബ്ലോക്ക പഞ്ചായത്ത് | മുതക്കാട്ട് പറമ്പിൽ, ചെന്നലോട്, 673122 |

## 4-7 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന പരാമർശങ്ങളുടെ എണ്ണം |
|---|---|---|
| 1995-96,1996-97 | എൽ.എഫ്.ഡബ്ല്യു.പി4-103/99/10.03.99 | 10 |
| 1997-98 | നം.കെ.എസ്.എ.(ഡബ്ല്യു.വൈ.ഡി)ഇ3-802/2022 തീയ്യതി22.09.22 | 13 |
| 1999-00 | നം.കെ.എസ്.എ.(ഡബ്ല്യു.വൈ.ഡി)ഇ3-802(2)/2022 തീയ്യതി22.09.22 | 15 |
| 2000-01 | നം.കെ.എസ്.എ.(ഡബ്ല്യു.വൈ.ഡി)ഇ3-802(3)/2022 തീയ്യതി22.09.22 | 11 |
| 2001-02 | എൽ.എഫ്.ഡബ്ല്യു.പി2-345/05/8.2.05 | |
| 2002-03 | നം.കെ.എസ്.എ.(ഡബ്ല്യു.വൈ.ഡി)ഇ3-802(4)/2022 തീയ്യതി22.09.22 | 2 |
| 2003-04, 2004-05, 2005-06 | ഓഡിറ്റ് നടന്നിട്ടില്ല. | |
| 2006-07 | നം.കെ.എസ്.എ.(ഡബ്ല്യു.വൈ.ഡി)ഇ3-802(5)/2022 തീയ്യതി22.09.22 | 1 |
| 2007-08 2008-09 | നം.കെ.എസ്.എ.(ഡബ്ല്യു.വൈ.ഡി)ഇ3-802(6)/2022 തീയ്യതി22.09.22 | 22 |
| 2009-10 | നം.കെ.എസ്.എ.(ഡബ്ല്യു.വൈ.ഡി)ഇ3-802(7)/2022 തീയ്യതി22.09.22 | 6 |
| 2010-11 2011-12 | നം.കെ.എസ്.എ.(ഡബ്ല്യു.വൈ.ഡി)ഇ3-802(8)/2022 തീയ്യതി22.09.22 | 12 |

| | | |
|---|---|---|
| 2012-13<br>2013-14 | നം.കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി)ഇ3-802(9)/2022<br>തീയ്യതി22.09.22 | 23 |
| 2014-15 | കെ എസ് എ(ഡബ്ല്യൂ വൈ ഡി)എം2/708<br>/2016/31.5.17 | 13 |
| 2015-16 | കെ എസ് എ(ഡബ്ല്യൂ വൈഡി)എം2/163/2017 | 15 |
| 2016-17 | കെ എസ് എ(ഡബ്ല്യൂ വൈ ഡി)എം2/776/17/3.4.18 | 23 |
| 2017-18 | കെ എസ് എ(ഡബ്ല്യൂ വൈ ഡി)എം2/981<br>/2018/26.06.2020 | 14 |
| 2018-19 | കെ എസ് എ(ഡബ്ല്യൂ വൈ ഡി)എം2/101/2020<br>19.11.2020 | 15 |
| 2019-20 | കെ എസ് എ(ഡബ്ല്യൂ വൈ ഡി)ഇ3/100/2022<br>12.04.2022 | 37 |
| 2020-21 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി-<br>ഇ3-430/2022തീയ്യതി: 23/06/2022 | 43 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ വയനാട് ജില്ലയിലെ കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

വയനാട് ജില്ലയിലെ കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

3

# Abstract of Annual Financial Statment

## Kalpetta Block Panchayat
## BALANCE SHEET

For the period from 01-April-2021 to 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 70190357.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 98384371.00 |
| | **Total Reserve & Surplus** | | **168574728.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 33001260.00 |
| | **Total Grants, Contributions for Specific Purposes** | | **33001260.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 0.0 |
| | **Total Loans** | | **0.0** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 55843.00 |
| 350000000 | Other Liabilities | B-9 | 0.0 |
| | **Total Current Liabilities and Provisions** | | **55843.00** |
| | **TOTAL LIABILITIES** | | **201631831.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 151223254.00 |
| 411000000 | Accumulated Depreciation | B-11 | -7824986.00 |
| 412000000 | Capital Work in Progress | B-11(a) | 1923580.00 |
| | **Total Fixed Assets** | | **145321848.00** |
| | **Investments** | | |
| | **Current Assets, Loans and Advances** | | |
| 431000000 | Sundry Debtors (Receivables) | B-15 | 11339319.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 41524818.00 |
| 460000000 | Loans, Advances and Deposits | B-18 | 3445846.00 |
| | **Total Current Assets, Loans and Advances** | | **56309983.00** |
| | **Other Assets** | | |



Digitally signed by Syriac
Date: 2022.05.12 16:37:3
Reason: Approval
Location: Kerala

| | | |
|---|---|---|
| | **Miscellaneous Expenditure (To the Extent not written off)** | |
| | **TOTAL ASSETS** | **201631831.00** |

| Kalpetta Block Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 140000000 | Fee & User Charges | I-4(b) | 8537.00 |
| 150000000 | Sale & Hire Charges | I-5(b) | 41538.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 139392903.00 |
| 171000000 | Interest Earned | I-8 | 844081.00 |
| 180000000 | Other Income | I-9 | 227000.00 |
| | **Total Income** | | **140514059.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 2433334.00 |
| 220000000 | Administrative Expenses | I-11(b) | 945434.00 |
| 230000000 | Operations & Maintenance | I-12(b) | 3478863.00 |
| 240000000 | Interest & Finance Charges | I-13 | 662.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 12655121.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 73476613.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 44249475.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 100000.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 150000.00 |
| 255000000 | Maintenance Projects | I-14(e) | 1358180.00 |
| 272000000 | Depreciation | I-17(a) | 3897077.00 |
| | **Total Expenditure** | | **142744759.00** |
| | **Gross Surplus/ Deficit of income over Expenditure** | | **-2230700.00** |
| | **Gross Surplus/ Deficit of income over Expenditure** | | **-2230700.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## Kalpetta Block Panchayat
## RECEIPT & PAYMENT STATEMENT

For the period from 01-April-2021 to 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 35943091.00 |
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 140000000 | Fees & User Charges | RP-4 | 8537.00 |
| 150000000 | Sale & Hire Charges | RP-5 | 35075.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 112747469.00 |
| 171000000 | Interest Earned | RP-9 | 844081.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 41788153.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 227000.00 |
| 340000000 | Deposits Received | RP-34 | 1500.00 |
| 350000000 | Other Liabilities | RP-36 | 16748.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4262091.00 |
| 460000000 | Loans, Advances and Deposits | RP-47 | 939036.00 |
| | **Grand total** | | **196812781.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 2401624.00 |
| 220000000 | Administrative Expenses | RP-12 | 847781.00 |
| 230000000 | Operations & Maintenance | RP-13 | 1388055.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 11545049.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 63539761.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 35948167.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 100000.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 150000.00 |
| 255000000 | Maintenance Projects | RP-20 | 1358180.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 259905.00 |
| 350000000 | Other Liabilities | RP-36 | 10963631.00 |



Digitally signed by Syriac
Date: 2022.05.12 16:38:0
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 662.00 |
| 340000000 | Deposits Received | RP-34 | 45000.00 |
| 350000000 | Other Liabilities | RP-36 | 1239082.00 |
| 410000000 | Fixed Assets | RP-38 | 7937828.00 |
| 412000000 | Capital work in Progress | RP-40 | 2060432.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 11261980.00 |
| 460000000 | Loans, Advances and Deposits | RP-47 | 4240826.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 41524818.00 |
| Cash | Cash | RP-40(b) | 0.0 |
| | **Grand Total** | | **196812781.00** |



SENIOR DEPUTY DIRECTOR
DISTRICT AUDIT OFFICE WAYANAD
KERALA STATE AUDIT DEPARTMENT